# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കിളിമാനൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ റ്റി വി എം / ജി പി- 11/1767/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 24/12/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കിളിമാനൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കിളിമാനൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കിളിമാനൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ റ്റി വി എം / ജി പി- 11/1767/23 തീയ്യതി: 24/12/2023

## തിരുവനന്തപുരം ജില്ലയിലെ കിളിമാനൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കിളിമാനൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 54 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 09-11-2023 | 18-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-11-2023 | 18-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി ലിഷ .കെ.വി, ഓഡിറ്റ് ഓഫീസർ

ശ്രീമതി ശാലിനി .വി.കെ, അസി. ഓഡിറ്റ് ഓഫീസർ

ശ്രീമതി സ്വപ്ന .എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

കുമാരി ദേവിക .പി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. റ്റി.ആർ. മനോജ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. ഷാജി .എൻ | സെക്രട്ടറി | 01-04-2022 | 02-05-2022 |

| | | | |
|---|---|---|---|
| ശ്രീമതി അശ്വതി .ഡി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-05-2022 | 01-06-2022 |
| ശ്രീ. ഷാജി .എൻ | സെക്രട്ടറി | 02-06-2022 | 29-11-2022 |
| ശ്രീ. നജീം .എൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 29-11-2022 | 11-01-2023 |
| ശ്രീ. അജയകുമാർ .എം | സെക്രട്ടറി | 11-01-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അലക്സാണ്ടർ ബേബി | എച്ച്.എം. - ജി.എൽ.പി.എസ്, കിളിമാനൂർ | 01-04-2022 | 31-05-2022 |
| ശ്രീമതി സുൽഫത്ത് ബീവി | എച്ച്.എം. - ജി.എൽ.പി.എസ്, കിളിമാനൂർ | 01-06-2022 | 31-03-2023 |
| ശ്രീ. സനൽകുമാർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി നസീമ ബീവി .എം | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.അലക്സി .ആർ.യു | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ. അനുപമ .എസ് | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. | 01-04-2022 | 31-03-2023 |
| ഡോ. ഉഷ .കെ.കെ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 10-06-2022 |
| ഡോ. ഷീന .എ.ബി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 10-06-2022 | 24-07-2022 |
| ഡോ. ജൂബി .ജി.എസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 24-07-2022 | 31-03-2023 |
| ഡോ. മാലിനി .ആർ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 31-03-2023 |
| ശ്രീ. മനോജ് ശങ്കർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (സർക്കിൾ - I) | 01-04-2022 | 31-03-2023 |
| ശ്രീമതി വിസ്മയ.വൈ.എൽ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (സർക്കിൾ - II) | 01-04-2022 | 07-03-2023 |
| ശ്രീ. അനുശ്രീ .എ.ഡി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (സർക്കിൾ - II) | 08-03-2023 | 31-03-2023 |
| ശ്രീമതി ഷീലാ കുമാരി അമ്മ .ബി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി സ്മിത.ബി.എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക അനുപാതങ്ങൾ, അക്കൗണ്ട്സിന്മേലുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യ പത്രികയ്ക്കൊപ്പം സമർപ്പിച്ചിട്ടില്ല | 1-1-1 |
| 3 | തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയില്ല | 1-1-2 |
| 4 | സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | വർഷാന്ത്യത്തിൽ സ്റ്റോക്ക് മൂല്യനിർണയം നടത്തുന്നില്ല | 1-1-4 |
| 6 | ചെലവഴിക്കാനവശേഷിക്കുന്ന ഗ്രാന്റ് തുകകൾ അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ടിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 1-1-6 |
| 8 | 2022-23 വർഷം ആരംഭിച്ച വിവിധ അക്കൗണ്ടുകളുടെ വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-7 |
| 9 | പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല. | 1-1-8 |
| 10 | കുടിശ്ശികയായി ലഭിക്കാനുള്ള തുക പൂർണമായും ഡിമാന്റ് ചെയ്തില്ല | 1-1-9 |
| 11 | പെനാൽറ്റീസ് ആൻഡ് ഫൈൻ ഇനത്തിൽ Source Deduction ആയ തുകകൾ തനത്ഫണ്ടിൽ നിക്ഷേപിച്ചില്ല | 1-1-10 |
| 12 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ്ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-11 |
| 13 | ഡിസിബി സ്റ്റേറ്റ്മെന്റ് അക്കൌണ്ട്സുമായി പൊരുത്തപ്പെടുന്നില്ല | 1-1-12 |
| 14 | വരവിനേക്കാൾ കൂടുതൽചെലവ് ബുക്ക് ചെയ്തിരിക്കുന്നു - സ്ഥാപനത്തിന്റെ നീക്കിയിരിപ്പ് നെഗറ്റീവ് | 1-1-13 |
| 15 | തൻവർഷം സൃഷ്ടിച്ച ആസ്തി - വാർഷിക ധനകാര്യ പത്രിക, ഡിപ്രിസിയേഷൻ പത്രിക എന്നിവ പൊരുത്തപ്പെടുന്നില്ല | 1-1-14 |
| 16 | കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ബാങ്ക് അക്കൗണ്ട് തുകയുമായി പൊരുത്തപ്പെടുന്നില്ല | 1-1-15 |
| 17 | സംയുക്ത പ്രോജക്ടിനായുള്ള ജില്ലാ പഞ്ചായത്ത് വിഹിതം വരവ് തെറ്റായി അക്കൗണ്ട് ചെയ്തു. | 1-1-16 |
| 18 | ആസ്തി സൃഷ്ടിക്കുന്നതിനായി നൽകിയ പാർട്ട് ബില്ലിലെ തുകയും Capital Work In Progress ആയി ഉൾപ്പെടുത്തിയ തുകയും പൊരുത്തപ്പെടുന്നില്ല | 1-1-17 |
| 19 | അക്കൗണ്ട്സ് പരിശോധനയിൽ കണ്ടെത്തിയ മറ്റ് നിരീക്ഷണങ്ങൾ | 1-1-18 |
| 20 | ബജറ്റ് | 1-2 |
| 21 | ബജറ്റ് - അപാകങ്ങൾ | 1-2-1 |
| 22 | സാമ്പത്തിക വിശകലനം | 1-3 |
| 23 | ഗ്രാന്റ് വിനിയോഗം | 1-4 |
| 24 | ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ | 1-4-1 |
| 25 | പദ്ധതി അവലോകനം | 1-5 |
| 26 | ക്ഷേമ പദ്ധതികളുടെ വിശദാംശം | 1-6 |
| 27 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 28 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 29 | തൊഴിലുറപ്പ് പദ്ധതി | 1-9 |
| 30 | തൊഴിലുറപ്പ് പദ്ധതി -അപാകതകൾ | 1-9-1 |

| | | |
|---|---|---|
| 31 | മസ്റ്റർ റോൾ പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള അറ്റൻഡൻസും തൊഴിലാളികളുടെ വേജ് ലിസ്റ്റ് പ്രകാരമുള്ള അറ്റൻഡൻസും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-9-2 |
| 32 | അനധികൃതമായി കൈപ്പറ്റിയ തൊഴിലുറപ്പ് വേതനം-തുടർനടപടി വിവരം ലഭ്യമാക്കിയില്ല | 1-9-3 |
| 33 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 34 | ക്യാൻസൽ ചെയ്ത രസീതിന്റെ പകർപ്പ് സൂക്ഷിച്ചിട്ടില്ല | 1-11 |
| 35 | വസ്തു നികുതി- അപാകതകൾ | 1-12 |
| 36 | വസ്തു നികുതി ഇളവ് ചെയ്തിട്ടില്ലാത്ത കെട്ടിടങ്ങളിൽ നിന്ന് നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല | 1-12-1 |
| 37 | പ്ലാനിലേയും സഞ്ചയയിലേയും അളവുകൾ വ്യത്യസ്തം | 1-12-2 |
| 38 | പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിച്ച കെട്ടിടത്തിന് വ്യത്യസ്ത ഉപയോഗക്രമം | 1-12-3 |
| 39 | വസ്തു നികുതി നിർണ്ണയം- ഫോറം 6 ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല | 1-12-4 |
| 40 | സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വസ്തുനികുതി ഇളവ് നൽകി | 1-12-5 |
| 41 | പോസ്റ്റ് ഒക്യൂപെൻസി- ഓഡിറ്റ് - നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-12-6 |
| 42 | നിയമാനുസൃതമല്ലാതെ നിർമിക്കപ്പെട്ട കെട്ടിടങ്ങളുടെ വസ്തു നികുതി സംബന്ധിച്ച അപാകങ്ങൾ | 1-12-7 |
| 43 | അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കുന്നതിൽ കുടിശ്ശിക | 1-12-8 |
| 44 | വസ്തു നികുതി - സഞ്ചയയിലെ രേഖപ്പെടുത്തലുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-12-9 |
| 45 | ഫാക്ടറികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും മറ്റ് സംരംഭകപ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ | 1-13 |
| 46 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-13-1 |
| 47 | മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണോ ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളതെന്ന് ഉറപ്പാക്കാനായിട്ടില്ല | 1-13-2 |
| 48 | ലൈസൻസില്ലാതെ സ്വകാര്യ ലൈവ് സ്റ്റോക്ക് ഫാം പ്രവർത്തിക്കുന്നു | 1-13-3 |
| 49 | ട്രേഡേഴ്സ് ലിസ്റ്റ് കാലികമല്ല | 1-13-4 |
| 50 | സഞ്ചയ പ്രകാരം വാണിജ്യാവശ്യത്തിന് നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങളുടെ എണ്ണവും ലൈസൻസ് എടുത്തിട്ടുള്ള കെട്ടിടങ്ങളുടെ എണ്ണവും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-13-5 |
| 51 | തടികളുടെ ലേലം -തുടർനടപടികൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്. | 1-14 |
| 52 | പാഴ് വസ്തുക്കളുടെ ലേലം- തുടർനടപടികൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്. | 1-14-1 |
| 53 | തൊഴിൽനികുതി-അപാകങ്ങൾ | 1-15 |
| 54 | തൊഴിൽനികുതി സമ്പൂർണ്ണഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. | 1-15-1 |
| 55 | റേഷൻ കടകളിൽ നിന്ന് തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല | 1-15-2 |
| 56 | ജീവനക്കാരനിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല | 1-15-3 |
| 57 | സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-15-4 |
| 58 | തൊഴിൽനികുതി രജിസ്റ്റർ പ്രകാരം കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. | 1-15-5 |
| 59 | പട്ടികളുടേയും പന്നികളുടേയും ലൈസൻസ്- അപാകതകൾ | 1-16 |
| 60 | ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ ചലഞ്ച് -സാധ്യതകൾ ആരായാവുന്നതാണ്. | 1-17 |
| 61 | നികുതി-നികുതിയേതര വരവുകൾ അവലോകനം | 1-18 |
| 62 | ഇ-ടെണ്ടർ ഫീസ് തുക ഗ്രാമ പഞ്ചായത്തിൽ ഒടുക്കുവരുത്താൻ നടപടി സ്വീകരിക്കേണ്ടതാണ് | 1-19 |
| 63 | സ്ത്രീ പദവി പഠനം- പെൺ അടയാളങ്ങൾ– തുടർ വിവരങ്ങൾ റിപ്പോർട്ട് ചെയ്യേണ്ടതാണ് | 1-20 |
| 64 | മുളയ്ക്കലത്തുകാവ് എഫ്.എച്ച്.സി കോമ്പൌണ്ടിലെ മരങ്ങൾ അനുമതിയില്ലാതെ മുറിച്ച് മാറ്റി-തുടർനടപടി വിവരം ലഭ്യമാക്കിയിട്ടില്ല | 1-21 |
| 65 | അതിദാരിദ്ര്യം മൈക്രോ പ്ലാൻ അനുബന്ധ പ്രവർത്തനങ്ങൾ– ഗുണഭോക്തൃലിസ്റ്റ് പരിശോധനക്ക് ലഭ്യമാക്കിയില്ല | 1-22 |

| | | |
|---|---|---|
| 66 | എഫ് എച്ച് സി ക്ക് കമ്പ്യൂട്ടർ വാങ്ങൽ– 6600/- രൂപയുടെ ചെലവു രേഖകൾ ലഭ്യമാക്കിയില്ല | 1-23 |
| 67 | പാലിന് സബ്സിഡി-തുക തിരിച്ചടവാക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല | 1-24 |
| 68 | പുളിമൂട് ഗവ.മൃഗാശുപത്രിയുടെ വൈദ്യുത ബിൽ കുടിശ്ശിക- അടവാക്കിയതിന്റെ രേഖകൾ ലഭ്യമല്ല | 1-25 |
| 69 | പൊതുടാപ്പുകൾ– തുടർനടപടി വിവരം ലഭ്യമാക്കിയിട്ടില്ല | 1-26 |
| 70 | പദ്ധതിപ്പണം വിനിയോഗിച്ച് സ്വകാര്യവ്യക്തിയുടെ പുരയിടത്തിൽ വാട്ടർ ടാങ്ക് | 1-27 |
| 71 | സ്വകാര്യ വ്യക്തിയുടെ മതിൽപൊളിച്ച് റോഡ് നിർമ്മിച്ചു-കോടതിവിധി പ്രകാരം തുക തനത്ഫണ്ടിൽ നിന്ന് ഒടുക്കി | 1-28 |
| 72 | തെരുവുവിളക്ക്, വെള്ളക്കരം കുടിശ്ശിക അടവാക്കിയതിന്റെ രേഖകൾ ലഭ്യമല്ല | 1-29 |
| 73 | കുടിവെള്ള പദ്ധതികൾ പ്രവർത്തനക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമല്ല | 1-30 |
| 74 | സകർമ്മ മിനിട്സ് സമയബന്ധിതമായി അംഗീകാരത്തിനായി അയക്കുന്നില്ല | 1-31 |
| 75 | ഹൈമാസ്റ്റ് ലൈറ്റ് റിപ്പയർ -സർക്കാർ നിർദ്ദേശം പാലിച്ചില്ല | 1-32 |
| 76 | ലൈഫ് ഭവന നിർമ്മാണം- അപാകങ്ങൾ. | 1-33 |
| 77 | വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വാങ്ങി നൽകൽ–പദ്ധതി നടത്തിപ്പിലെ അപാകതകൾ A) | 1-34 |
| 78 | കേദാരം സമഗ്ര നെൽകൃഷി വികസനം - നടത്തിപ്പിലെ അപാകങ്ങൾ | 1-35 |
| 79 | ആശ്രയ പദ്ധതി നടപ്പാക്കിയില്ല | 1-36 |
| 80 | ആസ്തി സംരക്ഷണവും പരിപാലനവും - വിശദാംശം ലഭ്യമല്ല | 1-37 |
| 81 | കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ - കേരള വാട്ടർ അതോറിറ്റി പ്രവൃത്തി നടപ്പാക്കിയില്ല | 1-38 |
| 82 | എം സി എഫുകളുടെ പ്രവർത്തനം - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്. | 1-39 |
| 83 | പാലിന് സബ്സിഡി- രേഖകളുടെ അഭാവത്തിൽ ചെലവു തുക 592364 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 1-40 |
| 84 | ദുരന്ത നിവാരണ പ്രവർത്തനങ്ങൾ - മാർഗ്ഗരേഖ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ശ്രദ്ധപുലർത്തേണ്ടതാണ്. | 1-41 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 29.07.2023ലെ 3/1ാം നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം 29.07.2023 ന് സമർപ്പിക്കപ്പെട്ടിട്ടുള്ള കിളിമാനൂർ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31/03/2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കിളിമാനൂർ ഗ്രാമ പഞ്ചായത്തിന്റെ 2022-2023 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 വാർഷിക അനുപാതങ്ങൾ, അക്കൗണ്ട്സിന്മേലുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യ പത്രികയ്ക്കൊപ്പം സമർപ്പിച്ചിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ , ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, വാർഷിക അനുപാതങ്ങൾ എന്നിവ ILGMSൽ ഉൾപ്പെടുത്താനാകാത്തതിനാലാണ് ആയവ ഉൾപ്പെടുത്താത്തതെന്നും വരും വർഷങ്ങളിൽ ഇത്തരം അപാകങ്ങൾ പരിഹരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് 32/16.11.2023 ന്റെ മറുപടി).

### 1-1-2 തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയില്ല

തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ കണക്കുകൾ ഉൾപ്പെടുത്തിയ പത്രിക ബി-1 ഷെഡ്യൂളിനൊപ്പം സമർപ്പിച്ചിട്ടില്ല. സോഫ്റ്റ് വെയറിൽ ലഭ്യമല്ലാത്തതിനാലാണ് സമർപ്പിക്കാത്തതെന്ന് അറിയിച്ചു (ഓഡിറ്റ് അന്വേഷണക്കുറിപ്പ് 32/16.11.2023 ന്റെ മറുപടി).

### 1-1-3 സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ ഓരോ ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ വസ്തു നികുതി, തൊഴിൽ നികുതി എന്നിവ പ്രതിമാസം ഡിമാന്റ് ചെയ്തിട്ടില്ല. 2022-23

വർഷാവസാനം മാത്രമാണ് എൻടി രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ വൗച്ചർ നമ്പർ / തീയതി |
|---|---|---|
| 110100101 | Property Tax On Residential Buildings | 42201190/31.03.2023 |
| 110100102 | Property Tax On Non Residential | 42201191/31.03.2023 |

പ്രതിമാസ ഡിമാന്റ് കണ്ടുപിടിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുള്ളതിനാൽ വാർഷിക ഡിമാന്റുകളാണ് നൽകി വരുന്നതെന്നും അപാകത പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് 32/16.11.2023 ന്റെ മറുപടി). ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-4 വർഷാന്ത്യത്തിൽ സ്റ്റോക്ക് മൂല്യനിർണയം നടത്തുന്നില്ല

2022-23 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടില്ല. വാർഷിക ധനകാര്യ പത്രികയിലെ B-14 Stock In Hand (Inventories) ഷെഡ്യൂളിൽ തുക ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ തൻ വർഷം വിവിധ പദ്ധതികളിലായി വാങ്ങലുകൾ ഉണ്ട്. സ്റ്റോക്ക് മൂല്യാധിഷ്ഠിതമായി സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുന്നതിന് നിലവിൽ സംവിധാനമില്ല എന്ന് അറിയിച്ചു. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് 32/16.11.2023 ന്റെ മറുപടി).

## 1-1-5 ചെലവഴിക്കാനവശേഷിക്കുന്ന ഗ്രാന്റ് തുകകൾ അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ടിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റായ MGNREGSന്റെ 31/3/23 ലെ B-17 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുള്ള അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും B-4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ.

| ക്രമ നമ്പർ | ശീർഷകം | ഇനം | ബി -4 പ്രകാരം | ബി-17/ബാങ്ക്റിക്കൺസിലിയേഷൻ എന്നിവ പ്രകാരം |
|---|---|---|---|---|
| 1. | 320100128 | MGNREGS | 1323162 | 2317 |

വ്യത്യാസം വന്ന 1320845/- രൂപ തെറ്റായി 312100128 എന്ന ഹെഡിൽ പോസ്റ്റ് ചെയ്തതാണെന്നും 2023-24 വർഷം പ്രസ്തുത തുക ജേണൽ എൻടി മുഖേന ശരിയായ ഹെഡിലേക്ക് മാറ്റിയതായും അറിയിച്ചു. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് 32/16.11.2023 ന്റെ മറുപടി).

## 1-1-6 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്കൊന്നിനും (ഉദാഹരണമായി 2023 മാർച്ചിലെ ശമ്പളം, ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ്) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. ഇത്തരത്തിൽ പ്രൊവിഷൻ രേഖപ്പെടുത്താത്തതിന്റെ കാരണം ആവശ്യപ്പെട്ടതിന് ജനപ്രതിനിധികളുടെ ഓണറേറിയം പ്രൊവിഷനായി രേഖപ്പെടുത്തുവാൻ ഐ എൽ ജി എം എസിൽ ഹെഡ് ലഭ്യമല്ല എന്നറിയിച്ചു. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് 32/16.11.2023 ന്റെ മറുപടി).

## 1-1-7 2022-23 വർഷം ആരംഭിച്ച വിവിധ അക്കൗണ്ടുകളുടെ വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യ പത്രികയിലെ RP40(b)ൽ ചുവടെ ചേർത്തിരിക്കുന്ന അക്കൗണ്ടുകളുടെ വിവരങ്ങൾ ഉൾപ്പെട്ടിട്ടില്ല. ആയതിന്റെ കാരണം ലഭ്യമാക്കേണ്ടതാണ്. വിശദാംശം ചുവടെ,

1) കാനറ ബാങ്ക് A/c No. 3475101010687

2)കാനറ ബാങ്ക് A/c No. 110101130397

മേൽ അക്കൌണ്ടുകളിൽ ഇടപാടുകൾ ഇല്ലാതിരുന്നതിനാലാണ് വാർഷിക ധനകാര്യ പത്രികയിൽ

ഉൾപ്പെടുത്താതിരുന്നതെന്നും വരും വർഷം ഉൾപ്പെടുത്തുന്നതാണെന്നും അറിയിച്ചു. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് 32/16.11.2023 ന്റെ മറുപടി).

## 1-1-8 പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

Kerala Bank (20041201200020) അക്കൗണ്ടിന്റെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് (മാർച്ച് 2023) പരിശോധിച്ചതിൽ ചെക്കിന്റെ കാലാവധിക്കുള്ളിൽ (നല്കി 3 മാസത്തിനുള്ളിൽ), പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ലായെന്ന് കാണുന്നു.

| ക്രമ നമ്പർ | ചെക്ക് നമ്പർ/ തീയതി | തുക |
|---|---|---|
| 1 | 753118/22-02-2022 | 440 |
| 2 | 753088/28-01-2022 | 171 |
| 3 | 753103/07-02-2022 | 500 |
| 4 | 753043/25-11-2021 | 3,000 |
| 5 | 912508 /26-10-2022 | 600 |
| 6 | 913599/16-03-2023 | 3,693 |
| | ആകെ | 8404 |

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 46 പ്രകാരം ചെക്കുകൾ അവയുടെ കാലാവധിക്കുള്ളിൽ മാറാതിരിക്കുകയും കാലാവധി ദീർഘിപ്പിച്ച് നല്കാതിരിക്കുകയും ചെയ്യുകയാണെങ്കിൽ പ്രസ്തുത ചെക്കുകളുടെ തുകകൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിലേക്ക് ബാധ്യതയായി മാറ്റേണ്ടതും ബാങ്ക് ബുക്കിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്. എന്നാൽ മേൽ ചെക്കുകളുടെ കാലാവധി കഴിഞ്ഞിട്ടും ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. കാലാവധി കഴിഞ്ഞ ചെക്കുകൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനത്തിനു വിധേയമായി ബന്ധപ്പെട്ട അക്കൌണ്ടിൽ മുതൽക്കൂട്ടുന്നതാണെന്നറിയിച്ചു. റീകൺസിലേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ച് അക്കൗണ്ടിൽ മാറാതെ നിൽക്കുന്ന ചെക്കുകൾ Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റുകയും നിയമാനുസൃത കാലാവധി കഴിഞ്ഞ ചെക്കുകളുടെ തുക വരുമാന ശീർഷകത്തിൽ ഉൾപ്പെടുത്തി തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് 32/16.11.2023 ന്റെ മറുപടി).

## 1-1-9 കുടിശ്ശികയായി ലഭിക്കാനുള്ള തുക പൂർണമായും ഡിമാന്റ് ചെയ്തില്ല

2021-22 സാമ്പത്തിക വർഷം ബാലൻസ്ഷീറ്റ് ഷെഡ്യൂൾ (B-15) Receivables For License Fees For Dangerous And Offensive Trades(Arrears) ഹെഡിൽ(431300102) 3200/- രൂപയാണ് കാണിച്ചിരിക്കുന്നത്. എന്നാൽ 2022-23 സാമ്പത്തിക വർഷം റസീപ്റ്റ് & പേയ്മെന്റ് ഷെഡ്യൂൾ RP45 പ്രകാരം Receivables For License Fee For Factories,Traders,Entrepreneurs, And Other Services (Arrears) എന്ന ഹെഡിൽ (431300102) 8000 - രൂപയാണ് വരവ്. ഇത്തരത്തിൽ ഡിമാന്റ് ,കളക്ഷൻ എന്നിവ തമ്മിലുണ്ടായ വ്യത്യാസം മുൻ വർഷങ്ങളിൽ ലൈസൻസ് പുതുക്കാത്ത സ്ഥാപനങ്ങൾ 2022-23 സാമ്പത്തിക വർഷം ലൈസൻസ് പുതുക്കിയപ്പോൾ അരിയർ തുക ഈടാക്കിയതിനാലാണ് എന്നറിയിച്ചു. ഓഡിറ്റ് അന്വേഷണം നമ്പർ 29/2022-23 15.11.2023 നുള്ള മറുപടി.

## 1-1-10 പെനാൽറ്റീസ് ആൻഡ് ഫൈൻ ഇനത്തിൽ Source Deduction ആയ തുകകൾ തനത്ഫണ്ടിൽ നിക്ഷേപിച്ചില്ല

വാർഷിക ധനകാര്യപത്രികയിലെ Income &Expenditure ഷെഡ്യൂൾ (I-4)പ്രകാരം Penalties And Fines-other Penalties വരവ് തുക 54,412 - രൂപയാണ്. എന്നാൽ Receipts And Payments ഷെഡ്യൂൾ (RP-4) പ്രകാരം Penalties And Fines-other Penalties 32,344 - രൂപയാണുള്ളത് . 22068/- രൂപയുടെ വരവ് പോസ്റ്റ് ചെയ്ത ഹെഡ്ഡിന്റെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 29/2022-23 15.11.2023 നുള്ള മറുപടിയായി പ്രോജക്ടുകളിൽ നിന്ന് പെനാൽറ്റീസ് ആൻഡ് ഫൈൻ ഇനത്തിൽ Source Deduction ആയ തുകകളാണ് (14026, 702,137,22,7181) വ്യത്യാസമായി വരുന്നതെന്നും ധനകാര്യകമ്മീഷൻ അക്കൌണ്ടിലാണ് തുകകൾ ഉൾപ്പെട്ടിട്ടുള്ളതെന്നും പ്രസ്തുത തുകകൾ തനത് ഫണ്ടിലേക്ക് റീക്ലപ്പ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായും അറിയിച്ചു. 22068/- രൂപ തനത് ഫണ്ടിലേക്ക് റീ ക്ലപ്പ് ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-1-11 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ്ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപെടുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ "Net Increase In Cash And Cash Equivalents" പ്രകാരമുള്ള (-1455365) തുകയും "Net Cash Generated By Operating + Investing + Financing Activities (A+B+C)" പ്രകാരമുള്ള 9070249/- തുകയും പൊരുത്തപ്പെടുന്നില്ല. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് സിസ്റ്റം ജനറേറ്റഡ് ആണെന്നും ILGMS – ലെ സാങ്കേതിക അപാകങ്ങളാണ് ഇത്തരത്തിൽ വ്യത്യാസം വരാൻ കാരണമെന്നും വിശദീകരിച്ചിട്ടുണ്ട്. ( ഓഡിറ്റ് അന്വേഷണക്കുറിപ്പ് 29/2022-23 15.11.2023ന്റെ മറുപടി).

## 1-1-12 ഡിസിബി സ്റ്റേറ്റ്മെന്റ് അക്കൌണ്ട്സുമായി പൊരുത്തപ്പെടുന്നില്ല

സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ ഡിമാന്റ്-കളക്ഷൻ-ബാലൻസ് റിപ്പോർട്ടും ധനകാര്യ പത്രിക പ്രകാരമുള്ള ഡിമാന്റ്-കളക്ഷൻ-ബാലൻസും തമ്മിൽ പൊരുത്തപ്പെടുന്നില്ല . വിശദാംശം ചുവടെ ചേർക്കുന്നു.

| | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|---|
| | എ.എഫ്.എസ് പ്രകാരം | സഞ്ചയയിൽ നിന്നും ലഭ്യമായ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം | എ.എഫ്.എസ് പ്രകാരം | സഞ്ചയയിൽ നിന്നും ലഭ്യമായ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം | എ.എഫ്.എസ് പ്രകാരം | സഞ്ചയയിൽ നിന്നും ലഭ്യമായ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം |
| Residential Building (Current) | 1609318 | 1609318 | 1855976 | 1555483 | 56330 | 53529 |
| Non-Residential Building (Current) | 1470415 | 1470415 | 1410181 | 1409193 | 40128 | 38202 |
| Residential Building (Arrear) | 431756 | 392365 | 348436 | 348527 | 65428 | 44803 |
| Non-Residential Building (Arrear) | 219716 | 193353 | 137093 | 137079 | 75669 | 59144 |

അഡ്വാൻസായി കളക്ട് ചെയ്യുന്ന തുകകൾ കാരണമാണ് വ്യത്യാസം വരുന്നതെന്ന മറുപടി അംഗീകരിക്കുന്നില്ല. (ഓഡിറ്റ് അന്വേഷണം നമ്പർ 29/2022-23 15.11.2023 നുള്ള മറുപടി). അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-1-13 വരവിനേക്കാൾ കൂടുതൽചെലവ് ബുക്ക് ചെയ്തിരിക്കുന്നു – സ്ഥാപനത്തിന്റെ നീക്കിയിരിപ്പ് നെഗറ്റീവ്

വാർഷിക ധനകാര്യപത്രികയിലെ Income &Expenditure ഷെഡ്യൂൾ പ്രകാരം വരവ് തുക 146,945,015/- രൂപയും, ചെലവ് തുക 148,329,176/- രൂപയുമാണ്. വരവിനേക്കാൾ ചെലവ് കൂടിയിരിക്കുന്നു. Deficit Of Income Over Expenditure -1,384,161/-. ഇത്തരത്തിൽ ഡെഫിസിറ്റ് അക്കൗണ്ടാകാനുള്ള കാരണം ഡിപ്രിസിയേഷനായി വരുന്ന തുക യഥാർത്ഥ ചെലവായി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടാത്തതാണ് എന്നറിയിച്ചു. ഓഡിറ്റ് അന്വേഷണം നമ്പർ 29/2022-23 15.11.2023 നുള്ള മറുപടി.

## 1-1-14 തൻവർഷം സൃഷ്ടിച്ച ആസ്തി – വാർഷിക ധനകാര്യ പത്രിക, ഡിപ്രിസിയേഷൻ പത്രിക എന്നിവ പൊരുത്തപ്പെടുന്നില്ല

2022-23 സാമ്പത്തിക വർഷത്തിലെ ഡിപ്രിസിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം തൻവർഷം സൃഷ്ടിച്ച ആസ്തിയുടെ മൂല്യം 8743637/- രൂപയാണ്. എന്നാൽ തൻവർഷ വാർഷിക ധനകാര്യ പത്രികയിലെ B-3 ഷെഡ്യൂൾ പ്രകാരം പ്രസ്തുത തുക 8393796/- രൂപയാണ്. ഇത്തരത്തിൽ തൻ വർഷം സൃഷ്ടിയുടെ മൂല്യത്തിൽ വ്യത്യാസം വരാനുണ്ടായ സാഹചര്യം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

### 1-1-15 കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ബാങ്ക് അക്കൗണ്ട് തുകയുമായി പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റ് ബി - 4 ഷെഡ്യൂൾ പ്രകാരം CFC Basic Tax Grant – ന്റെ നീക്കിയിരിപ്പ് 531262/- രൂപയും CFC Tied Fund – ന്റെ നീക്കിയിരിപ്പ് 2900883/- രൂപയുമാണ് ( ആകെ - 3432145/- രൂപ). CFC ഗ്രാന്റിനായുള്ള ഫെഡറൽ ബാങ്ക് അക്കൗണ്ടിലെ (11230100371319) നീക്കിയിരിപ്പ് 3536075/- രൂപയാണ്. ഇ-ഗ്രാം സ്വരാജ് അക്കൌണ്ട് മുഖേനയുള്ള ട്രാൻസാക്ഷനിലും ഐഎൽജിഎം എസിലെ ട്രാൻസാക്ഷനിലും വന്ന വ്യത്യാസം കാരണമാണ് നീക്കിയിരിപ്പിൽ വ്യത്യാസം വന്നതെന്ന ( ഓഡിറ്റ് എൻക്വയറി 35/22-23,16.11.2023) മറുപടി അംഗീകരിക്കുന്നില്ല. ധനകാര്യ ഇടപാടുകൾ പൊരുത്തപ്പെടുത്തി അനുബന്ധ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

### 1-1-16 സംയുക്ത പ്രോജക്ടിനായുള്ള ജില്ലാ പഞ്ചായത്ത് വിഹിതം വരവ് തെറ്റായി അക്കൗണ്ട് ചെയ്തു.

A.F.S പ്രകാരം സംയുക്ത പ്രോജക്ടിനായി ലഭിച്ച തുകയിൽ ചുവടെ ചേർത്തിരിക്കുന്ന നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.

| ഹെഡ് കോഡ് | ഇനം | മുന്നിരിപ്പ് | വരവ് (I-6) പ്രകാരം | ആകെ | ചെലവ്(ചെലവ് പത്രിക പ്രകാരം) | നീക്കിയിരിപ്പ് (B4 ഷെഡ്യൂൾപ്രകാരം ) |
|---|---|---|---|---|---|---|
| 320700104, 204, 304, 404 | Joint Venture -Capital& Revenue Expenditure -Block Panchayath | 849641 | 1187016 | 2036657 | 944766 | *573016 |
| 320700205 | Joint Venture -Revenue Expenditure -District Panchayath | 85878 | 1795848 | 1881726 | 2038098 | **85878 |

*ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ B-4 ഷെഡ്യൂൾ പ്രകാരം ഉള്ള നീക്കിയിരിപ്പും ( 573016) യഥാർത്ഥ നീക്കിയിരിപ്പും (1091891) പൊരുത്തപ്പെടുന്നില്ല.

** ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ 2021-22 വർഷത്തെ തുക തന്നെയാണ് 2022-23 വർഷവും അവശേഷിക്കുന്നത്. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് വരവിനേക്കാൾ കൂടുതലാണ്. യഥാർത്ഥ നീക്കിയിരിപ്പ് നെഗറ്റീവാണ്(-156372)

സംയുക്ത പ്രോജക്ടിനായി ലഭിച്ച തുകയിൽ ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ച 242250/- രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിന്റെ ഹെഡിൽ തെറ്റായി രേഖപ്പെടുത്തിയതിനാലാണ് വ്യത്യാസം വന്നതെന്നറിയിച്ചു. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-1-17 ആസ്തി സൃഷ്ടിക്കുന്നതിനായി നൽകിയ പാർട്ട് ബില്ലിലെ തുകയും Capital Work In Progress ആയി ഉൾപ്പെടുത്തിയ തുകയും പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് B-11 (B) ഷെഡ്യൂൾ പ്രകാരം Capital Work In Progress ഇനത്തിൽ 650000/- രൂപയാണുള്ളത് . എന്നാൽ Part Bill സംബന്ധിച്ച് എ ഇ യുടെ റിപ്പോർട്ട് പ്രകാരം 338961/-രൂപയുടെ പ്രവൃത്തിയാണ് തൻവർഷം Capital Work In Progress ഇനത്തിൽ ഉള്ളത്. പാർട്ട് ബില്ലായി നൽകിയ തുകയും B-11 (B) ഷെഡ്യൂളിൽ ഉൾപ്പെട്ട തുകയും തമ്മിൽ വ്യത്യാസം വരാനിടയായ സാഹചര്യം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം32/16.11.2023 ക്ക് നൽകിയ മറുപടിയിൽ ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കുന്നതാണെന്ന് അറിയിച്ചു.

### 1-1-18 അക്കൗണ്ട്സ് പരിശോധനയിൽ കണ്ടെത്തിയ മറ്റ് നിരീക്ഷണങ്ങൾ

1. 2021-22 വാർഷിക ധനകാര്യ പത്രികയിലെ B-9 ഷെഡ്യൂൾ പ്രകാരം ലൈബ്രറി സെസ്സ് ഇനത്തിൽ 130757/- രൂപ നീക്കിയിരിപ്പുണ്ട്. 2022 23-വർഷത്തെ RP 35 പ്രകാരം ഈ ഇനത്തിലെ വരവ് 175456/- ചെലവ് 117444/- രൂപയുമാണ്. B-9 ഷെഡ്യൂൾ പ്രകാരം 188769/- രൂപ അടവാക്കുവാൻ അവശേഷിക്കുന്നു. ഓഡിറ്റ് അന്വേഷണക്കുറിപ്പ് 32/16.11.2023 ന്റെ മറുപടിയിൽ പ്രസ്തുത തുക ഒടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചു.

2. 2021-22, 2022-23വാർഷിക ധനകാര്യ പത്രികയിലെ B-18 ഷെഡ്യൂൾ പ്രകാരം Advance To Other Accredited Agencies എന്ന ഇനത്തിൽ 14465/- രൂപ ക്രമീകരിക്കുവാൻ അവശേഷിക്കുന്നു. പ്രസ്തുത തുക ക്രമീകരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് 32/16.11.2023 ന്റെ മറുപടി നൽകി.

3. B-7 ഷെഡ്യൂളിൽ ഉണ്ടായിരുന്ന ചുവടെ ചേർക്കുന്ന ഡെപ്പോസിറ്റുകൾ ക്രമീകരിച്ചിട്ടില്ല.

| ഹെഡ് കോഡ് | ഇനം | നീക്കിയിരിപ്പ് |
|---|---|---|
| 340100102 | Supplier's EMD | 39812 |
| 340100103 | Bidder's EMD | 22600 |
| 340100301 | Contractor's Retention | 62325 |

കേരള ഫിനാൻഷ്യൽ കോഡ് വാല്യം-I ആർട്ടിക്കിൾ 282(1) പ്രകാരം പഞ്ചായത്ത് സ്വീകരിക്കുന്ന ഡെപ്പോസിറ്റുകൾ മൂന്നു വർഷത്തിന്മേൽ ക്ലെയിം ചെയ്യാതെയും തിരിച്ചു വാങ്ങാതെയും ഉണ്ടായാൽ അവ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതാണ്.ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ Bidder's EMD, Contractor's Retention, Supplier's EMD എന്നീ ഇനങ്ങളിൽ 2016 മുതൽക്കുള്ള തുകകൾ ഉൾപ്പെടുന്നു. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചു. ഓഡിറ്റ് അന്വേഷണം നമ്പർ 29/2022-23 15.11.2023 നുള്ള മറുപടി.

## 1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ്/റിവൈസ്ഡ് ബജറ്റ് എന്നിവ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| | ബജറ്റ് | റിവൈസ്ഡ് ബജറ്റ് |
|---|---|---|
| പാസ്സാക്കിയ തീയതി | 04.03.2022 | 09.03.2023 |
| ഭരണസമിതി തീരുമാനം | 1/1 | 5/1 |
| മുന്നിരിപ്പ് | 6619160 | 10650871 |
| പ്രതീക്ഷിത വരവ് | 210233000 | 247174080 |
| പ്രതീക്ഷിത ചെലവ് | 214815500 | 251436997 |
| നീക്കിയിരിപ്പ് | 2036660 | 6387954 |

## 1-2-1 ബജറ്റ് - അപാകങ്ങൾ

1. ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി തീയതി 02.12.2016 ഉത്തരവ് പ്രകാരം പാസാക്കിയ ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖ.3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

I) ബജറ്റ് പ്രസംഗം

Ii) ബജറ്റ് കുറിപ്പുകൾ (Annexure 6)

Iii) പെർഫോമൻസ് ബജറ്റ് (Annexure 10)

Iv) ജെൻഡർ ബജറ്റ് (Annexure 11)

V) ബജറ്റ് പത്രികകൾ ബജറ്റ് ഷെഡ്യൂളുകൾ

പ്രസ്തുത രേഖകൾ ഉൾപ്പെട്ട ബജറ്റുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശത്തിനനുസരിച്ച് ബജറ്റ് ഫയൽ സൂക്ഷിക്കുന്നതിന് വരും വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ് .

2) 2.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ വരുമാനവും ചെലവും സംബന്ധിച്ച് മാന്വലിൽ വ്യക്തമാക്കിയ പട്ടികകൾ [ Table 4-1, Table 4-2] പ്രകാരം വിവരം തയ്യാറാക്കി ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ മാസം തോറുമുള്ള അവലോകനം (Review) നടത്താൻ ബജറ്റ് മാന്വൽ ഖണ്ഡിക 4-3 നിഷ്കർഷിക്കുന്നു. ഇപ്രകാരമുള്ള അവലോകനം എല്ലാ മാസവും 1-ാം തീയതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിക്കേണ്ടതായിട്ടുണ്ട് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4(iii)].

മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു.

പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. മുകളിൽ വ്യക്തമാക്കിയ പ്രകാരമുള്ള ബജറ്റ് അവലോകനം നടത്തിയതിന്റെ വിശദാംശം പരിശോധിക്കുവാൻ ലഭ്യമാക്കിയില്ല.

3. പഞ്ചായത്ത് രാജ് നിയമത്തിലെ 214(6) വകുപ്പ് പ്രകാരം അനിവാര്യമായ ഒരു അടിയന്തിര സാഹചര്യ ത്തിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും പഞ്ചായത്തോ അഥവാ പഞ്ചായത്തിന് വേണ്ടിയോ ചെലവഴിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല214(8) വകുപ്പ് പ്രകാരം ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ് തുക ചെലവഴിക്കാൻ പാടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ബജറ്റിൽ വകയിരുത്താതെയും ബജറ്റിൽ വകയിരുത്തിയതിനെക്കാൾ അധികമായി തുക ചെലവഴിച്ചിട്ടുണ്ട്. പാസ്സാക്കിയ ബജറ്റിൽ നിന്ന് വ്യതിചലിച്ച് ചെലവ് ചെയ്യേണ്ട സാഹചര്യം പ്രതീക്ഷിക്കുന്നെങ്കിൽ അപ്രകാരം ചെലവ് ചെയ്യുന്നതിന് മുമ്പ് സപ്ളിമെന്ററി ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ അവതരിപ്പിക്കുകയും ഭരണസമിതി അംഗീകരിക്കുകയും വേണം(214(5)). അത്തരത്തിൽ സപ്ളിമെന്ററി ബജറ്റ് പാസ്സാക്കിയതിന്റെ വിശദാംശം ലഭ്യമാക്കിയില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം -24/2022-23, 15.11.2023 )ക്ക് മറുപടി നൽകിയില്ല

4. 2022-23ലെ പുതുക്കിയ ബജറ്റും വാർഷിക ധനകാര്യ പത്രികയും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ

I) വരവിനങ്ങൾ യഥാർത്ഥത്തിൽ ഉള്ളതിനേക്കാൾ ബജറ്റിൽ കൂടുതലായോ കുറവായോ ഉൾപ്പെടുത്തിയിരി ക്കുന്നു. ഉദാഹരണം ചുവടെ

| ക്രമ നം | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ് പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 1101001 | വസ്തു നികുതി | 45,00,000 | 30,79,733 |
| 2 | 1303001 | വാടക | 20000 | 10600 |
| 3 | 140 | ഫീസ് & യൂസർ ചാർജ്ജസ് | 945000 | 548936 |

Ii) 22-23ലെ ബജറ്റ്, 22-23ലെ റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് എന്നിവയിൽ വകയിരുത്താതെ/ വകയിരുത്തിയതിനെക്കാൾ അധികമായി തുക ചെലവഴിച്ചിട്ടുണ്ട്. കൂടാതെ ബജറ്റ്, റിവൈസ്ഡ് ബജറ്റ് എന്നിവയിലെ ഹെഡ് ഓഫ് അക്കൌണ്ട് ,വാർഷിക ധനകാര്യ പത്രികയിലെ ഹെഡ് ഓഫ് അക്കൌണ്ട് എന്നിവ വ്യത്യസ്തമാണ്. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഹെഡ് ഓഫ് അക്കൌണ്ട്. | ഇനം | റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ള തുക | ഹെഡ് ഓഫ് അക്കൌണ്ട്. | എ.എഫ്.എസ് പ്രകാരമുള്ള തുക |
|---|---|---|---|---|---|
| 1 | ഇല്ല | ആന്റി റാബീസ് പ്രോഗ്രാം | - | 250110203 | 71360 |
| 2 | 2514101 | അങ്കണവാടി പോഷകാഹാരം | 12,00,000 | 251160001,2,4,5 | 34,00,000 |
| 3 | 2522001 | റോഡുകൾ | 2,05,601 | 252110001,4,9 | 51,11,925 |

ഏതൊരു ബജറ്റ് വ്യതിയാനവും ഗൗരവത്തോടെ കൈകാര്യം ചെയ്യേണ്ടതാണ്. ചെലവിന്റെ കാര്യത്തിൽ

പ്രത്യേകിച്ചും. ആവശ്യമായ ബജറ്റ് വകയിരുത്തൽ ഇല്ലാതെ യാതൊരു ചെലവും ചെയ്യാൻ പാടുള്ളതല്ലെന്ന് കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 214(6), 214(8) എന്നിവയിൽ സൂചിപ്പി ച്ചിട്ടുണ്ട്. ആയതിനാൽ മേൽ പട്ടികയിൽ പറയും പ്രകാരം ചെലവ് നടത്തിയതിന് വിശദാംശം ലഭ്യമാക്കേണ്ടതാണ്. ഇത്തരത്തിൽ ധാരാളം ചെലവ് ചെയ്തിട്ടുള്ളതിനാൽ മേൽ പട്ടിക പൂർണ്ണമല്ല.

5.ബജറ്റ് തയ്യാറാക്കുന്നതിനായി തദ്ദേശഭരണസ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള കൈമാറിക്കിട്ടിയ സ്ഥാപന മേധാവികൾ ഒരു വർഷത്തേക്കുള്ള കണ്ടിജൻസി ചെലവുകളായ കറണ്ട് ചാർജ്, വാട്ടർ ചാർജ്, വാടക, കൺസ്യൂമബിൾസ്, സ്റ്റേഷനറി, പോസ്റ്റേജ്, ടെലഫോൺ, ഇന്റർനെറ്റ്, ചാർജ് തുടങ്ങിയ ഓഫീസ് ചെലവുകളുടെ ആവശ്യകത പട്ടിക രൂപത്തിൽ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. സ്ഥാപന മേധാവികൾ ഇത്തരത്തിൽ പട്ടിക സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം -24/2022-23, 15.11.2023 ക്ക് മറുപടി നലകുകയോ ഫയൽ പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്തില്ല.

## 1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 20803265 |
| ഓഡിറ്റ് വർഷത്തെ വരവ് | 33014098 |
| ആകെ | 53817363 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 34469463 |
| നീക്കിയിരിപ്പ് | 19347900 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 10693801 | 10693801 | 12298086 | -1604285 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 9766267 | 9766267 | 10299024 | -532757 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 4946398 | 4946398 | 2851388 | 2095010 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 2307439 | 2307439 | 2976527 | -669088 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 13855000 | 13855000 | 5486243 | 8368757 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 4803000 | 4803000 | 3915524 | 887476 |
| CSS | 0 | 0 | 0 | 1552410 | -1552410 |
| SSS | 0 | 0 | 0 | 1716887 | -1716887 |

## 1-4-1 ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ

വിവിധ ഫണ്ട് ഇനത്തിൽ പഞ്ചായത്തിന് ലഭിച്ച ഗ്രാന്റ് വിവരങ്ങൾ, എ.സി.ആർ, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരമുള്ള തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ ( മറ്റുള്ളവ ഒഴികെ) | ചെലവ് ( മറ്റുള്ളവ ഒഴികെ) | ചെലവ് % |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 5091125 | 4035793 | 79.3 |
| | പട്ടിക ജാതി | 786500 | 344300 | 43.8 |
| സേവനം | പൊതുവിഭാഗം | 37363709 | 20239421 | 54.2 |
| | പട്ടിക ജാതി | 26208164 | 12067551 | 46.04 |
| പശ്ചാത്തലം | പൊതുവിഭാഗം | 20360769 | 8224328 | 40.4 |
| | പട്ടിക ജാതി | 993890 | 418173 | 42.07 |

ഇത്തരത്തിൽ ചെലവ് കുറയാനിടയായ സാഹചര്യം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടെങ്കിലും ഓഡിറ്റ് എൻക്വയറി (നമ്പർ 25/2022-23, 15.11.2023)ക്ക് മറുപടി നൽകിയില്ല.

2) സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 മേൽ ഉത്തരവ് ഖണ്ഡിക 5.4.1.9, 5.4.1.10 എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 10 ശതമാനം വനിതാഘടക പദ്ധതിക്കും 5 ശതമാനം വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം. പ്രസ്തുത വിഭാഗങ്ങൾക്ക് വകയിരുത്തേണ്ട കുറഞ്ഞ തുക വകയിരുത്തിയിട്ടുണ്ട് , എന്നാൽ വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. ഇത്തരത്തിൽ നിയമാനുസൃതം വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിക്കാത്തതിന്റെ കാരണം ലഭ്യമാക്കിയില്ല. ഭാവിയിൽ വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. വിശദാംശം ചുവടെ,

| വിഭാഗം | വകയിരുത്തേണ്ട കുറഞ്ഞ തുക | അടങ്കൽ തുക (മറ്റുള്ളവ ഒഴികെ) | ചെലവഴിച്ച തുക ( മറ്റുള്ളവ ഒഴികെ) | ചെലവ് ശതമാനം(%) |
|---|---|---|---|---|
| വനിതാ ഘടക പദ്ധതി | 21,95,300 | 23,33,925 | 14,12,078 | 60.5 |
| വയോജനങ്ങൾക്ക് വേണ്ടിയുള്ള പദ്ധതി | 10,97,650 | 10,97,650 | 797650 | 72.7 |

3. ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള കേന്ദ്രാവിഷ്കൃത ഫണ്ട്, സംസ്ഥാനാവിഷ്കൃത ഫണ്ട് എന്നിവയുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം കേന്ദ്രാവിഷ്കൃത ഫണ്ട്, സംസ്ഥാനാവിഷ്കൃത ഫണ്ട് എന്നിവയുടെ വരവ് "0" യും നീക്കിയിരിപ്പ് നെഗറ്റീവുമായാണ് കാണിച്ചിട്ടുള്ളത്.

4. പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച Grants/contributions തുകകൾ 2022-23 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടില്ല. 2021-22 സാമ്പത്തിക വർഷം നീക്കിയിരിപ്പായി അവശേഷിച്ച അതേ തുക തന്നെയാണ് 2022-23 വാർഷികധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിലും ഉൾപ്പെട്ടിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | B-4 ഷെഡ്യൂൾ പ്രകാരമുള്ള തുക |
|---|---|---|
| 320100197 | Literacy Scheme Grant | 2349 |
| 320700104 | Contributions For Joint Venture Projects (For Capital Expenditure) – From Block Panchayats | 59436 |
| 320700205 | Contributions For Specific Purposes (For Revenue Expenditure) -From District Panchayath | 85878 |
| 320700304 | Contributions For Joint Venture Projects (For Capital Expenditure) – From Block Panchayats | 17316 |

| | | |
|---|---|---|
| 320700404 | Contributions For Joint Venture Projects (For Revenue Expenditure) – From Block Panchayats | 65281 |
| 320900102 | Donations Related To Pandemic/Epidemic Control | 26700 |

സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ച തുകകൾ സംബന്ധിച്ച് ജനറൽ കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി (നമ്പർ 25/2022-23, 15.11.2023)ക്ക് മറുപടി നൽകി. തുകകൾ ക്രമീകരിച്ച് വിശദാംശം ലഭ്യമാക്കേണ്ടതാണ്.

5) ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം ഗുണഭോക്തൃ വിഹിതത്തിൽ പിരിച്ചെടുത്ത 4620/- രൂപ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു. പ്രസ്തുത തുക തൻവർഷത്തെ തുക അല്ലയെന്നും ഏത് കാലഘട്ടത്തിലേതാണെന്ന് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി (നമ്പർ 25/2022-23, 15.11.2023)ക്ക് മറുപടി നൽകി. തുക ക്രമീകരിച്ച് വിശദാംശം ലഭ്യമാക്കേണ്ടതാണ്.

6) 15.07.2021-ലെ സ.ഉ (കൈ) നം.79/2021/ധന. പ്രകാരം 2020-21 സാമ്പത്തിക വർഷം അനുവദിച്ച വികസനഫണ്ട്, സംരക്ഷണ ഫണ്ട് എന്നിവയിൽ ആ വർഷം ചെലവഴിക്കാത്ത ഫണ്ട് തൊട്ടടുത്ത വർഷം ക്യാരി ഓവർ ചെയ്യാൻ അനുവദിച്ചിട്ടുണ്ട്. മുൻ സാമ്പത്തിക വർഷം അനുവദിച്ച ഫണ്ടിന്റെ പരമാവധി 20% വരെ മാത്രമാണ് ഇപ്രകാരം ക്യാരി ഓവർ ചെയ്യാൻ അനുവദിച്ചിട്ടുള്ളത്. ഓരോ സാമ്പത്തിക വർഷവും ലഭ്യമാകുന്ന ഫണ്ടിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിക്കുന്നത്. സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 3.4.4 iv പ്രകാരം മെയിന്റനൻസ് ഫണ്ടിലെ റോഡിതര വിഹിതം, റോഡ് വിഹിതം, എന്നിവ ഓരോന്നിലും ഒരു സാമ്പത്തിക വർഷം അനുവദിച്ച തുകയിൽ നിന്നും ആ വർഷം ചെലവഴിക്കാൻ കഴിയാത്ത ഫണ്ട് (അനുവദിച്ച ഫണ്ടിന്റെ പരമാവധി 20% വരെ) ക്യാരി ഓവർ വിഹിതമായി തൊട്ടടുത്ത വർഷം അനുവദിക്കുന്നതാണ്.

| ഫണ്ടിനം | അനുവദിച്ച തുക₹ | ചെലവ് തുക₹ | ചെലവ് ശതമാനം |
|---|---|---|---|
| മെയിന്റനൻസ് ഫണ്ട് ( റോഡ്) | 13855000 | 5486243 | 39.6 |

മെയിന്റനൻസ് ഫണ്ട് (റോഡ്) ഇനത്തിൽ 39.6% ആണ് ചെലവ് ശതമാനം. പരമാവധി 20% വരെ ക്യാരി ഓവർ വിഹിതമായി തൊട്ടടുത്ത വർഷം അനുവദിക്കുന്നതാണ്. എന്നാൽ മെയിന്റനൻസ് ഫണ്ട് (റോഡ്) ൽ 40.4% തുക വരുംവർഷത്തിൽ ലാപ്സാകും. ഇത്തരത്തിൽ അനുവദിച്ച തുക പൂർണ്ണമായും ചെലവഴിക്കാത്തത് ശരിയായ പ്രവണതയല്ല.

8) സ.ഉ (കൈ) നം. 84/2022 / ത.സ്വ.ഭ.വ തീയതി 19.04.2022 ഉത്തരവ് ഖ.6.1 പ്രകാരം പട്ടിക ജാതി ഉപപദ്ധതി വിഹിതമായി സംസ്ഥാന ബജറ്റ് അലോക്കേഷൻ പ്രകാരം ലഭിക്കുന്ന തുക പ്രകാരം പട്ടികജാതി വിഭാഗങ്ങൾക്കായി വിവിധ പദ്ധതികൾ തയ്യാറാക്കേണ്ടതും പ്രസ്തുത വിഹിതം പാഴാക്കാനോ വകമാറ്റി ചെലവഴിക്കാനോ പാടില്ലായെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, പഞ്ചായത്തിൽ ബജറ്റ് അലോക്കേഷൻ പ്രകാരം പട്ടിക ജാതി ഉപപദ്ധതി വിഹിതമായി വകയിരുത്തിയ 11421000/- രൂപയിൽ 10299024/-രൂപയാണ് ചെലവഴിച്ചിട്ടുള്ളത് (ചെലവ് - 90%). അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.


## 1-5 പദ്ധതി അവലോകനം

**ഫണ്ട് വിനിയോഗം**


1) 2022-23 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന് ബജറ്റ് വിഹിതമായി ലഭിച്ച തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ട് | 2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV ന്റെ അടിസ്ഥാനത്തിൽ | 2022-23-ൽ ചെലവഴിച്ച തുക (സുലേഖ | ലാപ്സായ തുക |
|---|---|---|---|

| | | | |
|---|---|---|---|
| | ഗവ. ഉത്തരവുകൾ മുഖേന ലഭിക്കുന്ന തുക | ചെലവ് പത്രിക പ്രകാരം) | |
| വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം | 13165000 | 12298086 | 866914 |
| വികസനഫണ്ട് എസ്.സി.പി | 11421000 | 10299024 | 1121976 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | 4803000 | 3915524 | 887476 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 13855000 | 5486243 | 8368757 |
| ആകെ | 43244000 | 31998877 | 11245123 |




ആകെ ലഭ്യമാകുന്ന തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ താരതമ്യം രേഖാ ചിത്രമായി ചേർക്കുന്നു.




ധനകാര്യ കമ്മീഷൻ ഗ്രാന്റ് വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ട് | മുന്നിരിപ്പ് (2021-22 B-4 ഷെഡ്യൂൾ പ്രകാരം) | വരവ് (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് വരവ്) | ആകെ | ചെലവ് (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | നീക്കിയിരിപ്പ് | നീക്കിയിരിപ്പ് (2022-23 B-4 ഷെഡ്യൂൾ പ്രകാരം |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് ( ടൈഡ്) | 1127853 | 4946398 | 6074251 | 2851388 | 3222863 | 2900883 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് ( അൺടൈഡ്) | 2083261 | 2307439 | 4390700 | 2976527 | 1414173 | 531262 |

നീക്കിയിരിപ്പ് തുകകൾ വാർഷിക ധനകാര്യ പത്രികയിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2) 2022-23 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**(എ)**

| നിർവ്വഹണ ഉദ്യോഗസ്ഥർ | ഏറ്റെടുത്ത ആകെ പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴികെ) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 8 | 1 | 1921250 | 1733730 | 90 |
| വെറ്ററിനറി സർജൻ | 11 | 10 | 1 | 2459849 | 1814609 | 73.7 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 16 | 15 | 1 | 4914276 | 4615102 | 94 |
| മെഡിക്കൽ ഓഫീസർ , ആയുർവേദം | 5 | 5 | 0 | 997650 | 997650 | 100 |
| മെഡിക്കൽ ഓഫീസർ, | 1 | 1 | 0 | 250000 | 250000 | 100 |

| | | | | | | |
|---|---|---|---|---|---|---|
| ഹോമിയോ | | | | | | |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 18 | 15 | 3 | 36225439 | 9519438 | 26.3 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 20 | 17 | 3 | 7535640 | 6583097 | 87.3 |
| സെക്രട്ടറി | 29 | 20 | 9 | 9639749 | 8125606 | 84 |
| ഹെഡ്മാസ്റ്റിസ് | 6 | 6 | 0 | 2158845 | 1874632 | 86.8 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 49 | 28 | 21 | 23721459 | 9179338 | 38.6 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 0 | 980000 | 636364 | 64.9 |

**(ബി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)**

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 15636199 | 12298086 | 78.6 |
| എസ്.സി.പി. | 14243733 | 10299024 | 72.3 |
| ധനകാര്യ കമ്മിഷൻ അവാർഡ് | 9132750 | 5827915 | 63.8 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 1593000 | 1552410 | 97 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 16608958 | 1716887 | 10.33 |
| തനത് ഫണ്ട് | 947696 | 784844 | 82.8 |
| മറ്റ് ബ്ലോക്ക്പഞ്ചായത്ത് | 5593547 | 944766 | 16.89 |
| മറ്റ് ജില്ലാ പഞ്ചായത്ത് | 5825048 | 2038098 | 34.98 |
| മെയിന്റനൻസ് റോഡ് | 15665071 | 5486243 | 35.02 |
| മെയിന്റനൻസ് റോഡിതരം | 5092055 | 3915524 | 76.88 |

**ആസൂത്രണ സമിതി**

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ) നമ്പർ 84/2022 തസ്വഭവ തീയതി 19.04.2022, 3.1.1 പ്രകാരം ആസൂത്രണസമിതി പുന:സംഘടിപ്പിക്കേണ്ടതുണ്ട്. 23.04.2022 ലെ 1(1) നം. തീരുമാനപ്രകാരം സമിതി നിലനിർത്തി നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടെന്നാണ് ഓഡിറ്റ് എൻക്വയറി 8/16.11.23 ന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. മാർഗ്ഗ രേഖയുടെ 3.1.1 എ 7 പ്രകാരം ആസൂത്രണ സമിതി തുടർച്ചയായി പ്രവർത്തിക്കുന്നുവെന്ന് ഭരണസമിതി ഉറപ്പാക്കണമെന്നും പദ്ധതി ആസൂത്രണപ്രക്രിയ നടക്കുന്ന ഘട്ടത്തിൽ ആവശ്യാനുസരണവും അതിനു ശേഷം കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും ആസൂത്രണസമിതി യോഗം ചേരണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ആസൂത്രണസമിതിയുടെ മിനിട്സ് രേഖപ്പെടുത്തുന്നതിനായി പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ലഭ്യമാക്കിയ പതിനാലാം പഞ്ചവത്സരപദ്ധതി വിവിധ യോഗങ്ങളുടെ മിനിട്സ് പരിശോധിച്ചതിൽ 17.5.2022, 17.06.2022 എന്നീ തീയതികളിൽ മാത്രമാണ് ആസൂത്രണസമിതി യോഗം ചേർന്നിട്ടുള്ളത്, മാർഗ്ഗരേഖയുടെ 3.1.1 ബി 1 മുതൽ 17വരെ പ്രതിപാദിക്കുന്ന ആസൂത്രണസമിതിയുടെ ചുമതലകൾ പൂർണ്ണമായും നിർവ്വഹിച്ചിട്ടില്ലായെന്ന് മിനിട്സ് പരിശോധനയിൽ കാണുന്നു. പുന:സംഘടിപ്പിച്ചതിന് ശേഷമുള്ള ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡുകളിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെന്നാണ് ഓഡിറ്റ് എൻക്വയറി 8/16.11.2023 ന് മറുപടി

ലഭ്യമാക്കിയിട്ടുള്ളത്.

<u>വർക്കിംഗ് ഗ്രൂപ്പ്</u>

സ.ഉ.കൈ.നം 84/2022 തസ്വഭവ തീയതി 19.04.2022 3.1.2 എ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ പുതുതായി രൂപീകരിച്ചിട്ടില്ലായെന്നും നിലവിലുള്ള വർക്കിംഗ് ഗ്രൂപ്പിനെ നിലനിർത്തുകയാണുണ്ടായതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഖണ്ഡിക 3.1.2(ബി)7 പ്രകാരം മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി അന്തിമപദ്ധതിരേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നാണ് ഓഡിറ്റ് എൻക്വയറി 8/16.11.2023 ന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. സ.ഉ(കൈ) നം. 84/2022/ത.സ്വ.ഭ.വ തീയതി 19.04.2022 ഖണ്ഡിക 3.1.2 ബി പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പു വരുത്തുക, പദ്ധതി രൂപീകരണ പ്രക്രിയയിൽ നവമാധ്യമങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തുക അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക വർക്കിംഗ് ഗ്രൂപ്പിന്റെ വിഷയ മേഖലയുമായി ബന്ധപ്പെട്ട സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുക, ക്രോഡീകരിക്കുക, അപഗ്രഥിക്കുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്. എന്നാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പുകളും വിവിധ പ്രോജക്ട് നിർദ്ദേശങ്ങൾ നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്.

2. ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പ് മിനിട്സിൽ മോണിറ്ററിംഗിന്റെ വിവരങ്ങൾ മിനിട്സ് ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 8/16.11.2023 ന് പൊതുമരാമത്ത് വിഭാഗം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ടെങ്കിലും ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3.വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ഏതാനും നിർദ്ദേശങ്ങളും അവ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കിയതും ചുവടെ ചേർക്കുന്നു(അവലംബം ഓഡിറ്റ് എൻക്വയറി 8/16.11.2023 നുള്ള മറുപടി)

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം | ഓഡിറ്റ് എൻക്വയറി 8 നുള്ള മറുപടി |
|---|---|---|---|---|
| 1 | വനിതാവികസനം | 16.2.2022 | ബഡ്സ് സ്കൂൾ പ്രവർത്തിക്കുന്ന കെട്ടിടത്തിൽ സൌകര്യങ്ങൾ പര്യാപ്തമല്ലാത്തതിനാൽ പുതുതായി സ്ഥലം കണ്ടെത്തി ആകർഷകമായ രീതിയിൽ കെട്ടിടം പണിയുക | സ്ഥലം ലഭ്യമല്ലാത്തതിനാൽ കെട്ടിടത്തിൽ നിലവിൽ സൌകര്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്. |
| 2 | കുടിവെള്ളം, ശുചിത്വം, മാലിന്യപരിപാലനം | 23.05.2022 | ജലജീവൻമിഷൻ പദ്ധതി പ്രകാരം 4500 ഓളം വീടുകളിൽ കുടിവെള്ള | പഞ്ചായത്ത് അനുമതിയോടുകൂടി ജലജീവൻമിഷനെ |

| | | | | |
|---|---|---|---|---|
| | | | കണക്ഷൻ നൽകുന്നതിന് അനുവദിച്ചിട്ടുണ്ടെങ്കിലും പൈപ്പിന്റെ അപര്യാപ്തത മൂലം 2200 ഓളം വീടുകൾക്ക് മാത്രമേ കണക്ഷൻ ലഭിച്ചിട്ടുള്ളൂ. ആയതിനാൽ ബാക്കി വീടുകൾക്ക് അടിയന്തിരമായി കണക്ഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | അടിയന്തിരമായി അറിയിക്കുന്നതാണ്. |
| 3 | പൊതുഭരണവും ധനകാര്യവും | 2.7.2022 | പഞ്ചായത്തിലും എഫ്.എച്ച്.സിയിലും സോളാർ പാനൽ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ഉൾപ്പെടുത്തേണ്ടതാണ്. | ഫണ്ട് അപര്യാപ്തത മൂലം പ്രോജക്ട് ഉൾപ്പെടുത്തുന്നതിന് സാധിച്ചിട്ടില്ല. വാർഷിക പദ്ധതി ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ടി വിഷയം പ്രോജക്ടിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കുന്നതാണ്. |
| 4 | ജൈവവൈവിധ്യമാനേജ്മെന്റ്, കാലാവസ്ഥ,പരിസ്ഥിതിസംരക്ഷണം, ദുരന്ത നിവാരണം | 23.5.22 | മഴ, വെള്ളപ്പൊക്കം തുടങ്ങിയ ദുരന്തങ്ങളെ അതിജീവിക്കുന്നതിനായി പാതയോരങ്ങളിലും വീടുകളിലും മണ്ണൊലിപ്പ് തടയുന്ന വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിന് പ്രോത്സാഹിപ്പിക്കുക | ഒരു പ്രോജക്ട് വിഭാവനം ചെയ്തിരുന്നുവെങ്കിലും നടപ്പിലാക്കിയില്ലായെന്നും എം.എൻ.ആർ.ഇ.ജി.എയിൽ ഉൾപ്പെടുത്തി പരാമർശ വിഷയം അതിജീവിക്കുന്നതിന് ധാരാളം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. |

4. സ്റ്റാറ്റസ് റിപ്പോർട്ട്

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള താഴെപ്പറയുന്ന പ്രശ്നങ്ങളിൻമേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കിയത് ചുവടെ ചേർക്കുന്നു,

| ക്രമ നമ്പർ | മേഖല | തീവ്രത | പ്രശ്നം | ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടി |
|---|---|---|---|---|
| 1 | കൃഷി | അതീവ ഗുരുതരം | വ്യപകമായ നിലം നികത്തൽ | വിഹിതം ബ്ലോക്കിന് കൈമാറി ഇടവിളകൃഷി ഫലപ്രദമായി നടപ്പിലാക്കി വരുന്നതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | |
| 2 | പ്രാദേശിക സാമ്പത്തിക വികസനം | ഗുരുതരം | ഉല്പന്നങ്ങളുടെ വിപണനം കണ്ടെത്തുന്നതിനുള്ള അഭാവം | 2022/23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഭിന്നശേഷിക്കാർക്ക് പെട്ടിക്കട എന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. |
| 3 | ദാരിദ്ര്യലഘൂകരണം | അതീവഗുരുതരം | പരിസരശുചിത്വമില്ലായ്മ | ഹരിതകർമ്മസേനയും തൊഴിലുറപ്പുമായി ചേർന്ന് ധാരാളം പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്. |
| 4 | പട്ടികജാതി വികസനം | അതീവഗുരുതരം | കർഷകർ/തൊഴിലില്ലായ്മ | തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് എസ്.സി വനിതകൾക്ക് ഡ്രൈവിംഗ് പരിശീലനം പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നുവെന്നും എന്നാൽ നടപ്പിലാക്കുന്നതിനുള്ള ബുദ്ധിമുട്ട് കാരണം റിവിഷനിൽ ഒഴിവാക്കിയെന്നും വരുംവർഷം അപാകത പരിഹരിക്കുന്നതാണെന്നുമാണ് മറുപടി |
| 5 | വനിതാവികസനം | ഗുരുതരം | സ്ത്രീസുരക്ഷ | ജ്വാല പ്രോജക്ട് നടപ്പിലാക്കിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. |

5. ഗ്രാമസഭ

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. ഗ്രാമസഭ മിനിട്സ് പരിശോധിച്ചതിൽ, വർക്കിംഗ് ഗ്രൂപ്പുകളുടെ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ ചർച്ച ചെയ്തതല്ലാതെ നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിച്ചിട്ടില്ല. പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കുന്നതിന് ഗ്രാമസഭകൾ കൂടിയിരുന്നതായി ഓഡിറ്റ് എൻക്വയറി നം. 8/16.11.2023 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയത് മിനിട്സ് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടില്ല.

ഖണ്ഡിക 3.1.2(ബി) 7 പ്രകാരം മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഗ്രാമസഭയിൽ അവതരിപ്പിച്ചിട്ടില്ല.

6. മാർഗ്ഗരേഖ 3.4.1(3) പ്രകാരം വാർഷിക പദ്ധതി വിഭവ വകയിരുത്തൽ വിവരങ്ങൾ ഫോറം 7-ൽ തയ്യാറാക്കിയിട്ടുണ്ടെന്നും അത് കരട് പദ്ധതി രേഖയിലും അന്തിമ പദ്ധതിരേഖയിലും ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

7. മാർഗ്ഗരേഖ 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പാ സാദ്ധ്യതകൾ ചർച്ച ചെയ്ത് വ്യക്ത വരുത്തിയിട്ടുണ്ടോയെന്ന് ആരാഞ്ഞു നൽകിയ ഓഡിറ്റ് എൻക്വയറി നം. 8 ന് വർക്കിംഗ് ഗ്രൂപ്പുകളിൽ ചർച്ചകളിൽ വിഭാവനം ചെയ്ത ആശയങ്ങൾക്ക് അനുസൃതമായുള്ള വായ്പാസാധ്യതകൾ ഇല്ലായെന്ന് ബാങ്ക് അധികൃതർ ഫോൺ മുഖേന അറിയിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

8. മാർഗ്ഗരേഖ 3.5.6.3 (എ) യുടെ അടിസ്ഥാനത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിച്ച് തൻവർഷം തോട് പുനരുദ്ധാരണം, തരിശ് ഭൂമി പാട്ടകൃഷിയ്ക്ക് അനുയോജ്യമാക്കൽ, സോക്ക് പിറ്റ്, അസോളടാങ്ക് എന്നിവ നടപ്പിലാക്കിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

9. മാർഗ്ഗരേഖ 3.5.6.3 (ബി) യുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ പരിപാടികളുമായി സംയോജിപ്പിച്ച് നടപ്പിലാക്കിയ

പദ്ധതികളുടെ വിവരങ്ങൾ ആരാഞ്ഞതിന് കുടംബശ്രീ പരിപാടികളുമായി സംയോജിച്ച് പാഥേയം പ്രോജക്ട് നടപ്പിലാക്കിയിരുന്നുവെന്നും ആശ്രയ പദ്ധതി ഉൾപ്പെടുത്തിയിരുന്നുവെങ്കിലും നടപ്പിലാക്കിയിട്ടില്ലായെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

10. മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിൽ നൂതന പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടില്ലായെന്ന് ഓഡിറ്റ് എൻക്വയറി 8/16.11.2023 ക്ക് മറുപടി നൽകി.

11. സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ലഭ്യമാക്കുന്നതിന് എടുത്ത നടപടികൾ സംബന്ധിച്ച വിശദാംശം ആരാഞ്ഞതിന് CSR ഫണ്ട് വകയിരുത്തിയിട്ടില്ലായെന്നും കമ്പനീസ് ആക്ട് പ്രകാരമുള്ള സ്ഥാപനങ്ങൾ പഞ്ചായത്തിൽ കുറവാണെന്നും ഉള്ള സ്ഥാപനങ്ങൾ സി.എസ്.ആർ ഫണ്ട് വിനിയോഗിച്ച് സാധനസാമഗ്രികൾ നേരിട്ട് വാങ്ങി പ്രൈവറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കൊടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും സർക്കാർ തലത്തിൽ ആയത് ക്രമീകരിച്ച് മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നതായിരിക്കും അഭികാമ്യം എന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

12. മാർഗ്ഗരേഖ 6.8 ന്റെ അടിസ്ഥാനത്തിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള റോഡ് , റോഡിതര ആസ്തികളുടെ കാലികവും കൃത്യവുമായ രേഖകൾ ഉൾപ്പെടുത്തിയ ആസ്തി രജിസ്റ്റർ ആവശ്യപ്പെട്ടതിന് R-Track Open ആകുന്ന മുറയ്ക്ക് കാലികമാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പാർശ്വവത്ക്കരിക്കപ്പെട്ടവരേയും പ്രത്യേക പരിഗണന അർഹിക്കുന്നവരേയും മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക എന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പൊതു മുൻഗണനകളാണ്. ജനങ്ങളുടെ സാമ്പത്തിക വികസനത്തിനും സാമൂഹികനീതി ഉറപ്പു വരുത്തുന്നതിനും ആവശ്യമായ വികസന പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുക എന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭരണഘടനാ ചുമതലയാണ്. ഇത്തരത്തിലുള്ള പദ്ധതികൾക്കായി തുക വകയിരുത്താതിരിക്കുന്നതും തുക വകയിരുത്തിയ ശേഷം ചെലവഴിക്കാതിരിക്കുന്നതും ഒരുപോലെ കുറ്റകരമാണ്. പദ്ധതി മാർഗ്ഗരേഖ അനുശാസിക്കും പ്രകാരം ഗ്രാന്റുകൾ വകയിരുത്തുന്നതിനും വകയിരുത്തുന്ന ഗ്രാന്റുകൾ ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടെന്ന ഉറപ്പു വരുത്തേണ്ടതും മാർഗ്ഗരേഖപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതുമാണ്.

## 1-6 ക്ഷേമ പദ്ധതികളുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 2,842,400 | 269 |
| വിധവാപെൻഷൻ | 11,937,600 | 1144 |
| വാർദ്ധക്യകാല പെൻഷൻ | 23,238,200 | 2296 |
| വികലാംഗ പെൻഷൻ | 2,808,000 | 255 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 336,400 | 31 |

എ) ഓഡിറ്റിന് ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിൽ വിവിധ സാമൂഹ്യക്ഷേമ പെൻഷനുകൾക്കായി ആകെ 3995 ഗുണഭോക്താക്കളുണ്ട്. മരണപ്പെടുന്നതും പുനർവിവാഹം ചെയ്യുന്നതുമായ പെൻഷൻ ഗുണഭോക്താക്കളെ സംബന്ധിച്ച വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തിരം വിവരം ശേഖരിച്ച് അതാത് മാസം ബന്ധപ്പെട്ട പെൻഷൻ ഡാറ്റാബേസിൽ നിന്നും അനർഹരെ ഒഴിവാക്കാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്ന് 23.09.2020 തീയതിയിലെ ജി.ഒ (എം.എസ്) നം. 97/2020/ധന നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം ബന്ധപ്പെട്ട പെൻഷൻ ഡാറ്റാബേസിൽ നിന്നും അനർഹരെ ഒഴിവാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

ബി) എല്ലാ പ്രാദേശിക സർക്കാർ പരിധിക്കുള്ളിലും മരണപ്പെടുന്നവരുടെ വിവരങ്ങൾ മൂന്ന് മാസത്തിലൊരിക്കൽ വീഴ്ചകൂടാതെ ധനകാര്യ (എസ്.എഫ്.സി-ബി) വകുപ്പിൽ അറിയിക്കേണ്ടതാണെന്നും പ്രസ്തുത ഡാറ്റ ഇൻഫർമേഷൻ കേരള മിഷൻ "സേവനയുമായി" പരിശോധന നടത്തേണ്ടതും മരണപ്പെട്ട ഗുണഭോക്താക്കളെ കണ്ടെത്തുന്ന പക്ഷം ആയത് ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും നീക്കം ചെയ്യേണ്ടതുമാണെന്ന് 02.08.2021 തീയതിയിലെ 63/2021/ധന നമ്പർ സർക്കുലറിൽ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത വിവരങ്ങൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സി) ഗുണഭോക്താവ് മരണപ്പെട്ടാൽ അവരുടെ അവകാശികളോ അടുത്ത ബന്ധുക്കളോ പ്രസ്തുത വിവരം ബന്ധപ്പെട്ട പ്രാദേശിക സർക്കാരിൽ വീഴ്ച കൂടാതെ അറിയിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തി സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ/അപേക്ഷകരിൽ നിന്നും സത്യപ്രസ്താവന വാങ്ങേണ്ടതാണെന്നും മേൽ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പ്രകാരം പെൻഷൻ ഗുണഭോക്താക്കളിൽ നിന്നും സത്യപ്രസ്താവനകൾ വാങ്ങി സൂക്ഷിക്കേണ്ടതാണ്.

സാമൂഹ്യ സുരക്ഷാ പെൻഷനുമായി ബന്ധപ്പെട്ട സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതും അനർഹർ / മരണപ്പെട്ടവർ പെൻഷൻ കൈപ്പറ്റുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതുമാണ്. മരണം രജിസ്റ്റർ ചെയ്യുന്നത് ഐ എൽ ജി എം എസ് മുഖേനയായതിനാൽ അപേക്ഷകൾ സേവന ഡേറ്റാബേസുമായി പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14-11-23, 3.10 പി.എം-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 65689/- ( അറുപത്തയ്യായിരത്തി അറുന്നൂറ്റി എൺപത്തിയൊൻപത് ) രൂപയുടെ ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്. ശ്രദ്ധയൂന്നേണ്ട വിഷയങ്ങൾ/നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1.പഞ്ചായത്തിനെതിരായ കേസ് നടത്തിപ്പിലെ അപാകം നിമിത്തം പഞ്ചായത്തിന്റെ വാഹനം ജപ്തി ചെയ്യുന്ന സാഹചര്യം ഉണ്ടാവുകയും തനത് ഫണ്ടിൽ നിന്നും കോടതി വിധി പ്രകാരമുള്ള തുക ഒടുക്കുകയും പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാവുകയും ചെയ്തതായി കാണുന്നു.

2.രസീതികളുടെ ഉപയോഗവുമായി ബന്ധപ്പെട്ട് അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

3. വസ്തു നികുതി നിർണയിക്കുന്നതിലും ഈടാക്കുന്നതിലും അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.**ഉദാ–** പ്ലാനിലേയും സഞ്ചയയിലേയും അളവുകൾ വ്യത്യാസമുള്ളതായും പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിച്ച കെട്ടിടത്തിന് വാണിജ്യാവശ്യത്തിന് ലൈസൻസ് നൽകുന്നതായും സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കെട്ടിട നികുതി ഇളവ് അനുവദിക്കുന്നതായും ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

4.സഞ്ചയയിലേയും അനധികൃത കെട്ടിട നിർമ്മാണ രജിസ്റ്ററിലെയും വിവരങ്ങൾ പൊരുത്തപ്പെടാതെയും അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതിയിൽ കുടിശ്ശികയുള്ളതായും കണ്ടെത്തിയിട്ടുണ്ട്

5.ലൈസൻസില്ലാതെ പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

6.ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്.

7.റേഷൻ വ്യാപാരികൾ തൊഴിൽ നികുതി ഒടുക്കുന്നില്ല.

8.തനത് വരുമാനം പൂർണമായി പിരിച്ചെടുത്ത് വരുമാന വർദ്ധനവുണ്ടാക്കുന്ന നടപടികളുണ്ടാകണം.

9. ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

10. രജിസ്റ്ററുകളുടെ പരിപാലനം കുറ്റമറ്റതാക്കേണ്ടതാണ്.

11.തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് അനർഹമായി വേതനം കൈപ്പറ്റിയതായും എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2022-23 പ്രകാരം വർക്ക് ഫയലിനോടൊപ്പം അവശ്യം സൂക്ഷിക്കേണ്ട രേഖകൾ പൂർണ്ണമായും ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ലാത്തതായും കാണുന്നു.

12.ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്നുറപ്പ് വരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടില്ല.

13.2023 വർഷത്തെ പൌരാവകാശ രേഖ അച്ചടിച്ച് വിതരണം ചെയ്തതിന്റെ വിശദാംശം ലഭ്യമാക്കിയില്ല.

14.9-11-23 തിയ്യതിയിലെ ഐ എൽ ജി എം എസിൽ നിന്നുള്ള സീറ്റ് വൈസ് റിപ്പോർട്ട് പരിശോധിച്ചതിൽ ഡിലയ്ഡ് ഫയലുകൾ 183 എണ്ണവും, പാർക്കിംഗ് 263 എണ്ണവും ഉള്ളതായി കാണുന്നു. മേൽ പറഞ്ഞ ഫയലുകൾ ഏതെല്ലാം കാറ്റഗറിയിലുൾപ്പെട്ട ഫയലുകളാണെന്നും ആയത് തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിവരവും ലഭ്യമാക്കുന്നതിനായി ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

## 1-9 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് (RP- 30) | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 5317 | 1317845 | 1323162 | 1320845 (I-14F) | 2317 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 46738413 | 46738413 | 46738413 (I-14C) | - |
| ആകെ | 5317 | 48056258 | 48061575 | 48059258 | 2317 |

## 1-9-1 തൊഴിലുറപ്പ് പദ്ധതി -അപാകതകൾ

1. MGNREGA ആക്റ്റ് 2005 സെക്ഷൻ 17 പ്രകാരം MGNREGA സ്കീം പ്രകാരം ഏറ്റെടുത്ത് നടപ്പിലാക്കിയ പദ്ധതികളുടെ മോണിറ്ററിംഗും സോഷ്യൽ ഓഡിറ്റും ഗ്രാമസഭ നടത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2022-23 ൽ നടപ്പിലാക്കിയ പദ്ധതികൾ ഗ്രാമസഭ മോണിറ്റർ ചെയ്തതായി ഗ്രാമസഭ മിനിട്സുകൾ പരിശോധിച്ചതിൽ ബോധ്യപ്പെട്ടിട്ടില്ല.

2. എം.ജി.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2022-23 ഖ.4.5 പ്രകാരം തൊഴിലാളികളുടെ രജിസ്ട്രേഷൻ കൃത്യമായും ആവശ്യാനുസരണവും നിർവ്വഹിക്കുന്നതിനും അവകാശങ്ങൾ ഫലപ്രദമായി അറിയിക്കുന്നതിനും പരാതികൾ പരിഹരിക്കുന്നതിനും എല്ലാ മാസത്തിലും ഒരു ദിവസം ഗ്രാമപഞ്ചായത്ത് റോസ്ഗാർ ദിനം സംഘടിപ്പിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എം.ജി.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2022-23 ഖ.4.5.1 പ്രകാരം റോസ്ഗാർ ദിനം സംഘടിപ്പിച്ചതിന്റെ മിനിട്ട്സ് സോഷ്യൽ ഓഡിറ്റിനും പൊതുജനങ്ങൾക്കും പരിശോധനയ്ക്കായി ലഭ്യമാക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. എം.ജി.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2022-23 ഖ,7.12.5 Annexure VII പ്രകാരം വർക്ക് ഫയലിനോടൊപ്പം

അവശ്യം സൂക്ഷിക്കേണ്ട രേഖകൾ പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഇതിൽ പരാമർശിക്കുന്ന രേഖകളിൽ താഴെ പറയുന്നവ ഫയലിനോടൊപ്പം ലഭ്യമായിട്ടില്ല.

A. ഭൂരിഭാഗം പ്രവൃത്തികളുടെ ഫയലിലും സൈറ്റ് ഡയറി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

B. ഡിസൈന്റെ കോപ്പി ഫയലിൽ ലഭ്യമല്ല. കൂടാതെ ആകെ എസ്റ്റിമേറ്റ്,ലേബർ എസ്റ്റിമേറ്റ്, മെറ്റീരിയൽ എസ്റ്റിമേറ്റ് എന്നിവ ഉൾപ്പെട്ട കോസ്റ്റ് എസ്റ്റിമേറ്റിന്റെ അബ്സ്ട്രാക്റ്റ്, ഫീസിബിലിറ്റി റിപ്പോർട്ട് എന്നിവ ഫയലിൽ ലഭ്യമല്ല.

C. പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട് പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പും, പ്രവൃത്തി നിർവ്വഹണ ഘട്ടത്തിലും, പൂർത്തീകരണ ഘട്ടത്തിലുമുള്ള ഫോട്ടോകളുടെ പ്രിന്റ് ഫയലിൽ സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ ആയത് ഫയലിൽ ലഭ്യമല്ല.

D. നിർമ്മാണ പ്രവൃത്തികളുടെ സാധൂകരണത്തിനായുള്ള ജിയോടാഗ് ഫോട്ടോഗ്രാഫുകൾ പ്രവൃത്തിസ്ഥലം തിരിച്ചറിയുന്നിനുള്ള ഉപാധിയാണ്. എന്നാൽ ഇവ മിക്ക ഫയലിലും ചേർത്തിട്ടില്ല.

E.പ്രവൃത്തി പൂർത്തീകരിക്കുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട എൻജിനീയറുടെ പൂർത്തീകരണ സാക്ഷ്യപത്രം/മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഫയലിൽ ലഭ്യമല്ല.

F. Muster Roll Movement Slip ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല

4. 2022-23 വർഷത്തെ എം.ജി.എൻ.ആർ.ഇ .ജി എസ് മാസ്റ്റർ സർക്കുലർ ഖണ്ഡിക 7.6.9 പ്രകാരം തൊഴിലുറപ്പ് പദ്ധതി മുഖേന സർക്കാർ ഭൂമിയിൽ നടപ്പാക്കുന്ന നഴ്സറികൾ കുറഞ്ഞത് 3 വർഷത്തേയ്ക്ക് നടപ്പാക്കണമെന്ന നിർദ്ദേശിച്ചിട്ടുണ്ട്.

| പ്രവൃത്തിയുടെ പേര് | എംബുക്ക് നം. | തുക |
|---|---|---|
| വൃക്ഷതൈകൾ നടീലും പരിപാലനവും | 07/22-23 | 125533.40 |

മേൽ പ്രവൃത്തി പ്രകാരം ആരംഭിച്ച നഴ്സറിയുടെ തുടർനടപടികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത പദ്ധതി ആരുടെ ഉടമസ്ഥതയിലുള്ള ഭൂമിയിലാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാൻ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ബന്ധപ്പെട്ട അധികാരികളിൽ നിന്നും സമ്മതപത്രവും ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയഓഡിറ്റ് എൻക്വയറി നം. 42/17.11.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

5)എം.എൻ.ആർ.ഇ.ജി.എസ് മുഖേന സ്ഥാപിച്ച നഴ്സറികളിൽ ഉത്പാദിപ്പിക്കുന്ന വൃക്ഷത്തൈകൾ നട്ടുപരിപാലിക്കുന്നതിന് 29.05.2018 ലെ പി.എസ്.2/288/2018/തസ്വഭവ(1) നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരവും ആയതിന്റെ രേഖകളും ലഭ്യമാക്കിയിട്ടില്ല

6) 14.09.2018 ലെ 2679/EGS-C/17/REGS നം. കത്ത് പ്രകാരം എം.എൻ.ആർ.ഇ.ജി.എസ് മിഷൻ ഡയറക്ടർ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ആയതു പ്രകാരം കുടുംബശ്രീ സംരംഭക ഗ്രൂപ്പിനെയാണ് തൊഴിലുറപ്പ് പദ്ധതിയുള്ള സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കേണ്ട ചുമതല ഏൽപ്പിക്കേണ്ടത്. പ്രസ്തുത ഗ്രൂപ്പുകൾക്ക് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി പരിശീലനം നൽകേണ്ടതാണ്. അപ്രകാരമുള്ള കുടുംബശ്രീ സംരംഭക ഗ്രൂപ്പ് 2022-23 സാമ്പത്തിക വർഷം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചിരുന്നതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല

8. തദ്ദേശ സ്വയംഭരണ (ഡിഡി ) വകുപ്പിന്റെ 11.1.2021 ലെ സർക്കുലർനം. ഡി. ഡി. 2/336/2020/ Lsgd പ്രകാരം എം.എൻ.ആർ.ഇ.ജി.എസ് പദ്ധതിയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികളുമായി ബന്ധപ്പെട്ട് പൊതു പരിശോധനയും സാങ്കേതിക പരിശോധനയും പ്രവൃത്തി ആരംഭിക്കുന്നതിനു മുൻപും പ്രവൃത്തി നടക്കുമ്പോഴും പ്രവൃത്തി പൂർത്തിയായിക്കഴിഞ്ഞും നടത്തേണ്ടതാണ്. അപ്രകാരമുള്ള നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശവും ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 42/17.11.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-9-2 മസ്റ്റർ റോൾ പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള അറ്റൻഡൻസും തൊഴിലാളികളുടെ വേജ് ലിസ്റ്റ് പ്രകാരമുള്ള അറ്റൻഡൻസും തമ്മിൽ പൊരുത്തപ്പെടുന്നില്ല

| | |
|---|---|
| പ്രവൃത്തിയുടെ പേര് | നഴ്സറി റൈസിംഗ് |
| എംബുക്ക് നം. | 130/22-23 |

| | |
|---|---|
| ഭരണാനുമതി തുക | 176500 |

നഴ്സറി റൈസിംഗ് എന്ന പ്രവൃത്തിയിൽ മസ്റ്റർ റോൾ പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള അറ്റൻഡൻസും തൊഴിലാളികളുടെ വേജ് ലിസ്റ്റ് പ്രകാരം തുക നൽകിയിരിക്കുന്ന അറ്റൻഡൻസും തമ്മിൽ പൊരുത്തപ്പെടുന്നില്ല,

വിശദാംശം ചുവടെ

| മസ്റ്റ് റോൾ നം. | മസ്റ്റർ റോൾ പ്രകാരം പ്രവൃത്തി നിർവ്വഹിച്ച കാലയളവ് | പേര് | മസ്റ്റർ റോൾ പ്രകാരം രേഖപ്പെടുത്തിയിരിക്കുന്ന ആകെ അറ്റൻഡൻസ് | വേജ് ലിസ്റ്റ് പ്രകാരം രേഖപ്പെടുത്തിയിരിക്കുന്ന അറ്റൻഡൻസ് | നൽകിയ തുക |
|---|---|---|---|---|---|
| 39455 | 02.03.2023-8.03.2023 | രാധ.ബി | 5 | 4 | 1244 |
| | | രാജാമണി. എൽ | 6 | 5 | 1555 |
| | | ഷാനിഫ | 5 | 4 | 1244 |
| | | ഗോപാലൻ | 5 | 4 | 1244 |
| | | രജനി. വി. ആർ | 5 | 4 | 1244 |
| | | ഓമന. എ | 6 | 5 | 1555 |
| | | സോമൻ | 5 | 4 | 1244 |
| | | ശ്യാമളാഭായി | 5 | 4 | 1244 |
| 40856 | 9.3.2023-15.03.2023 | രാധ.ബി | 5 | 6 | 1866 |

ഇപ്രകാരം മസ്റ്റർ റോൾ പ്രകാരമുള്ള അറ്റൻഡൻസും വേതനം നൽകിയ പ്രവൃത്തിയെടുത്ത ദിനങ്ങളിലെ അറ്റൻഡൻസും തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നതിന്റെ കാരണം വ്യക്തമല്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 40/17.11.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-9-3 അനധികൃതമായി കൈപ്പറ്റിയ തൊഴിലുറപ്പ് വേതനം-തുടർനടപടി വിവരം ലഭ്യമാക്കിയില്ല

എം.ജി.എൻ.ആർ.ഇ.ജി.എസ് ഓംബുഡ്സ്മാന്റെ നം. 101/2022/OBNT/MGNREGS Dated 22.10.2022ലെ ഉത്തരവ് പ്രകാരം ശ്രീമതി ബിന്ദു താൻ അനധികൃതമായി കൈപ്പറ്റിയ 28.07.2022, 01.09.2022 എന്നീ ദിവസങ്ങളില തൊഴിലുറപ്പ് വേതനം ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം തൊഴിലുറപ്പ് ഫണ്ടിൽ തിരിച്ചടയ്ക്കുന്നതിനും തെറ്റായ പ്രവണതയ്ക്ക് കൂട്ടുനിന്നതിനും അനധികൃതമായി മസ്റ്റർ റോൾ അലക്ഷ്യമായി കൈകാര്യം ചെയ്തതും കണക്കിലെടുത്ത് മേറ്റ് ശ്രീമതി. ജി. ലളിതാംബികയെ 6 മാസക്കാലത്തേയ്ക്ക് ചുമതലയിൽ നിന്ന് ഒഴിവാക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. 16.11.2022 ൽ ശ്രീമതി ബിന്ദു 622 /- രൂപ തിരികെ അടവാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. മേറ്റ് ശ്രീമതി ജി. ലളിതാംബികയ്ക്ക് മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 43/17.11.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.04.2022 മുതൽ 29.04.2022 വരെ | 01.08.21 മുതൽ 31.03,22 വരെ | 13.07.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.08.2018 മുതൽ 06.09.2018 വരെ | 2013-14 മുതൽ 2017-18 വരെ | 17.10.2018 |

## 1-11 ക്യാൻസൽ ചെയ്ത രസീതിന്റെ പകർപ്പ് സൂക്ഷിച്ചിട്ടില്ല

അഗ്രികൾച്ചർ ഓഫീസർ മൺചട്ടി വിതരണം ചെയ്യുന്ന പദ്ധതിയുമായി ബന്ധപ്പെട്ട് ഗുണഭോക്തൃവിഹിതം പിരിക്കുന്നതിനായി കൈപറ്റിയ രസീത് ബുക്ക് നമ്പർ 1444 ലെ രസീത് നമ്പർ 17 (തീയതി 17.10.2023) ക്യാൻസൽ ചെയ്തിട്ടുണ്ടെങ്കിലും അതിന്റെ പകർപ്പ് സൂക്ഷിച്ചിട്ടില്ല. ആയതിനാൽ തുക പിരിച്ചിട്ടില്ലാത്തതിന്റെ ആധികാരികത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

## 1-12 വസ്തു നികുതി- അപാകതകൾ

വസ്തുനികുതി പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ഉപഖണ്ഡികകളായി ചേർക്കുന്നു.

### 1-12-1 വസ്തു നികുതി ഇളവ് ചെയ്തിട്ടില്ലാത്ത കെട്ടിടങ്ങളിൽ നിന്ന് നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണെന്ന് 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം വ്യക്താമാക്കിയിട്ടുണ്ട്. സഞ്ചയ സോഫ്റ്റ് വെയറിൽ ഗ്രാമപഞ്ചായത്തിലെ 9,15,2 എന്നീ വാർഡുകളിലെ കെട്ടിടങ്ങൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നാളിതുവരെ ഡിമാന്റ് ചെയ്യുകയോ പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | വാർഡ്/കെട്ടിട നം. | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം ച.മീ |
|---|---|---|---|---|
| 1 | 15/422 | രാഘവൻനായർ, കിഴക്കേ കര പുത്തൻവീട് | പാർപ്പിടം | 68 |
| 2 | 9/293 A | മുഹമ്മദ് റഷീദ്, ഹലീമാബീവി | പാർപ്പിടം | 65 |
| 3 | 9/329 | വിജയൻ, ശ്രീകല | പാർപ്പിടം | 72 |
| 4 | 2/278 | ദാസ് | പാർപ്പിടം | 68 |
| 5 | 2/289 | വിജയൻ. കെ, സരിത. എസ്. | പാർപ്പിടം | 95 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 27/15.11.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകങ്ങൾ പരിഹരിക്കേണ്ടതും വസ്തുനികുതി കൃത്യമായി ഡിമാന്റ് ചെയ്ത് ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

### 1-12-2 പ്ലാനിലേയും സഞ്ചയയിലേയും അളവുകൾ വ്യത്യസ്തം

| | |
|---|---|
| ഫയൽ നമ്പർ | PTAL01/2200/22 |
| കെട്ടിട ഉടമ | നന്ദൻലാൽ |
| കെട്ടിട നമ്പർ | 9/ 138 B, 9/138 A |
| ഉപയോഗക്രമം | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം |
| വിസ്തീർണം | 83.49 ച.മീ |

വാണിജ്യാവശ്യത്തിനുള്ള രണ്ട് കെട്ടിടങ്ങൾക്ക് നമ്പർ നൽകുന്നതിനുവേണ്ടിയാണ് മേൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാനിൽ കെട്ടിടം സ്ഥിതി ചെയ്യുന്ന അതേ പ്ലോട്ടിൽ കെട്ടിടത്തിനോട് ചേർന്ന് സ്ഥിതിചെയ്യുന്ന 9/138(ഗാർഹികം), എന്ന കെട്ടിടത്തിന്റെ വിസ്തീർണം 158.31 ച.മീറ്റർ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ സഞ്ചയ പ്രകാരം കെട്ടിട നം. 9/138 ന്റെ വിസ്തീർണ്ണം 105 ച.മീറ്റർ ആണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇപ്രകാരം സഞ്ചയപ്രകാരവും കംപ്ലീഷൻ പ്ലാൻ പ്രകാരവും കെട്ടിട നം. 9/138 ന്റെ വിസ്തീർണ്ണം വ്യത്യാസപ്പെട്ടിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 46/17.11.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതും വസ്തുനികുതിയിനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ ആയത് പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-12-3 പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിച്ച കെട്ടിടത്തിന് വ്യത്യസ്ത ഉപയോഗക്രമം

1). 2011ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 17 പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടശേഷം കെട്ടിടത്തിന്റെ ഉപയോഗക്രമത്തിൽ മാറ്റം വരുത്തുന്നതിനായി കെട്ടിട ഉടമ മുപ്പത് ദിവസം മുമ്പായി ഗ്രാമപഞ്ചായത്തിൽ അറിയിക്കേണ്ടതും ഫോറം നമ്പർ 2ൽ പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പരിശോധിച്ചതിൽ പാർപ്പിടാവശ്യങ്ങൾക്ക് വസ്തു നികുതി കണക്കാക്കുന്ന താഴെപ്പറയുന്ന കെട്ടിട നമ്പരുകളിൽ വാണിജ്യാവശ്യത്തിന് ലൈസൻസ് നൽകിയിട്ടുണ്ട്.

| ക്രമ നം | വാർഡ്/കെട്ടിട നം | ലൈസൻസ് ഉടമയുടെ പേര് | ലൈസൻസ് ആവശ്യകത | സഞ്ചയ ഉപയോഗ ക്രമം |
|---|---|---|---|---|
| 1 | 4/115 116, 117 | ബിജുകുമാർ | സൂപ്പർമാർക്കറ്റ് | പാർപ്പിടം |
| 2 | 14/657 | മുനീർ | പെട്രോൾ, ഡീസൽ പമ്പ് | പാർപ്പിടം |
| 3 | 14/536 | ദീപ. | തയ്യൽക്കട | പാർപ്പിടം |
| 4 | 10/202 | മഞ്ജു സുനിൽകുമാർ | ബാഗുകൾ, സഞ്ചികൾ എന്നിവയുടെ നിർമ്മാണവും വില്പനയും | പാർപ്പിടം |

ഇപ്രകാരം സഞ്ചയയിൽ നികുതിനിർണ്ണയിച്ചിരിക്കുന്ന ഉപയോഗക്രമത്തിൽ നിന്ന് വ്യത്യസ്തമായി ഉപയോഗിക്കുന്ന മുഴുവൻ കെട്ടിടങ്ങളേയും കണ്ടെത്തേണ്ടതും നികുതിചോർച്ച തടയേണ്ടതുമാണ്. ഇത് സംബന്ധിച്ച് ഓഡിററ് എൻക്വയറി നം. 20/14.11.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

**2). ലൈസൻസ് രജിസ്റ്റർ പ്രകാരം കെട്ടിടനം. 14/442-C, 442-D എന്നിവയിൽ പ്രവർത്തിക്കുന്ന സൂപ്പർമാർക്കറ്റിന് ശ്രീ. സുമേഷ്. ആർ എന്ന വ്യക്തിയ്ക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. എന്നാൽ സഞ്ചയ പരിശോധിച്ചതിൽ അത്തരമൊരു കെട്ടിടം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.**

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 20/14.11.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-12-4 വസ്തു നികുതി നിർണ്ണയം- ഫോറം 6 ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 11 (2) പ്രകാരം കെട്ടിട ഉടമ ഫാറം 2ൽ വസ്തു നികുതി റിട്ടേൺ സമർപ്പിക്കേണ്ടതും ചട്ടം 12(4) പ്രകാരം കെട്ടിട ഉടമ വസ്തുനികുതി റിട്ടേൺ സമർപ്പിച്ച സംഗതിയിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ ആറുമാസത്തിനകം സ്ഥലത്ത് പോയി ഫാറം-6ൽ ശേഖരിക്കേണ്ടതും അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി നികുതി നിർണ്ണയം നടത്തേണ്ടതും ആ വിവരം വസ്തു നികുതി നിർണ്ണയരജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ വസ്തു നികുതി നിർണ്ണയ ഫയലുകൾ പരിശോധിച്ചതിൽ മേൽ ചട്ടങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടുള്ളതായി കാണുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

A) വസ്തു നികുതി നിർണ്ണയം സംബന്ധിച്ച് ഫയൽ നം. 1092/16.3.23, 1090/16.3.23, 47/2023 എന്നീ ഫയലുകൾ

പരിശോധിച്ചതിൽ യാതൊന്നിലും തന്നെ സ്ഥലപരിശോധനാ റിപ്പോർട്ട്, ഫോറം 6 എന്നിവ ഫയലിനൊടൊപ്പം സൂക്ഷിച്ചിട്ടില്ല.

B) ഫയൽ നം. 47/2023 പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

ഫോറം 6 രേഖപ്പെടുത്തലുകൾ വരുത്തി ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. ഉടമസ്ഥൻ ലഭ്യമാക്കിയിട്ടുള്ള ഫോറം 2 ൽ മേഖല പ്രാഥമികം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ സഞ്ചയ പരിശോധിച്ചതിൽ മേഖല ദ്വിതീയം എന്ന് രേഖപ്പെടുത്തി ഇളവ് നൽകിയിട്ടുണ്ട്. സഞ്ചയയിൽ കെട്ടിടത്തിന് രേഖപ്പെടുത്തിയിരിക്കുന്ന ആകെ വിസ്തീർണ്ണം 193.88 ച.മീറ്ററും അടിസ്ഥാനവസ്തുനികുതി 6 രൂപയുമാണ്. സ്ഥലപരിശോധനറിപ്പോർട്ട്/ഫോറം 6 എന്നിവ ലഭ്യമല്ലാത്തതിനാൽ സഞ്ചയയിൽ വസ്തുനികുതി കണക്കാക്കിയതിന്റെ ആധികാരികത ഉറപ്പാക്കാനായിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം 30/13.11.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഫോറം 6, സ്ഥലപരിശോധനാറിപ്പോർട്ട് എന്നിവയുടെ അഭാവത്തിൽ വസ്തുനികുതിനിർണ്ണയത്തിന്റെ കൃത്യത ഉറപ്പാക്കാനായിട്ടില്ല. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും വസ്തുനികുതി നിർണ്ണയഫയലിനോടൊപ്പം ഫോറം 6, സ്ഥലപരിശോധനാറിപ്പോർട്ട് എന്നിവ സൂക്ഷിക്കേണ്ടതുമാണ്.

## 1-12-5 സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വസ്തുനികുതി ഇളവ് നൽകി

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 207 പ്രകാരം വിവിധ സർക്കാർ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ താഴെപ്പറയുന്ന അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളെ സർക്കാർ/ എയ്ഡഡ് സ്ഥാപനം എന്ന് രേഖപ്പെടുത്തി മേൽ വകുപ്പ് പ്രകാരം നികുതി ഒഴിവാക്കിയിട്ടുണ്ട്.

| വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് | ഉപയോഗക്രമം | കെട്ടിടത്തിന് നൽകിയ ഇളവ് |
|---|---|---|---|
| 2/227 | ബി ആൻറ് ബി പബ്ളിക് സ്കൂൾ | വിദ്യാഭ്യാസാവശ്യം | വിദ്യാഭ്യാസ സ്ഥാപനം-എയിഡഡ് (സെ. 207(1 (ബി) ) - വിദ്യാഭ്യാസ ആവശ്യത്തിനും അനുബന്ധ ആവശ്യത്തിനുമുള്ള കെട്ടിടങ്ങൾ |
| 13/418 , 13/419, 13/420, 13/421, 13/422, 13/423, 13/424, 13/425, 13/426, 13, 427 | രാജാരവിവർമ്മ സെൻട്രൽ സ്കൂൾ | വിദ്യാഭ്യാസാവശ്യം | നികുതി /ഉപനികുതി ഒഴിവാക്കപ്പെട്ട കെട്ടിടം എന്നാണ് കെട്ടിടത്തിന്റെ ഉപയോഗക്രമം സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. നികുതി ഒഴിവാക്കപ്പെട്ടതിന്റെ വിവരങ്ങളിൽ നികുതി ഒഴിവാക്കിയിട്ടില്ലായെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ വസ്തുനികുതി ഡിമാന്റ് ചെയ്യുകയോ തുക കളക്ട് ചെയ്യുകയോ ചെയ്തിട്ടില്ല |

ഇപ്രകാരം സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നികുതിയിളവ് നൽകിയതിന്റെ കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 26/15.11.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകം പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതും നികുതി വരുമാനത്തിൽ ചോർച്ചയുണ്ടാകുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-12-6 പോസ്റ്റ് ഒക്യൂപെൻസി- ഓഡിറ്റ് – നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 21-ൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധനാ കെട്ടിടങ്ങൾ, ഗ്രൂപ്പ് ജി1, ജി2, ഐ. ഒക്യുപ്പൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് രണ്ട് വർഷത്തിന് ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുവാൻ സാധിക്കുന്നതാണെന്നും പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നിയമനടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( നം. 11/13.11.23) മറുപടി ലഭ്യമാക്കിയിട്ടില്ല. പോസ്റ്റ് ഒക്യൂപെൻസി ഓഡിററ് നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

## 1-12-7 നിയമാനുസൃതമല്ലാതെ നിർമിക്കപ്പെട്ട കെട്ടിടങ്ങളുടെ വസ്തു നികുതി സംബന്ധിച്ച അപാകങ്ങൾ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് ,വകുപ്പ് 235(ഡബ്ല്യൂ) പ്രകാരം നിയമ വിരുദ്ധമായി ആരംഭിച്ചതോ നടത്തിക്കൊണ്ടിരിക്കുന്നതോ പൂർത്തീകരിച്ചതോ ആയ കെട്ടിടത്തെ പൊളിച്ചു കളയുന്നതിനോ നിർമ്മാണത്തിൽ മാറ്റം വരുത്തുന്നതിനോ സെക്രട്ടറിയ്ക്ക് അധികാരമുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് ,വകുപ്പ് 235(എ എ) പ്രകാരം നിയമാനുസൃതമല്ലാതെ കെട്ടിടം നിർമ്മിക്കപ്പെട്ട വസ്തുവിന്റെ സർവ്വേ നമ്പർ, വസ്തു ഉടമയുടെ പേരുവിവരങ്ങൾ, കെട്ടിടത്തിന് നൽകപ്പെട്ട പ്രത്യേക നമ്പർ, ,കെട്ടിടത്തിന് ചുമത്തിയതും ഈടാക്കിയതുമായ വസ്തുനികുതി വിവരങ്ങൾ എന്നിവ ഉൾപ്പെട്ട രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അത്തരത്തിലൊരു രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ചുവടെ പറയുന്ന അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങൾ മേൽ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

| **Building ID** | **Door NO** | **Owner Name** | **Owner Address** |
|---|---|---|---|
| 50232010014554 | 10/517/D | Rajitha | Rajalakshmi Bhavan |
| 50232010014043 | 10/521/A (UA) | Krishnankutty | Madhu Bhavan |
| 50232010014646 | 12/270/UA | Aneesh Ar ,Bincy | Abin Manzil |
| 50232010014083 | 11/303/A | Krishnamma,Ushakumari | Kunnuvila Veedu |

അപാകങ്ങൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം 51/18.11.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-12-8 അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കുന്നതിൽ കുടിശ്ശിക

ചുവടെ പറയുന്ന അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കുന്നതിൽ കുടിശിക ഉള്ളതായി കാണുന്നു.

| **1)** | **50232010014554** | | **10/517/D** | | **Rajitha** | **Rajalakshmi Bhavan** | | |
|---|---|---|---|---|---|---|---|---|
| SL.No | Year | Period | Pro.Tax | LC | Surcharge | ServiceTax | TotalTax | Collected |
| | 2022-2023 | Ist Half | 231 | 12 | 0 | 0 | 243 | No |

| **2)** | **50232010013658** | **11/8/UA** | **Sreekantan** | **S.K Vilas** |
|---|---|---|---|---|

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | **Nair** | | | |
| SL.No | Year | Period | Pro.Tax | LC | Surcharge | ServiceTax | TotalTax | Collected |
| 1 | 2021-2022 | Ist Half | 617 | 31 | 0 | 0 | 648 | No |
| 2 | 2021-2022 | IInd Half | 616 | 31 | 0 | 0 | 647 | No |
| 3 | 2022-2023 | Ist Half | 617 | 31 | 0 | 0 | 648 | No |
| 4 | 2022-2023 | IInd Half | 616 | 31 | 0 | 0 | 647 | No |

| **3)** | **50232010013421** | | **9/7/UA** | | | **Anoop.V** | **Kollonathu Veedu** | |
|---|---|---|---|---|---|---|---|---|
| SL.No | Year | Period | Pro.Tax | LC | Surcharge | ServiceTax | TotalTax | Collected |
| 1 | 2022-2023 | Ist Half | 975 | 49 | 0 | 0 | 1024 | No |

| **4)** | **50232010013386** | | | **7/4/UA** | | **Lisa.S** | | **Sarath Bhavan** |
|---|---|---|---|---|---|---|---|---|
| SL.No | Year | Period | Pro.Tax | LC | Surcharge | ServiceTax | TotalTax | Collected |
| 1 | 2020-2021 | Ist Half | 260 | 13 | 0 | 0 | 273 | No |
| 2 | 2020-2021 | IInd Half | 259 | 13 | 0 | 0 | 272 | No |
| 3 | 2021-2022 | Ist Half | 260 | 13 | 0 | 0 | 273 | No |
| 4 | 2021-2022 | IInd Half | 259 | 13 | 0 | 0 | 272 | No |
| 5 | 2022-2023 | Ist Half | 260 | 13 | 0 | 0 | 273 | No |
| 6 | 2022-2023 | IInd Half | 259 | 13 | 0 | 0 | 272 | No |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 51/17.11.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-12-9 വസ്തു നികുതി - സഞ്ചയയിലെ രേഖപ്പെടുത്തലുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ് എന്ന് 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകൾ പരിശോധിച്ചതിൽ മേൽ ചട്ടങ്ങൾ പ്രകാരം നികുതി നിർണയം നടത്തിയ കെട്ടിടങ്ങളിൽ നിന്നും 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 13, 14 എന്നിവ പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കാതെ വസ്തു നികുതി പിരിച്ചെടുത്തിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

കൃഷ്ണമ്മ, ഉഷാകുമാരി എന്നിവരുടെ ഉടമസ്ഥതയിലുള്ള 11/303/A നമ്പർ കെട്ടിടത്തെ സംബന്ധിച്ച സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരണത്തിൽ ലൈഫ് മിഷൻ പ്രൊജക്റ്റ് എന്ന് രേഖപ്പെടുത്തുകയും റിമാർക്സ് കോളത്തിൽ Exempted എന്ന് രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്നു. എന്നാൽ ടി കെട്ടിടത്തിൽ നിന്നും 3818 രൂപ ഡിമാന്റ് ചെയ്യുകയും കളക്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്.

അപാകങ്ങൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം 51/18.11.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-13 ഫാക്ടറികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും മറ്റ് സംരംഭകപ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ

ഫാക്ടറികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും മറ്റ് സംരംഭകപ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകുന്നതിലെ അപാകങ്ങൾ ഉപഖണ്ഡികകളായി ചേർക്കുന്നു

### 1-13-1 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

**1. ലഭ്യമാക്കിയ വ്യവസായം, വാണിജ്യം, സംരംഭകത്വം, മറ്റ് സേവനങ്ങൾക്കുള്ള ലൈസൻസ് രജിസ്റ്റർ പ്രകാരം 2021-22 സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടുള്ള 1 മുതൽ 42 വരെയുള്ള രേഖപ്പെടുത്തലുകൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2022-23വർഷം ലൈസൻസ് പുതുക്കിയതായി കാണുന്നില്ല.**

| ക്രമ നം | വാർഡ്/കെട്ടിട നം | ഉടമയുടെ പേര് | വ്യാപാര സ്ഥാപനം |
|---|---|---|---|
| 1 | VI/115, 116, 117 | ബിജുകുമാർ.ആർ | സൂപ്പർമാർക്കറ്റ് |
| 2 | Ii/157 A | മുരുകൻ.എം.ആർ | സ്റ്റേഷനറി/റെഡിമെയ്ഡ് |
| 3 | XIV/737 | വരുൺനാഥ്.ആർ | ക്ലീനിംഗ് ആന്റ് ഡിന്റർജന്റ് ഐറ്റം സ്റ്റോക്ക് & ഡിസ്ട്രിബ്യൂഷൻ |
| 4 | IX/1431, 1440 | ശോഭിത. എ | പ്രിന്റിംഗ് പ്രസ്, നോട്ട്ബുക്ക് നിർമ്മാണം |
| 5 | Iv/538 | രാജേന്ദ്രൻ. വി | റബ്ബർവ്യാപാരം |
| 6 | Ix/25 | പാരിഷാബീവി | സ്റ്റിംച്ചിംഗ് സെന്റർ |
| 7 | ഹരിമോഹൻ. ആർ | Xiii/329 | ഭക്ഷണശാല |
| 8 | സുനിൽ ദിവാകർ | IX/436 B | ഫ്രൂട്ട്സ് സ്റ്റോറേജ് |
| 9 | ചന്ദ്രശേഖരൻനായർ | XI/530 | സ്റ്റേഷനറി സ്റ്റോർ |
| 10 | ദീപക്. എ,സ് | X/269 A | സിമന്റ് പെയിന്റ് വില്പന |

2. ലഭ്യമാക്കിയ FACTEO ലൈസൻസ് രജിസ്റ്റർ , ട്രേഡേഴ്സ് ലിസ്റ്റിലെ 1, 2 എന്നീ വാർഡുകൾ മാത്രം പരിശോധിച്ചതിൽ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2022-23 ൽ ലൈസൻസ് എടുത്തതായി കാണുന്നില്ല.

| ക്രമ നം | വാർഡ് നം. | ഉടമയുടെ പേര് | സ്ഥാപനം |
|---|---|---|---|
| 1 | I | ആനി റോസ് | സാം കാഷ്യൂ കമ്പനി |
| 2 | I | ആശ, | തിരുവോണം തയ്യൽ സെന്റർ |
| 3 | II | ഉണ്ണികൃഷ്ണപിള്ള | ജെ.എസ് വെൽഡിംഗ് |
| 4 | II | ശ്രീജേഷ്. എസ് | ജിദ്ദ മൊബൈൽസ് |
| 5 | II | ഡോ.എൽ. സുഭാഷ് | ശിവാലിക് ആയുർവേദിക് |
| 6 | II | ഷീബ. വി | ജനസേവനകേന്ദ്രം |
| 7 | II | മാലതി അമ്മ | തനിമ ഫുഡ് പ്രോഡക്ട്സ് |
| 8 | II | അശ്വതി. എ | സച്ചൂസ് ലേഡീസ് ആന്റ് കിഡ്സ് വെയർ |
| 9 | II | ലാല്യ. വി | ഗ്രീൻവുഡ് പാലസ് പെയിന്റ്സ് ആന്റ് ഹാർഡ് വെയർ |
| 10 | II | കെ. തുളസീധരൻപിള്ള | കാർത്തിക ബേക്കറി ആന്റ് സ്റ്റേഷനറി |
| 11 | II | സിംന. ജെ.എസ് | ഷബ്നം മെഡിക്കൽസ് |

| | | | |
|---|---|---|---|
| 12 | II | എം. ആർ. മുരുകൻ | എം. ആർ സ്റ്റോർസ് & ബേക്കറി |

ഇത് സംബന്ധിച്ച ഓഡിററ് എൻക്വയറി നം. 19/14.11.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്. വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ ചട്ടം സെക്ഷൻ 232(1) പ്രകാരം സെക്രട്ടറി നൽകുന്ന ഒരു ലൈസൻസ് കൂടാതെയും ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസൃതമായല്ലാതെയും പഞ്ചായത്ത് പ്രദേശത്ത് യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ല. ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളേയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതും നികുതിനഷ്ടം സംഭവിക്കുന്നില്ലായെന്ന് ഭരണസമിതി ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-13-2 മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണോ ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളതെന്ന് ഉറപ്പാക്കാനായിട്ടില്ല

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഓ(പി).നം.80/2017/ ത.സ്വ.ഭ.വ എസ്.ആർ.ഒ.നം.674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ മൈക്രോ, മിനി, സ്മാൾ, മീഡിയം ,ലാർജ്ജ് എന്നിങ്ങനെ വിവിധ തട്ടുകളായി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ചാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ ലൈസൻസിനായി സമർപ്പിച്ച എല്ലാ അപേക്ഷകളോടൊപ്പവും അപേക്ഷയുടെ അന്വേഷണ റിപ്പോർട്ടിലും മേൽ വിവരങ്ങൾ ഉൾപ്പെടുത്താത്തതിനാൽ ലൈസൻസ് ഫീ ഈടാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| അപേക്ഷകൻ | കെട്ടിടനം. | സ്ഥാപനം | ഈടാക്കിയ ഫീ | മൂലധനനിക്ഷേപം |
|---|---|---|---|---|
| രാജ്കുമാർ | VIII/556 | എക്സ്പോർട്ട്സ് ആന്റ് ഫാംസ് | ലഭ്യമല്ല | ലഭ്യമല്ല |
| ബാലചന്ദ്രൻ .സി | 3/75 | സ്റ്റേഷനറി | 500 | ലഭ്യമല്ല |
| ഷൈജു.വി | 10/129 | ഫ്രൂട്ട്സ് ഷോപ്പ് | 500 | ലഭ്യമല്ല |
| നിഖിൽ പി.സി | 14/246 | ഹാർഡ് വെയർ ഐറ്റംസ് | 500 | ലഭ്യമല്ല |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 19/14.11.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതുമാണ്.

## 1-13-3 ലൈസൻസില്ലാതെ സ്വകാര്യ ലൈവ് സ്റ്റോക്ക് ഫാം പ്രവർത്തിക്കുന്നു

കേരള പഞ്ചായത്ത് രാജ് നിയമം 1994 - വകുപ്പ് 232, 2012ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ - ചട്ടം 3 എന്നിവ പ്രകാരം ലൈവ്സ്റ്റോക്ക് ഫാമുകൾ സ്ഥാപിക്കുന്നതിനും നടത്തിക്കൊണ്ടുപോകുന്നതിനും ലൈസൻസ് എടുക്കേണ്ടതുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്തിന്റെ പരിധിയിൽ സ്വകാര്യ ലൈവ്സ്റ്റോക്ക് ഫാം പ്രവർത്തിക്കുന്നുണ്ട്. ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകിയിട്ടുള്ളതായി കാണുന്നില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.19/14.11.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ലൈവ്സ്റ്റോക്ക് ഫാമിന് ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്

## 1-13-4 ട്രേഡേഴ്സ് ലിസ്റ്റ് കാലികമല്ല

ലഭ്യമാക്കിയ FACTEO ലൈസൻസ് രജിസ്റ്റർ , ട്രേഡേഴ്സ് ലിസ്റ്റിലെ 1, 2 എന്നീ വാർഡുകൾ എന്നിവ മാത്രം പരിശോധിച്ചതിൽ 2022-23 ൽ ലൈസൻസ് എടുത്തിട്ടുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങൾ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നില്ല.

| ക്രമ | വാർഡ് | ഉടമയുടെ പേര് | സ്ഥാപനം |
|---|---|---|---|

| നം | നം. | | |
|---|---|---|---|
| 1 | I | റോയ്. കെ | കാഷ്യൂ പ്രോസസിംഗ് യൂണിറ്റ് |
| 2 | I | ഷറഫുദ്ദീൻ. ഇ | കാഷ്യൂ ഫാക്ടറി |
| 3 | I | സുദർശനൻ. ജി.എസ് | സ്റ്റേഷനറി സ്റ്റോർ |
| 4 | II | സുധീറുദ്ദീൻ.എം | അലുമിനിയം ഫാബ്രിക്കേഷൻ |
| 5 | II | രാജേഷ്. കെ | ചായ, കാപ്പി, ഊണ് മറ്റ് ആഹാര സാധനങ്ങൾ |
| 6 | II | അനൂപ് കുമാർ. ജി | ആയുർവേദ ഫാർമസി |
| 7 | II | അൻസീർ. എൻ | മൊബൈൽ ഫോൺ സെന്റർ |
| 8 | II | ജ്യോതി വി.ആർ | ആർ.സി.എം മാർക്കററിംഗ് |
| 9 | II | സലിം. വി | പൌൾട്ടി ഫാം |
| 10 | II | രമാദേവി .ഐ.പി | റബ്ബർ വ്യാപാരം |
| 11 | II | മഞ്ജു. പി | ഇലക്ട്രിക്കൽ ഹാർഡ് വെയർ |
| 12 | 11 | ചന്ദ്രഹാസൻ | പ്രൊവിഷൻ സ്റ്റോർ |
| 13 | II | രാജീവ്. വി. ആർ | ഫാൻസി ആന്റ് സ്റ്റേഷനറി |
| 14 | II | അനിൽകുമാർ. എസ് | പവർ ടൂൾ വാടകയ്ക്ക് നൽകൽ |
| 15 | II | ജയകുമാർ. സി.പി | വസ്ത്ര വ്യാപാരം |
| 16 | II | അബ്ദുൾ റഹ്മാൻ | സ്റ്റേഷനറി സ്റ്റോർ |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.19/14.11.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

കിളിമാനൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടുണ്ടെന്നാണ് ഓഡിറ്റ് അന്വേഷണം നം 1/09.11.2023 ന് മറുപടി നൽകിയതെങ്കിലും ഗ്രാമപഞ്ചായത്തിലെ ആകെ 15 വാർഡുകളിൽ 10 വാർഡുകളുടെ രേഖപ്പെടുത്തലുകൾ മാത്രമാണ് പരിശോധനക്ക് ലഭ്യമാക്കിയ ട്രേഡേഴ്സ് ലിസ്റ്റിലുള്ളത്. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13-5 സഞ്ചയ പ്രകാരം വാണിജ്യാവശ്യത്തിന് നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങളുടെ എണ്ണവും ലൈസൻസ് എടുത്തിട്ടുള്ള കെട്ടിടങ്ങളുടെ എണ്ണവും തമ്മിൽ പൊരുത്തപ്പെടുന്നില്ല

സഞ്ചയ പ്രകാരം വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ 1207 എണ്ണവും, 100 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ 27 എണ്ണവും, 200 ച.മീ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ 1 എണ്ണവും, 200ന് മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ 7 എണ്ണവും ഓഫീസ് ആവശ്യത്തിനുള്ളവ 16 എണ്ണവും അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ എന്നിവ 10 എണ്ണവും വ്യവസായത്തിനാവശ്യമുള്ളവ 65 എണ്ണവും ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ 30 എണ്ണവും ഉണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം ആകെ 255 സ്ഥാപനങ്ങളാണ് തൻവർഷം ലൈസൻസ് എടുത്തിട്ടുള്ളത്. സഞ്ചയ പ്രകാരം വാണിജ്യാവശ്യങ്ങൾക്ക് നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ എണ്ണവും ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണവും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 19/14.11.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ ലൈസൻസില്ലാതെ സ്ഥാപനങ്ങളൊന്നും തന്നെ പ്രവർത്തിക്കുന്നില്ലായെന്ന് ഭരണസമിതി ഉറപ്പു വരുത്തേണ്ടതാണ്.

## 1-14 തടികളുടെ ലേലം -തുടർനടപടികൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഭരണസമിതിയുടെ 6.8.2022 ലെ തീരുമാനം 13(1) പ്രകാരം Family Health Centre കോമ്പൗണ്ടിലെ മുറിച്ചിട്ടിരിക്കുന്ന തടികൾ ലേലം ചെയ്യുന്നതിനായി തടികളുടെ വാല്യുവേഷൻ നിർണയിച്ച് ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ അവ ലേലം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ലേല നടപടികളുടെ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 15 (1) ന്, 22.8.2022 ൽ ലേലവും 30.9.2022 ൽ പുനർലേലവും നടത്തുകയും 11.11.2022 ൽ ക്വട്ടേഷനുകൾ ക്ഷണിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും ആരും അതിൽ പങ്കെടുത്തിട്ടില്ലായെന്നും ജീർണ്ണാവസ്ഥയിലുള്ള മേൽ മരങ്ങൾ വിൽക്കുന്നതിനുള്ള അനുമതിയ്ക്കായി ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്തിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും അനുമതി ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-14-1 പാഴ് വസ്തുക്കളുടെ ലേലം- തുടർനടപടികൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

കിളിമാനൂർ ഗവ. ഹോമിയോഡിസ്പെൻസറിയിലെ കെട്ടിട നിർമ്മാണശേഷമുണ്ടായ പാഴ് വസ്തുക്കൾ വാല്യൂവേഷൻ എടുത്ത് ലേലം ചെയ്ത് നൽകുന്നതിന് ഭരണസമിതിയുടെ 22.3.2022 ലെ 8(1) നം. തീരുമാനപ്രകാരം തീരുമനിച്ചിട്ടുണ്ട്. അവ ലേലം ചെയ്ത് നൽകിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 15(3) ന് വാല്യൂവേഷൻ ലഭ്യമാകുന്ന മുറയ്ക്ക് ലേല നടപടികൾ പൂർത്തീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വാല്യൂവേഷൻ ലഭ്യമാക്കി ലേലനടപടികൾ പൂർത്തീകരിച്ച് തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-15 തൊഴിൽനികുതി-അപാകങ്ങൾ

തൊഴിൽനികുതി ഈടാക്കിയതിലെ അപാകങ്ങൾ ഉപഖണ്ഡികകളായി ചേർക്കുന്നു

### 1-15-1 തൊഴിൽനികുതി സമ്പൂർണ്ണഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204 പ്രകാരം പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് പഞ്ചായത്തിലോ അതിനു വെളിയിലോ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുന്നതോ അഥവാ പഞ്ചായത്ത് പ്രദേശത്തിൽ താമസിക്കുകയും മുതൽമുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതുമായ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. ഗ്രാമ പഞ്ചായത്തിൽ സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, സ്വകാര്യ സ്കൂൾ/ കോളേജ് ജീവനക്കാർ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡേറ്റാബേസ് പഞ്ചായത്ത് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. പരിശോധനയ്ക്ക് ലഭ്യമാക്കിയ തൊഴിൽനികുതി രജിസ്റ്ററിൽ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാസ്ഥാപനങ്ങൾ, ഫാക്ടറികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും മററ് സംരംഭകപ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടം പ്രകാരം ലൈസൻസ് എടുത്തിട്ടുള്ള ഏതാനും സ്ഥാപനങ്ങളും മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ലായെന്ന് ഓഡിറ്റ് എൻക്വയറി 1- ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തൊഴിൽ നികുതി അടവാക്കാൻ ബാധ്യതയുള്ള മുഴുവൻ വ്യക്തികൾ / സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. പ്രസ്തുത വിഷയത്തിലേയ്ക്ക് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

### 1-15-2 റേഷൻ കടകളിൽ നിന്ന് തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല

1. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ റേഷൻ കടകൾക്കും 2022-23 വർഷത്തേയ്ക്ക് 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് അനുവദിച്ചുനൽകേണ്ടതും, റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതുമാണ്.
   ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന റേഷൻ കടകൾ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും അടവാക്കിയിട്ടില്ല.
    1. ARD No. 243 Mulakkalathukavu
    2. ARD No. 244 Panappamkunnu
    3. ARD No. 245 Panappamkunnu
    4. ARD No. 246 Ponganadu
    5. ARD No. 247 Ponganadu
    6. ARD No. 248 Malayamadam
    7. ARD No. 250 Malayamadam
    8. ARD No. 251 Choottayil
    9. ARD No. 252 Puthiyakavu
    10. ARD No. 354 Kailasamkunnu
    11. ARD No. 371 RRV Junction
    12. ARD No. 372 Aroor

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം 4/10.11.2023 ന് മറുപടി ലഭ്യമാക്കിയില്ല. റേഷൻ കടകളിൽ നിന്ന്

തൊഴിൽ നികുതി , സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15-3 ജീവനക്കാരനിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204, 205 വകുപ്പുകൾ, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ബിസിനസ് നടത്തുന്നവരോ തൊഴിലിൽ ഏർപ്പെടുന്നവരോ ആയ ഏതൊരു സ്ഥാപനം / വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് അടിസ്ഥാനപ്പെടുത്തി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്.

എന്നാൽ രാജാരവിവർമ സെൻട്രൽ സ്കൂൾ, കിളിമാനൂർ സെക്യൂരിറ്റി ജീവനക്കാരനായ ശ്രീ. ജയകുമാറിന് വിമുക്ത ഭടൻ ആയതിനാൽ തൊഴിൽ നികുതി ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കിയതായി കാണുന്നു.

| അർദ്ധവർഷം | അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ട തൊഴിൽ നികുതി |
|---|---|---|
| 2022-23 1st Half | 51000/- | 450/- |
| 2022-23 2nd Half | 54000/- | 450/- |

അപാകം സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം 4/10.11.2023 ന് മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതും തൊഴിൽനികുതി ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്

## 1-15-4 സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204, 205 വകുപ്പുകൾ, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ബിസിനസ് നടത്തുന്നവരോ തൊഴിലിൽ ഏർപ്പെടുന്നവരോ ആയ ഏതൊരു സ്ഥാപനം / വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് അടിസ്ഥാനപ്പെടുത്തി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ, ഗ്രാമപഞ്ചായത്ത് ഈ ഇനത്തിൽ ലഭിക്കാവുന്ന മുഴുവൻ തൊഴിൽ നികുതി വരുമാനവും ഈടാക്കിയിട്ടിയില്ലായെന്ന് കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു

എ) തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ പറയുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

I) South Kerala Cashew Exports

Ii)Asian Cashew Exports

Iii)Roy Cashew Company

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം 4/10.11.2023 ന് മറുപടി ലഭ്യമാക്കിയില്ല. ടി സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി) 2022-23 വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ചുവടെ പറയുന്ന സ്ഥാപനങ്ങൾ കിളിമാനൂർ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ടി സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതിയോ ജീവനക്കാരിൽ നിന്ന് തൊഴിൽനികുതിയോ ഈടാക്കിയിട്ടില്ല.

I)കസ്തൂർബ സർവീസ് സഹകരണ ബാങ്ക് പോങ്ങനോട്

Ii)കസ്തൂർബ സർവീസ് സഹകരണ ബാങ്ക് ചൂട്ടയിൽ

Iii)കസ്തൂർബ സർവീസ് സഹകരണ ബാങ്ക് മുളയ്ക്കലത്തുകാവ്

Iv)കെ എസ് ഇ ബി ഓവർസിയർ

V)ബി എസ് എൻ എൽ

Vi)സി ഡി പി ഒ

Vii)രാജാരവിവർമ്മ മെമ്മോറിയൽ സാംസ്കാരിക നിലയം

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം 50/18.11.2023 ന് മറുപടി ലഭ്യമാക്കിയില്ല. ഈ സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15-5 തൊഴിൽനികുതി രജിസ്റ്റർ പ്രകാരം കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.

തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം 15000/- രൂപ സ്ഥാപന തൊഴിൽ നികുതി കുടിശ്ശികയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതി കുടിശ്ശിക ഈടാക്കാൻ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി സ്വീകരിച്ച നടപടികളുടെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം 1/09.11.2023 ന് തൊഴിൽ നികുതി കുടിശ്ശിക ഇല്ലായെന്നാണ് മറുപടി ലഭ്യമാക്കിയത്.വാർഷിക ധനകാര്യപത്രിക B-15 ഷെഡ്യൂൾ പ്രകാരം ഈയിനത്തിൽ അരിയറും കറണ്ടും ഉൾപ്പെടെ ആകെ 42490 രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. എ.എഫ്.എസും രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതും കുടിശ്ശിക തുക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കേണ്ടതുമാണ്

## 1-16 പട്ടികളുടേയും പന്നികളുടേയും ലൈസൻസ്- അപാകതകൾ

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 254, കേരളാ കേരളാ പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 എന്നിവ പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ നായകളെ വളർത്തുവാൻ പാടില്ല.സ്റ്റാറ്റസ് റിപ്പോർട്ടിൽ ഗ്രാമ പഞ്ചായത്തു പരിധിയിൽ വളർത്തു നായകളുടെഎണ്ണം 500 എന്നും ലൈസൻസ് ഉള്ളവ 70 എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ, ലൈസൻസ് രജിസ്റ്റർ പ്രകാരം 243 വളർത്തുനായകൾക്കാണ് 2022-23വർഷത്തേക്ക് ലൈസൻസ് നൽകിയിട്ടുള്ളത്. കൂടാതെ, മൃഗസംരക്ഷണ വകുപ്പിന്റെ ക്യാറ്റിൽ സെൻസസ് പ്രകാരമുള്ള വളർത്തുനായയുടെ കൃത്യമായ വിവരം സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുമില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.12/13.11.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് രാജ് ചട്ടം അനുശാസിക്കും പ്രകാരം പന്നികളുടേയും പട്ടികളുടേയും ലൈസൻസ് എടുപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

## 1-17 ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ ചലഞ്ച് -സാധ്യതകൾ ആരായാവുന്നതാണ്.

ടൂറിസം വികസന സാധ്യതയുള്ള പ്രദേശം കണ്ടെത്തി പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള ഡെസ്റ്റിനേഷൻ ചലഞ്ച്, ഉത്തരവാദിത്ത ടൂറിസം ഉൾപ്പെടെയുള്ള പദ്ധതികളുമായി സഹകരിച്ച് പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് സ.ഉ.(കൈ) നം. 84/2022/ ത.സ്വ.ഭ.വ തീ. 19-04-2022 പ്രകാരമുള്ള പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരണ മാർഗ്ഗരേഖയിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. സംസ്ഥാന ടൂറിസം വകുപ്പുമായി ചേർന്നുള്ള 'ഡെസ്റ്റിനേഷൻ ചലഞ്ച്' പദ്ധതികൾ കൂടുതൽ ഊർജ്ജിതമായി നടപ്പിലാക്കുന്നതിനും കേരളത്തിലെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും ഒരു ടൂറിസം കേന്ദ്രമെങ്കിലും വികസിപ്പിക്കാനുള്ള പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിന് സർക്കുലർ നം. ഡി.എ1/287/2022- തസ്വഭവ തീ. 17/04/2023 പ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുമുണ്ട്. 13.6.2022 ലെ ഭരണസമിതി തീരുമാനം 20(1) പ്രകാരം കിളിമാനൂർ ഗ്രാമ പഞ്ചായത്തിലെ ഏറ്റവുമധികം വിനോദസഞ്ചാര പ്രാധാന്യമുള്ള കിടാരക്കുഴി വെള്ളച്ചാട്ടത്തിന് വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് മുന്നോടിയായി ടി വെള്ളച്ചാട്ട പ്രദേശത്തെ റവന്യൂ വക ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിന് റവന്യൂ വകുപ്പിനോട് അഭ്യർത്ഥിച്ച് തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ തുടർനടപടി വിവരങ്ങളും വിനോദ സഞ്ചാര മേഖലയിൽ ഗ്രാമപഞ്ചായത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളും ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 14/13.11.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കിടാരക്കുഴി ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തി ടി വിനോദ സഞ്ചാര പദ്ധതി പ്രകാരമുള്ള വരുമാനം തനത് ഫണ്ടിൽ മുതൽക്കൂട്ടുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 നികുതി-നികുതിയേതര വരവുകൾ അവലോകനം

ഗ്രാമപഞ്ചായത്തുകളുടെ പ്രധാന നികുതി വരുമാനങ്ങൾ വസ്തുനികുതി, തൊഴിൽനികുതി, വിനോദനികുതി എന്നിവയാണ്. ഏറ്റവും വലിയ നികുതി വരുമാനമായ വസ്തുനികുതി നിയമാനുസൃത ഒഴിവുകളില്ലാത്ത എല്ലാ പാർപ്പിടാവശ്യ കെട്ടിടങ്ങളിൽ നിന്നും പാർപ്പിടേതര ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളിൽ നിന്നും ഈടാക്കുന്നു(കേരള പഞ്ചായത്ത് രാജ് നിയമം 203). രണ്ടാമത്തെ വലിയ നികുതി വരുമാനമായ തൊഴിൽ നികുതി, ജീവനക്കാർ, വ്യാപാരം, വ്യവസായം എന്നിവ നടത്തുന്നവർ, പ്രൊഫഷണൽസ്, സ്ഥാപനങ്ങൾ എന്നീ ഇനങ്ങളിലായി നിയമപ്രകാരം ഈടാക്കാം(കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്-204). സിനിമ ഉൾപ്പെടെയുള്ള വിനോദപരിപാടികളുടെ ടിക്കറ്റ് നിരക്ക് അടിസ്ഥാനപ്പെടുത്തി, വിനോദം നൽകുന്ന സ്ഥാപനം നൽകുന്ന ജി.എസ്.ടി റിട്ടേണുകളെ ആസ്പദമാക്കിയാണ് വിനോദ നികുതി ഗ്രാമപഞ്ചായത്തുകൾ സ്വീകരിക്കുന്നത്.

ആറാമത് ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശാനുസരണം വിഭവസമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകി ഒരു ടാക്സ് ഓഡിറ്റ് നടത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ തൊഴിൽ നികുതി, വസ്തുനികുതി എന്നിവയിലെ ഡിമാൻഡുകൾ പൂർണമല്ല എന്ന് വ്യക്തമായി. ഡിമാൻഡുകൾ പൂർണമല്ലാത്തത് നികുതി ചോർച്ചയ്ക്ക് ഇടയാക്കുന്നു. നികുതി നികുതിയേതര വരുമാനങ്ങളെ സംബന്ധിക്കുന്ന നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

**1) പുതിയ തനത് വരുമാനമേഖലകൾ:**

പുതിയ തനത് വരുമാനമേഖലകൾ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ ഒന്നുംതന്നെ ധനകാര്യസ്ഥിരം സമിതിയുടെയോ പഞ്ചായത്ത് സമിതിയുടെയോ തീരുമാനങ്ങളിൽ ഉൾപ്പെട്ടിട്ടില്ല. പഞ്ചായത്തിന് സ്വന്തമായി സ്ഥലമുള്ള ഭാഗം വാണിജ്യപരമായി പ്രാധാന്യമുള്ളതെങ്കിൽ, അവിടങ്ങളിൽ കടമുറികൾ നിർമ്മിച്ച് തനത് വാടകവരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. എന്നാൽ, ഇപ്രകാരമുള്ള നിർദ്ദേശങ്ങൾ സമിതിയുടെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. വാണിജ്യപരമായി പ്രാധാന്യം ഉള്ള സ്ഥലങ്ങളിൽ കെട്ടിടങ്ങളോ സ്ഥലങ്ങളോ ഒഴിഞ്ഞ് കിടക്കുന്നുണ്ടോയെന്ന് പരിശോധന വിധേയമാക്കേണ്ടതാണ്.

**2)തനത് വരുമാനങ്ങൾ നിശ്ചിതസമയത്തിനുള്ളിൽ പിരിച്ചെടുക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.**

വാർഷിക കണക്കുകൾ പ്രകാരം വസ്തുനികുതി, തൊഴിൽ നികുതി-സ്ഥാപനങ്ങൾ എന്നിവയിൽ കുടിശ്ശിക നിലനിൽക്കുന്നുണ്ട്. തൊഴിൽ നികുതി ഡിമാൻഡിൽ എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്താത്തത് കാരണം കുടിശ്ശിക ഉണ്ടായിട്ടും കുടിശ്ശിക സംബന്ധിക്കുന്ന വിവരങ്ങൾ വാർഷിക കണക്കുകളിൽ ഉൾപ്പെടാത്ത സാഹചര്യമുണ്ട്.

നികുതി/നികുതിയേതര വരവിനങ്ങളുടെ അവലോകന യോഗങ്ങൾ കൂടി, പിരിവ് പുരോഗതി, നികുതി വർദ്ധനവ് എന്നിവ ചർച്ച ചെയ്യേണ്ടതാണ്.

**3) പ്രൊഫഷണലുകളിൽ നിന്നുള്ള തൊഴിൽ നികുതി വരുമാനം ഡിമാൻഡ് ചെയ്യുന്നില്ല**

നിയമാനുസൃതം സ്വയം തൊഴിലെടുക്കുന്ന (പ്രൊഫഷണൽസ്) ഡോക്ടർമാർ, അഭിഭാഷകർ, ആർക്കിടെക്റ്റ്, ടാക്സ് പ്രാക്ടീഷണർമാർ, ചാർട്ടേഡ് അക്കൌണ്ടന്റ്, ഇൻഷ്വറൻസ് ഏജന്റുമാർ, പൊതുമരാമത്ത് കോൺട്രാക്ടർമാർ തുടങ്ങിയ ഒരു വലിയവിഭാഗം തൊഴിൽ നികുതി ചുമത്തലിൽ നിന്നും ഒഴിവാക്കപ്പെടുന്നുണ്ട്. മതിയായ വിവര അടിത്തറയുടെ അഭാവമാണ് പ്രധാനകാരണം. 2022-23 വാർഷികകണക്കുകളെ അടിസ്ഥാനപ്പെടുത്തിയാൽ ഈ ഇനത്തിൽ ഒരാളിൽ നിന്നുപോലും ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതി ഈടാക്കിയിട്ടില്ലായെന്നത് വ്യക്തമാണ്.

**4) തൊഴിൽ നികുതി ഈടാക്കുന്നതിന് സോഫ്റ്റ്‌വെയർ അധിഷ്ഠിത സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണ്:**

തൊഴിൽ നികുതിയുടെ ഡേറ്റാബേസ് നാളിതുവരെയും ഡിജിറ്റലൈസ് ചെയ്തിട്ടില്ല. സ്ഥാപനങ്ങൾക്ക് പെർമനന്റ് നമ്പർ നൽകികൊണ്ട് തൊഴിൽനികുതി വിവര അടിത്തറ ഡിജിറ്റലൈസ് ചെയ്യുന്നതിന് IKM മുഖാന്തിരം സർക്കാരിനോട് ആവശ്യപ്പെടാവുന്നതാണ്. തൊഴിൽ നികുതിയിലെ വരുമാനനഷ്ടം ഒരളവുവരെ ഇപ്രകാരം പരിഹരിക്കാവുന്നതാണ്.

**5) മുൻ വസ്തുനികുതി പരിഷ്കരണത്തിൽ അപാകങ്ങൾ നിലനിൽക്കെ വീണ്ടും നികുതി പരിഷ്കരിക്കുമ്പോൾ അപാകങ്ങൾ ഒഴിവാക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്**

2013 നികുതി പരിഷ്കരണത്തിലെ നിരവധി പിഴവുകൾ തുടർന്നുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ മുഖാന്തിരം ചൂണ്ടി കാണിച്ചിട്ടുണ്ടെങ്കിലും അപാകങ്ങൾ നിലവിലും തുടരുന്ന സാഹചര്യമുണ്ട്. പ്രസ്തുത വസ്തു നികുതി പരിഷ്കരണത്തിന്റെ ഡാറ്റാ എൻട്രി നിലവിലും പൂർത്തീകരിക്കപ്പെട്ടിട്ടില്ല. കെട്ടിടങ്ങളുടെ ഉപയോഗക്രമം കൃത്യമായാണോ ഉൾപ്പെടുത്തിയത്, വസ്തുനികുതി നിർണയത്തിന് സ്വീകരിച്ച റോഡുകളുടെ വിസ്തൃതി, മേഖല ഡേറ്റാ എൻട്രി നടത്തിയപ്പോൾ കൃത്യമായി ഉൾപ്പെടുത്തിയോ, മേൽത്തരം തറ നിർമ്മിതിക്ക് ബാധകമാക്കേണ്ട വർദ്ധനവ് ഉൾപ്പെടുത്തിയിരുന്നോ തുടങ്ങിയ പരിശോധനകൾ നൂറുശതമാനം നടന്നിട്ടില്ല. നൂറുശതമാനം കൃത്യമാക്കാത്ത ഡേറ്റാ ബേസ് ആസ്പദമാക്കി നികുതി വീണ്ടും പരിഷ്കരിക്കേണ്ട സാഹചര്യം വസ്തുനികുതി നിർണയത്തിലെ അപാകത്തിന് ഇടയാക്കുന്നതാണ് .

**6)സേവന ഉപനികുതി സാധ്യതകൾ തനത് വരുമാന വർദ്ധനവിനായി പരിഗണിക്കാവുന്നതാണ്:**

2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 എന്നിവയിലാണ് സേവന ഉപനികുതിയെക്കുറിച്ച് പ്രതിപാദിച്ചിട്ടുള്ളത്. ഒരു പഞ്ചായത്ത് പ്രദേശത്തെ സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടില്ലാത്ത ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകൾ, ഡ്രെയിനേജ് എന്നിവയ്ക്കുള്ള സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ, ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ വസ്തുനികുതിയിൻമേൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. എന്നാൽ കിളിമാനൂർ ഗ്രാമപഞ്ചായത്തിൽ നിലവിൽ സേവന ഉപനികുതി ഈടാക്കുന്നില്ല. സേവനങ്ങൾ ലഭ്യമാക്കാത്ത കെട്ടിടങ്ങളെ സേവന ഉപനികുതിയിൽ

നിന്നും ഒഴിവാക്കാവുന്നതാണ്. ചട്ടം 27 പ്രകാരം വസ്തു നികുതിയിന്മേൽ താഴെ പറയുന്ന നിരക്കുകളിൽ കുറയാതെ സേവന ഉപനികുതി ഈടാക്കാവുന്നതാണ്.

| ക്രമ നമ്പർ | സേവനം | വസ്തുനികുതിയിൻമേൽ ചുമത്താവുന്ന പരമാവധി സേവന ഉപനികുതി |
|---|---|---|
| 1 | **ശുചിത്വ പരിപാലനം** | **4%** |
| 2 | **ജല വിതരണം** | **3%** |
| 3 | **തെരുവു വിളക്കുകൾ** | **2%** |
| 4 | **ഡ്രെയിനേജ്** | **1%** |

വസ്തു നികുതി നിർണയം, ചുമത്തൽ, പിരിച്ചെടുക്കൽ എന്നീ നടപടിക്രമങ്ങൾ ആവശ്യമായ ഭേദഗതികളോടെ സേവന ഉപനികുതിയുടെ നിർണയം, ചുമത്തൽ, പിരിച്ചെടുക്കൽ എന്നിവയ്ക്കും ബാധകമാണെന്ന് ചട്ടം 28 ൽ വ്യക്തമാക്കിയിട്ടുണ്ട്. ആയത് രണ്ട് അർദ്ധ വർഷ ഗഡുക്കളായി വസ്തു നികുതിയോടൊപ്പം പിരിക്കാവുന്നതാണ്. സേവനം നൽകുന്ന മേഖലയിൽ ഗ്രാമപഞ്ചായത്തിന് നിശ്ചിത നിരക്കിനേക്കാൾ കുറയാതെയുള്ള നിരക്ക് ഓരോ ഇനത്തിനും നിശ്ചയിക്കാവുന്നതാണ്. സേവനം നൽകുന്ന മേഖലയിൽ ഗ്രാമപഞ്ചായത്തിന്, മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള നിരക്കിനേക്കാൾ കുറയാതെയുള്ള നിരക്ക് ഓരോ ഇനത്തിനും നിശ്ചയിക്കാവുന്നതാണ്.

**ഓഡിറ്റിന്റെ ശുപാർശകൾ:**

1)തനതുവരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്ഥിരം സമിതിയിൽ ഒരു അജണ്ടയായി ഉൾപ്പെടുത്തുന്നത് പരിഗണിക്കാവുന്നതാണ്.

2) നികുതി/നികുതി ഇതര വരവുകളുടെ അവലോകനം എല്ലാ ധനകാര്യ സ്ഥിരം സമിതി യോഗങ്ങളിലും അവതരിപ്പിക്കുന്നത് പരിഗണിക്കാവുന്നതാണ്.

3)അനധികൃത നിർമ്മാണം കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് ഒരു ഉപസമിതിയെ നിശ്ചയിച്ച് സ്ഥിരമായ റിപ്പോർട്ടിംഗ് ആവശ്യപ്പെടാവുന്നതാണ്.

4) പഞ്ചായത്ത് പരിധിയിലുള്ള പ്രൊഫഷണലുകളുടെ പട്ടിക തയ്യാറാക്കി തൊഴിൽ നികുതി കൃത്യമായി ഡിമാൻഡ് ചെയ്യേണ്ടതാണ്.

5)തൊഴിൽ നികുതി ഡിമാൻഡും പിരിവും സോഫ്റ്റ്‌വെയർ അധിഷ്ഠിതമാക്കുന്നതിന് IKMനോട് ആവശ്യപ്പെടാവുന്നതാണ്.

6) വസ്തു നികുതി നിർണ്ണയത്തിന്റെയും പരിഷ്കരണത്തിന്റെയും ഡേറ്റാപ്യൂരിഫിക്കേഷൻ ഫീൽഡ് തല റിപ്പോർട്ടിനൊപ്പം നടത്തേണ്ടതാണ്.

7) ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്താവുന്നതാണ്.

8) സാങ്കേതികമായ പ്രശ്നങ്ങൾ IKM ന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

9) സർക്കാർ നിർദ്ദേശപ്രകാരമുള്ള ഉപയോഗക്രമങ്ങൾക്ക് സമയബന്ധിതമായി നിരക്ക് നിശ്ചയിച്ച് വസ്തുനികുതി പരിഷ്കരണം സഞ്ചയയിൽ ഉൾപ്പെടുത്തേണ്ടതാണ്.

10) സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കാവുന്നതാണ്.

## 1-19 ഇ-ടെണ്ടർ ഫീസ് തുക ഗ്രാമ പഞ്ചായത്തിൽ ഒടുക്കുവരുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) 28075/- രൂപ തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കുവരുത്തിയിട്ടുണ്ട് എന്നും പ്രസ്തുത തുക ഗ്രാമപഞ്ചായത്തിന് തിരികെ ലഭ്യമാക്കുന്നതിനായുള്ള നടപടികൾ നടന്നു വരുന്നതായി ഓഡിറ്റ് എൻക്വയറി നമ്പർ 18/14.11.2023 ന് മറുപടിയായി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത തുക തനത് ഫണ്ടിൽ ലഭ്യമാക്കി വിവരം റിപ്പോർട്ടു ചെയ്യേണ്ടതാണ്.

## 1-20 സ്ത്രീ പദവി പഠനം- പെൺ അടയാളങ്ങൾ- തുടർ വിവരങ്ങൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്

| | |
|---|---|
| പദ്ധതിയുടെ പേര് | സ്ത്രീ പദവി -പഠനം- പെൺ അടയാളങ്ങൾ |
| പദ്ധതി നമ്പർ | 130/23 |
| പദ്ധതി അടങ്കൽ | 47500/- രൂപ(വികസന ഫണ്ട് പൊതുവിഭാഗം) |

| | |
|---|---|
| പദ്ധതി ചെലവ് | 13010/- രൂപ(വികസന ഫണ്ട് പൊതുവിഭാഗം) |
| എ സി ആർ ബിൽ നം/തീയതി – തുക | 312/16.03.2023 |
| നിർവഹണ ഉദ്യോഗസ്ഥ | ഐസിഡിഎസ് സൂപ്പർവൈസർ |

സ്ത്രീകളുടെ അവസ്ഥയും പ്രശ്നങ്ങളും ആവശ്യങ്ങളും മനസ്സിലാക്കാനും പ്രദേശത്തെ ലിംഗപദവി സൗഹൃദമാക്കുന്നതിനും ലക്ഷ്യമാക്കിയുള്ള പദ്ധതിയുടെ ഭാഗമായി കിളിമാനൂർ ഗ്രാമപഞ്ചായത്തിൽ എന്യൂമറേറ്റർമാരായി നിയമിച്ച ആസിയ വൈ എസ്, കീർത്തി ആർ നാഥ് എന്നിവർക്ക് സർവ്വേ, സ്മാർട്ട് ഫോൺ റീചാർജ്, ഫോട്ടോസ്റ്റാറ്റ്, ഐ ഡി കാർഡ് എന്നീ ചെലവുകളിലേക്കായി 13010/- രൂപ കൈമാറിയിട്ടുണ്ട്. സമയബന്ധിതമായി സർവ്വേ പൂർത്തിയാക്കി, സർവ്വേ റിപ്പോർട്ട് പരിശോധിച്ച് ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുണ്ടെന്നും ജില്ലയിൽ നിന്നും പഠനറിപ്പോർട്ട് ലഭിക്കാത്തതിനാൽ സ്റ്റാറ്റസ് റിപ്പോർട്ട് പ്രസിദ്ധീകരിക്കാൻ സാധിച്ചിട്ടില്ലായെന്നും ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (2/09.11.2023) മറുപടി ലഭ്യമാക്കി. ജില്ലയിൽ നിന്നും റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതിയുടെ തുടർ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-21 മുളയ്ക്കലത്തുകാവ് എഫ്.എച്ച്.സി കോമ്പൌണ്ടിലെ മരങ്ങൾ അനുമതിയില്ലാതെ മുറിച്ച് മാറ്റി- തുടർനടപടി വിവരം ലഭ്യമാക്കിയിട്ടില്ല

മുളയ്ക്കലത്തുകാവ് എഫ്.എച്ച്.സി കോമ്പൌണ്ടിലെ മരങ്ങൾ അനുമതിയില്ലാതെ മുറിച്ച് മാറ്റിയതുമായി ബന്ധപ്പെട്ട് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 09/02/2022 തീയതിയിലെ ആർസി3/455/2020/തസ്വഭവ നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ 11.5.2022 ലെ ഭരണസമിതി 5(1) തീരുമാനപ്രകാരം എഫ്.എച്ച്.സി കോമ്പൌണ്ടിലെ മുറിച്ച മാറ്റപ്പെട്ട മരങ്ങളിൽ നിലവിലുള്ള തടികളുടെ ലേലനടപടികൾ നടത്തുന്നതിലേക്ക് ആയതിന്റെ വാല്യുവേഷൻ കണക്കാക്കി നൽകുന്നതിന് സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, അസിസ്റ്റൻറ് ഫോറസ്റ്റ് കൺസർവേറ്ററോട് അഭ്യർത്ഥിച്ചിട്ടുണ്ട്. അതോടൊപ്പം ഗ്രാമപഞ്ചായത്തിൻറെ അറിവോ സമ്മതമോ കൂടാതെ മരങ്ങൾ മുറിച്ച് മാറ്റിയത് സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്. ആയതിൻമേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം, വാല്യുവേഷൻ ലഭ്യമായി ലേലനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം എന്നിവ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി 2/9.11.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിൻമേൽ വിശദമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-22 അതിദാരിദ്ര്യം മൈക്രോ പ്ലാൻ അനുബന്ധ പ്രവർത്തനങ്ങൾ- ഗുണഭോക്തൃലിസ്റ്റ് പരിശോധനക്ക് ലഭ്യമാക്കിയില്ല

| | |
|---|---|
| പദ്ധതി നമ്പർ | 135/23 |
| പദ്ധതിയുടെ പേര് | അതിദാരിദ്ര്യം മൈക്രോ പ്ലാൻ അനുബന്ധ പ്രവർത്തനങ്ങൾ |
| പദ്ധതി അടങ്കൽ | 56900/- (വികസനഫണ്ട് പൊതുവിഭാഗം) |
| പദ്ധതി ചെലവ് | 12413/-(വികസനഫണ്ട് പൊതുവിഭാഗം) |
| എ സി ആർ ബിൽ നമ്പർ /തീയതി | 349/28.03.2023 |
| നിർവഹണ ഉദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ (എഫ് എച്ച് സി) |

പദ്ധതി പ്രകാരം നിന്നും 12413/- രൂപ ചെലവഴിച്ച് ഇൻ ഹൗസ് ഡ്രഗ് ബാങ്കിൽ നിന്നും വാങ്ങിയ മരുന്നുകൾ വിതരണം ചെയ്തതിന്റെ രജിസ്റ്റർ മാത്രമാണ് പരിശോധനക്ക് ലഭ്യമാക്കിയത്. അതിദാരിദ്ര്യം മൈക്രോ പ്ലാൻ പ്രകാരമുള്ള ഗുണഭോക്തൃ ലിസ്റ്റോ ബന്ധപ്പെട്ട രേഖകളോ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ അംഗീകൃത ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് തന്നെയാണോ മരുന്നുകൾ വിതരണം ചെയ്തത് എന്ന് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. ഗുണഭോക്തൃ ലിസ്റ്റും രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-23 എഫ് എച്ച് സി ക്ക് കമ്പ്യൂട്ടർ വാങ്ങൽ- 6600/- രൂപയുടെ ചെലവു രേഖകൾ ലഭ്യമാക്കിയില്ല

| | | |
|---|---|---|
| പദ്ധതി നമ്പർ | 5/23 | |
| പദ്ധതിയുടെ പേര് | എഫ് എച്ച് സി ക്ക് കമ്പ്യൂട്ടർ വാങ്ങൽ | |
| പദ്ധതി അടങ്കൽ | 50000/- രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) | |
| പദ്ധതി ചെലവ് | എ സി ആർ ബിൽ നമ്പർ /തീയതി | തുക(രൂപ) |
| | 185/05.01.2023 | 43332/- |
| | 322/18.03.2023 | 6600/- |
| | ആകെ | 49932/- |
| നിർവഹണ ഉദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ(എഫ് എച്ച് സി) | |

പദ്ധതിയിൽ ഉൾപ്പെടുത്തി 43332/- രൂപയ്ക്ക് കെൽട്രോണിൽ നിന്നും കമ്പ്യൂട്ടർ വാങ്ങുകയുണ്ടായി. എന്നാൽ വിൻസ്റ്റാർ സിസ്റ്റംസ് എന്ന സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക്( IFSC: CNRB0002968, A/c 2968201005101) 6600/- രൂപ കൈമാറിയിട്ടുണ്ട്. ആയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം 31/ 16.11.2023ന് മറുപടിയായി JPHN മാർക്ക് പ്രിന്ററും കമ്പ്യൂട്ടറും വേണമെന്ന മെഡിക്കൽ ഓഫീസറുടെ അപേക്ഷയിലാണ് പ്രോജക്ട് തയ്യാറാക്കിയതെന്നും പ്രോജെക്റ്റ് DPC കഴിഞ്ഞ് വന്നപ്പോൾ പ്രിന്റർ അതിൽ ഉൾപ്പെട്ടില്ലെന്നും റിവിഷൻ മുഖേന ഉൾപ്പെടുത്തിയെന്നുമാണ് മറുപടി ലഭ്യമാക്കിയത്. ഇതു സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല.
കെൽട്രോണിൽ പ്രിന്ററിന്റെ ലഭ്യത ഇല്ലാത്ത സാഹചര്യത്തിലാണ് അത് വിൻസ്റ്റാർ സിസ്റ്റംസ് എന്ന സ്ഥാപനത്തിൽനിന്ന് വാങ്ങിയതെന്നും വിശദീകരിച്ചിട്ടുണ്ട്. എന്നാൽ അതിന്റെ ടാക്സ് ഇൻ വോയിസ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
പ്രിൻറർ വാങ്ങുന്നതിന് പദ്ധതി റിവിഷൻ നടത്തിയത് സംബന്ധിച്ച രേഖകൾ, പ്രിൻറർ വാങ്ങിയതിന്റെ ടാക്സ് ഇൻ വോയിസ് എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-24 പാലിന് സബ്സിഡി-തുക തിരിച്ചടവാക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല

**29.12.2022** ലെ **18(1)** നം ഭരണസമിതി തീരുമാനപ്രകാരം **2017-18** സാമ്പത്തിക വർഷം പാലിന് സബ്സിഡി വനിത പ്രോജക്ടിലെ **577388** രൂപയിൽ **209706/-രൂപ** മാത്രം ചെലവഴിച്ചതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുള്ളതെന്നും ബാലൻസ് തുകയായ **367682/-**രൂപ എത്രയും വേഗം **ROP** ഹെഡ്ഡിൽ തിരികെ അടച്ച് ചെല്ലാന്റെ പകർപ്പ് ലഭ്യമാക്കണമെന്ന് ക്ഷീരവികസന ഓഫീസർ ആവശ്യപ്പെട്ടിട്ടുണ്ടെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ വിഷയത്തിൻമേൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്. തുക തിരിച്ചടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി **2/9.11.23** ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക തിരിച്ചടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശവും അടവാക്കിയിട്ടില്ലായെങ്കിൽ കാരണവും ലഭ്യമാക്കേണ്ടതാണ്.

## 1-25 പുളിമൂട് ഗവ.മൃഗാശുപത്രിയുടെ വൈദ്യുത ബിൽ കുടിശ്ശിക- അടവാക്കിയതിന്റെ രേഖകൾ ലഭ്യമല്ല

പുളിമൂട് ഗവ.മൃഗാശുപത്രിയുടെ വൈദ്യുത ബിൽ കുടിശ്ശിക (ഒറ്റത്തവണ തീർപ്പാക്കൽ) RS 4228/- രൂപ അടവാക്കുന്നതിനായി ആവശ്യപ്പെട്ടുകൊണ്ട് KSEB നോട്ടീസ് ലഭിച്ചിട്ടുള്ളതായി 04.02.2023-ലെ 7(1) ഭരണസമിതി തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വെറ്ററിനറി സർജൻ സമർപ്പിച്ച റിപ്പോർട്ടിൽ വെറ്ററിനറി ഡിസ്പൻസറിയുടെ മീറ്റർ 01/2017 മുതൽ കേടായിരുന്നുവെന്നും കേടാകുന്നതിന് മുമ്പുള്ള ശരാശരി ഉപഭോഗം 228 യൂണിറ്റായിരുന്നുവെന്നും മടവൂർ KSEB സെക്ഷനിൽ നിന്നും അറിയിച്ചിട്ടുള്ള നോട്ടീസിൽ രേഖപ്പെടുത്തിയിരുന്നു. KSEB യുടെ ഓഡിറ്റ് പ്രകാരമാണ് 4228/- രൂപ അടവാക്കുന്നതിന് നിർദ്ദേശിച്ചിരിക്കുന്നതെന്നും വ്യക്തമാക്കിയിട്ടുണ്ടെന്നും, ഈ സാഹചര്യത്തിൽ ടി കുടിശ്ശിക തുക തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചതായും 4.2.23 ലെ 7(1) ഭരണസമിതി തീരുമാനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. തുക അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം, 2017 ൽ മീറ്റർ കേടായപ്പോൾ അത് മാറ്റി സ്ഥാപിക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം എന്നിവ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 2/9.11.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-26 പൊതുടാപ്പുകൾ- തുടർനടപടി വിവരം ലഭ്യമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തും വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി കിളിമാനൂർ ഗ്രാമപഞ്ചായത്ത് പരിധിയിലെ പൊതുടാപ്പുകൾ കണ്ടെത്തുന്നതിനും കണക്ഷൻ വിച്ഛേദിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചതായി ഭരണസമിതിയുടെ 23.2.2023 ലെ 28(1) മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ട്, പൊതുടാപ്പുകളുടെ കണക്ഷൻ വിച്ഛേദിച്ചിട്ടുണ്ടെങ്കിൽ വിശദാംശം എന്നിവ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി 2/9.11.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 1-27 പദ്ധതിപ്പണം വിനിയോഗിച്ച് സ്വകാര്യവ്യക്തിയുടെ പുരയിടത്തിൽ വാട്ടർ ടാങ്ക്

11.5.2022 2(2) ഭരണസമിതി തീരുമാനപ്രകാരം മണ്ഡലംകുന്ന് കൃഷ്ണവിലാസത്തിൽ ബിന്ദുവിന്റെ പുരയിടത്തിൽ പഞ്ചായത്ത് വകയായി സ്ഥാപിച്ചിട്ടുള്ള വാട്ടർടാങ്കും അതിന് അനുബന്ധമായ സാധനങ്ങളും അവിടുന്ന് അഴിച്ച് മാറ്റുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും ആയതിന്റെ ചെലവ് യഥാവിധി തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്. വൌച്ചർ നം. 22200054/26.5.2022 ചെക്ക് നം. 753901/24.5.2022 എന്നിവ പ്രകാരം 4500 രൂപ വാട്ടർടാങ്കും അനുബന്ധ സാധനങ്ങളും അഴിച്ചുമാറ്റുന്നതിന് വിനിയോഗിച്ചിട്ടുണ്ട്. വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ 5.5.2022 ലെ 3(3) തീരുമാനപ്രകാരം 2016-17 സാമ്പത്തിക വർഷത്തിൽ എസ്.സി ഫണ്ടിൽ നിന്ന് കോളനിക്കാർക്ക് കുടിവെള്ള പദ്ധതി നടപ്പിലാക്കിയതിന്റെ ടാങ്കും അനുബന്ധസാധനങ്ങളും എടുത്ത് മാറ്റണമെന്ന് ശ്രീമതി ബിന്ദു ആവശ്യപ്പെട്ടിട്ടുള്ളതിനാൽ വാട്ടർ ടാങ്കും അനുബന്ധ സാധനങ്ങളും മാറ്റുന്നതിന് കോളനിക്കാരുടെ സമ്മതം വാങ്ങി തുടർനടപടികൾ സ്വീകരിക്കുന്നതിന് ജനറൽ കമ്മിറ്റിയോട് ശുപാർശ ചെയ്ത് തീരുമാനിച്ചിട്ടുണ്ട്. സ്വകാര്യ വ്യക്തിയുടെ പുരയിടത്തിൽ പഞ്ചായത്ത് വക വാട്ടർടാങ്ക് സ്ഥാപിക്കുന്നതിന് ഇടയായ സാഹചര്യവും നിലവിൽ ടി വാട്ടർടാങ്കിന്റെ ഉപയോഗക്രമവും വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 2/9.11.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-28 സ്വകാര്യ വ്യക്തിയുടെ മതിൽപൊളിച്ച് റോഡ് നിർമ്മിച്ചു-കോടതിവിധി പ്രകാരം തുക തനത്ഫണ്ടിൽ നിന്ന് ഒടുക്കി

**31.5.2022** ലെ **7(1)**-ാം നം.തീരുമാന പ്രകാരം ചൂട്ടയിൽ നിന്നും കൃഷിഭവനിലേക്ക് സ്വകാര്യ വ്യക്തിയുടെ വസ്തുവിലൂടെ വസ്തു കൈയേറി മതിൽപൊളിച്ച് റോഡ് നിർമിച്ചതായി ബഹു.ആറ്റിങ്ങൽ മുൻസിഫ് കോടതിയിൽ **OS No.80/1998** നമ്പർ ആയി ഫയൽ ചെയ്ത കേസിൽ **20/09/2007** ൽ വിധി ഉണ്ടായിട്ടുള്ളതും തുടർന്ന് ഗ്രാമപഞ്ചായത്ത് **67/2008** നമ്പറായി നൽകിയ അപ്പീൽ ഹർജി തള്ളി **11/09/2015** ൽ ബഹു.ആറ്റിങ്ങൽ സബ്കോടതി വിധി പുറപ്പെടുവിച്ചിട്ടുള്ളതുമാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. **1998** ലെ ഗ്രാമപഞ്ചായത്ത് സമിതിയിലെ വാർഡ് മെമ്പർ ശ്രീമതി.രാജലക്ഷ്മി അമ്മാൾ ഒന്നാം പ്രതിയായും ടിയാളുടെ ഭർത്താവ് രണ്ടാം പ്രതിയായും ഗ്രാമപഞ്ചായത്ത് സെക്രട്ടറി**,** ബനിഫിഷ്യറി കമ്മിറ്റി കൺവീനർ**,**ചെയർമാൻ എന്നിവരെ **3,4,5** പ്രതികളായും ചേർത്താണ് വസ്തു ഉടമയായ ശ്രീമതി.രത്നകുമാരി കോടതിയിൽ കേസ് നൽകിയിട്ടുള്ളതെന്നും **.11/09/2015** ൽ ആറ്റിങ്ങൽ സബ്കോടതി കേസ് തള്ളിയതിനു ശേഷം **2017** ൽ വാദിഭാഗം **EP** ഫയൽ ചെയ്യുകയും ആയതുപ്രകാരം കമ്മീഷൻ നിശ്ചയിച്ച നഷ്ടപരിഹാര തുകയായ **1,68,050/-** രൂപ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള **KL.16 J.7777** നമ്പർ ജീപ്പ് ജപ്തി ചെയ്ത് ഈടാക്കുന്നതിനും ഉത്തരവായിരുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി തുക ഒടുക്കാത്തതിനാൽ **2022** ഫെബ്രുവരി മാസം എട്ടാം തീയതി ബഹു.മുൻസിഫ് കോടതി ആമീൻ മുഖാന്തിരം പഞ്ചായത്ത് വക വാഹനം ജപ്തി ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. കോടതിയിൽ ഒടുക്കേണ്ട ആകെ തുകയിൽ **50000/-** രൂപ **08/04/2022** തീയതി അഡ്വ.വിഷ്ണുരാജ് കോടതിയിൽ ഒടുക്കിയിട്ടുണ്ടെന്നും ഈ സാഹചര്യത്തിൽ **50000/-** രൂപ അഡ്വ.വിഷ്ണുരാജിന് തിരികെ നൽകുന്നതിനും ശേഷിക്കുന്ന **1,18,050/-** രൂപ കോടതിയിൽ ഒടുക്കി ജപ്തി നടപടികളിൽ നിന്നും ഒഴിവാകുന്നതിനും ടി തുക പഞ്ചായത്ത് ഭരണസമിതിയുടെ ബാധ്യതയാകാൻ കാരണക്കാരായവരെ കണ്ടെത്തുന്നതിനും അവരിൽ നിന്നും ടി തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്.

വൌച്ചർ നം. **22200094/1.6.2022** പ്രകാരം തനത് ഫണ്ടിൽ നിന്ന് 168050/- രൂപ ഒടുക്കുവരുത്തിയിട്ടുണ്ട്. പ്രസ്തുത വൌച്ചറിന്റെ അനുബന്ധ രേഖയിൽ തദ്ദേശഭരണ (ഡി.ബി) വകുപ്പ് സെക്രട്ടറിയുടെ **DB3/60/2022/lsgd** നം. കത്തിൽ കോടതി വിധിയിൽ നഷ്ടപരിഹാരമായി കോടതി നിർദ്ദേശിച്ചിട്ടുള്ള തുക തനത്ഫണ്ടിൽ നിന്ന് ഒടുക്കുന്നതിന് അനുമതി നൽകുകയും പഞ്ചായത്ത് ജീപ്പ് ജപ്തി ചെയ്യാനിടയായ സാഹചര്യം, ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുള്ള കൃത്യവിലോപം**,** കേസിൽ എക്സ്പാർട്ടി വിധി പുറപ്പെടുവിക്കാൻ ഇടയായ സാഹചര്യം എന്നിവ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. തദ്ദേശഭരണ **(**ഡീ.ബി**)** വകുപ്പ് സെക്രട്ടറിയുടെമേൽ കത്തിൻമേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം**. 2/9.11.23** ന് മറുപടി ലഭ്യമാക്കിയിട്ടില്ല**.** സ്യൂട്ട് രജിസ്റ്ററിൽ മേൽ കേസ് സംബന്ധിച്ച വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല**.**

**31.5.2022** ലെ **7(1)**-ാം നം.തീരുമാന പ്രകാരം സ്വീകരിച്ച നടപടികളുടെ വിവരവും തദ്ദേശഭരണ **(**ഡി.ബി**)** വകുപ്പ് സെക്രട്ടറിയുടെ **DB3/60/2022/lsgd** നം. കത്തിൽ സ്വീകരിച്ച നടപടികളുടെ വിവരവും ലഭ്യമാക്കേണ്ടതാണ്.

## 1-29 തെരുവുവിളക്ക്, വെള്ളക്കരം കുടിശ്ശിക അടവാക്കിയതിന്റെ രേഖകൾ ലഭ്യമല്ല

കൺസ്യൂമർ നമ്പർ 1145357000330 ലെ തെരുവ് വിളക്കിന്റെ വൈദ്യുതി കുടിശ്ശിക 611082/- രൂപയും ആയതിൻറെ പലിശ 781415/- രൂപയും ഉൾപ്പെടെ ആകെ 1392497/രൂപ ഈടാക്കുന്നതുമായി ബന്ധപ്പെട്ട കെ.എസ്.ഇ.ബി

കിളിമാനൂർ സെക്ഷൻ, അസിസ്റ്റൻറ് എഞ്ചിനീയറുടെ 26/04/2022 തീയതിയിലെ ഡി.ബി./ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി/2022/21-22 നമ്പർ കത്ത് ലഭിച്ചിട്ടുണ്ടെന്നും ആയതിൽ നാളിതു വരെ കെ.എസ്.ഇ.ബി – യിൽ നിന്നും ലഭിച്ചിട്ടുള്ള വൈദ്യുത ബില്ലുകൾ കുടിശ്ശിക കൂടാതെ അടവാക്കി വരുന്നതിനാൽ പ്രസ്തുത നോട്ടീസ് പ്രകാരമുള്ള കുടിശ്ശിക 11082/- രൂപ അടയ്ക്കേണ്ടതില്ല എന്ന്ഭരണസമിതി തീരുമാനിച്ചിട്ടുള്ളതാണെന്നും ആയത് 19/09/2016 തീയതി എ2/567/15 നമ്പർ കത്ത് പ്രകാരം കെ.എസ്.ഇ.ബി കിളിമാനൂർ സെക്ഷൻ അസിസ്റ്റൻറ് എഞ്ചിനീയറെ രേഖാമൂലം അറിയിച്ചിട്ടുള്ളതുമാണെന്നും **31.5.2022** ലെ **5(1)**–ാം നം. ഭരണസമിതി തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കുടിശ്ശിക ഒഴിവാക്കി നൽകുന്നതിന് ബഹു.വിദ്യുച്ഛക്തി മന്ത്രിയോടും കെ.എസ്.ഇ.ബി ചീഫ് എഞ്ചിനീയർ തിരുവനന്തപുരം, എക്സിക്യൂട്ടീവ് എഞ്ചിനീയർ തിരുവനന്തപുരം എന്നിവരോടും അഭ്യർത്ഥിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കുടിശ്ശിക തുക അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും കുടിശ്ശിക ഒഴിവാക്കി ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. **2/9.11.23** ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

പ്രസ്തുത തീയതിയിലെ തന്നെ **5(2)** തീരുമാനപ്രകാരം കൺസ്യൂമർ നം. 1145358024758 (കൊട്ടാരം വാർഡിലെ കുടിവെള്ള പദ്ധതി) കൺസ്യൂമർ നം. 27723 (പാലകുന്ന് കുടിവെള്ള പദ്ധതി) എന്നീ കുടിവെള്ള പദ്ധതികളുടെ വൈദ്യുത ബിൽ കുടിശ്ശിക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അടവാക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്. കുടിശ്ശിക തുക അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 2/9.11.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

പ്രസ്തുത തീയതിയിലെ തന്നെ**5(3)** തീരുമാനപ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള '549' എന്ന കൺസ്യൂമർ നമ്പരിലേയ്ക്ക് 954/- രൂപയുടെ കുടിശ്ശിക നോട്ടീസ് വന്നിട്ടുണ്ടെന്നും. ഗ്രാമപഞ്ചായത്ത് രേഖകളിൽ ഇപ്രകാരം ഒരു കൺസ്യൂമർ നമ്പർ കാണുന്നില്ല എന്നും ആയതിനാൽ ടി നോട്ടീസ് നൽകുവാനുണ്ടായ സാഹചര്യം വ്യക്തമാക്കണമെന്നും ആവശ്യപ്പെട്ടു കൊണ്ട് കെ.എസ്.ഇ.ബി കിളിമാനൂർ സെക്ഷൻ , എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 19/05/2022 തീയതിയിലെ 400204/GARC12/GPO/2022/283(1) നമ്പർ പ്രകാരം കത്ത് നൽകിയിട്ടുള്ളതാണെന്നും മറുപടി കത്ത് ലഭിക്കുന്ന മുറയ്ക്ക് ആയത് സംബന്ധിച്ച് തുടർ നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയും തീരുമാനിച്ചിട്ടുണ്ട് . ആയതിൻമേൽ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. **2/9.11.23** ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-30 കുടിവെള്ള പദ്ധതികൾ പ്രവർത്തനക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമല്ല

പൊന്നയ്യൻ മുക്ക് കുടിവെള്ള പദ്ധതി (Consumer No.1145363022365) , അരിശ്ശുവിള കുടിവെള്ള പദ്ധതി (Consumer No.1145368022364), കിളിക്കോട്ട്കോണം കുടിവെള്ള പദ്ധതി (Consumer No.1145360022363)എന്നിവയുടെ വൈദ്യുതി ബിൽ കുടിശ്ശിക യഥാക്രമം 1317/-, 1232/-, 1072/- രൂപ അടവാക്കുന്നതിനായി KSEB നോട്ടീസ് ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത കുടിവെള്ള പദ്ധതികൾ പ്രവർത്തനരഹിതമായതിനാൽ ബന്ധപ്പെട്ട ഗുണഭോക്തൃ സമിതികൾ ആയതിന്റെ വൈദ്യുതി ബിൽ അടവാക്കാത്ത സാഹചര്യമാണുള്ളതെന്നും പ്രസ്തുത കുടിവെള്ള പദ്ധതികളുടെ വൈദ്യുത ബിൽ അടവാക്കുന്നതിനും ടി കുടിവെള്ള പദ്ധതികളുടെ വൈദ്യുത കണക്ഷൻ വിച്ഛേദിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് 23.2.2023 ലെ 13(1) തീരുമാനപ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്. ആയതിൻമേൽ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 2/9.11.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ചിട്ടുള്ള കുടിവെള്ള പദ്ധതികൾ പ്രവർത്തനക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം, വൈദ്യുതി കുടിശ്ശിക അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം എന്നിവ ലഭ്യമാക്കേണ്ടതാണ്.

## 1-31 സകർമ്മ മിനിട്സ് സമയബന്ധിതമായി അംഗീകാരത്തിനായി അയക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമങ്ങൾ) ചട്ടങ്ങൾ ചട്ടം 25(8) പ്രകാരം യോഗനടപടിക്കുറിപ്പിന്റെ നക്കൽ സെക്രട്ടറി തയ്യാറാക്കി യോഗം കഴിഞ്ഞ് മൂന്ന് ദിവസത്തിനുള്ളിൽ അധ്യക്ഷന്റെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ സകർമ്മ മിനിട്സ് പരിശോധിച്ചതിൽ മാസങ്ങൾക്ക ശേഷമാണ് യോഗനടപടിക്കുറിപ്പിന്റെ നക്കൽ സെക്രട്ടറി ,അധ്യക്ഷന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്നതായി കാണുന്നത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

A. 30.11.2022 ലെ മിനിട്സ് അംഗീകാരത്തിനായി അയച്ച തീയതി 10.01.2023

B. 29.12.2022 ലെ മിനിട്സ് അംഗീകാരത്തിനായി അയച്ച തീയതി 03.05.23

C 23.02.2023 ലെ മിനിട്സ് അംഗീകാരത്തിനായി അയച്ച തീയതി 17.6.2023

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം 9/10.11.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ ഇത്തരം അപാകങ്ങളുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-32 ഹൈമാസ്റ്റ് ലൈറ്റ് റിപ്പയർ -സർക്കാർ നിർദ്ദേശം പാലിച്ചില്ല

വൌച്ചർ നം. 22200473/10.10.2022 പ്രകാരം 20000 രൂപ ഹൈമാസ്റ്റ് ലൈറ്റ് റിപ്പയർ ചെയ്ത ഇനത്തിൽ Vaiga Power Electronics ന് നൽകിയിട്ടുണ്ട്. ക്വട്ടേഷൻ ക്ഷണിച്ചിട്ടുള്ളതായി 2.9.2022 ലെ 7/1 കമ്മിറ്റി തീരുമാനത്തിൽ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും Vaiga Power Electronics ന്റെ ക്വട്ടേഷൻ മാത്രമാണ് ILGMS ൽ ലഭ്യമായിട്ടുള്ളത്. ഭരണസമിതി തീരുമാനത്തിൽ സൂചിപ്പിച്ചിട്ടുള്ള ശ്രീ. രാജേന്ദ്രൻ, ശ്രീ. അനിൽകുമാർ എന്നിവരുടെ ക്വട്ടേഷനുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സർക്കുലർ നം. 60/2018/fin Dated 2.7.2018 പ്രകാരം ഹൈമാസ്റ്റ് /മിനിമാസ്റ്റ് ലൈറ്റുകളുടെ വാറണ്ടി കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് ലൈറ്റുകളുടെ പരിപാലനത്തിനും അറ്റകുറ്റപ്പണികൾക്കും വേണ്ടി വരുന്ന ചെലവ് ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനം വഹിക്കേണ്ടതും ആയതിനായി അക്രഡിറ്റഡ് ഏജൻസിയുമായി കരാറിൽ ഏർപ്പെടേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മേൽ നിർദ്ദേശം പാലിക്കാത്തതിന്റെ കാരണം വ്യക്തമല്ല. മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് , വാല്യൂവേഷൻ എന്നിവയുടെ അഭാവത്തിൽ തുക ചെലവഴിച്ചതിന്റെ കാരണം വ്യക്തമല്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 36/17.11.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്

## 1-33 ലൈഫ് ഭവന നിർമ്മാണം- അപാകങ്ങൾ.

**1.ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.**

ഗ്രാമ പഞ്ചായത്തിൽ പരിപാലിക്കുന്ന വിവിധ വർഷങ്ങളിലെ ലൈഫ് അക്വിറ്റൻസ് രജിസ്റ്ററുകൾ ( Sc ഡിപ്പാർട്ട് മെന്റ് ലിസ്റ്റ് ) , ലൈഫ് ഫേസ് 2 രജിസ്റ്റർ, എന്നിവ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന ഗുണഭോക്താക്കൾ മുഴുവൻ തുകയും കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തികരിച്ചിട്ടില്ല.

| ഗുണഭോക്താവിന്റെ പേര് | കരാർ വർഷം | അവസാനം തുക കൈപ്പറ്റിയത് | ആകെ കൈപ്പറ്റിയത് |
|---|---|---|---|
| ഷീബ. അവിഞ്ഞിയിൽ കൊപ്പത്തിൽ വീട് ആളൂർ | 2020-21 | 25/3/2021 | 40000 |
| പ്രസന്ന പാലക്കുന്നിൽ വീട് പുളിമ്പള്ളിൽക്കോണം | 2020-21 | 25-3-21<br>22-7-21 | 40000<br>160000 |
| ഗിരിജ. വട്ടവിള വീട് കൈലാസം മുക്ക് | 2020-21 | 8-7-20<br>5-7-21 | 40000<br>160000 |

ഗുണഭോക്താക്കളുമായി ഏർപ്പെടുന്ന കരാർ പ്രകാരം 6 മാസത്തിനുള്ളിൽ ഭവന നിർമ്മാണം പൂർത്തികരിക്കണമെന്നാണ് വ്യവസ്ഥ. എന്നാൽ കരാർ വച്ച് 3 വർഷം വരെയായിട്ടും ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 17/14-11-23 ന് നൽകിയ മറുപടി പ്രകാരം ഭവന നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നതായി അറിയിച്ചിട്ടുണ്ട്. ഭവന നിർമ്മാണം പൂർത്തിയാക്കിയതിന്റെ വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**2.ലൈഫ് പദ്ധതിക്കായി വാങ്ങിയ ഭൂമിയിലെ തുടർ പ്രവർത്തനങ്ങൾ -സർക്കാർ നിർദ്ദേശം നടപ്പാക്കിയിട്ടില്ല.**

കിളിമാനൂർ ഗ്രാമ പഞ്ചായത്തിലെ ഭൂരഹിതരായ ഭവന രഹിതർക്കുവേണ്ടി ഫ്ളാറ്റ് സമുച്ചയം നിർമ്മിക്കുന്നതിനുവേണ്ടി

2020-21 സാമ്പത്തിക വർഷം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തിയ പ്രോജക്റ്റ് പ്രകാരം ജനറൽ ,എസ് സി പി വിഭാഗങ്ങളിലായി 8471200 രൂപ വകയിരുത്തി കിളിമാനൂർ പഞ്ചായത്തിലെ വാർഡ് -1 ൽ മലക്കൽ എന്ന സ്ഥലത്ത് റീ സർവ്വേ നം 40/5ൽ ഉൾപ്പെട്ട 26.27 ആർ വസ്തുവും റീ സർവ്വേ നം 40/5-3ൽ ഉൾപ്പെട്ട 31.84 ആർ വസ്തുവും ഉൾപ്പെടെ ആകെ 58.11 ആർ വസ്തു വാങ്ങിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന് സ്വന്തമായി ഭവന സമുച്ചയം പണിത് നൽകാൻ സാമ്പത്തിക സ്ഥിതി ഇല്ലാത്തതിനാൽ തികച്ചും ഗ്രാമീണ സ്വഭാവത്തിൽ തുടരുന്ന ഈ പ്രദേശത്തെ പാവപ്പെട്ട ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാൻ കഴിയുന്ന ലൈഫ് പദ്ധതി ഭവന സമുച്ചയം യാഥാർഥ്യമാക്കാൻ സത്വര നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്നും, ഫ്ളാറ്റ് സമുച്ചയം നിർമ്മിക്കുന്നത് ഫല പ്രദമല്ലെങ്കിൽ ഗ്രാമ പഞ്ചായത്ത് ആർജ്ജിച്ച വസ്തു നിലവിലുള്ള ലൈഫ് അംഗീകൃത ഗുണഭേക്തൃ ലിസ്റ്റിൽ പ്പെട്ട ഗുണഭോക്താക്കളിൽ ഭവന നിർമ്മാണത്തിന് താൽപര്യമുള്ളവരും ഏറ്റവും മുൻഗണന അർഹിക്കുന്നതുമായ കുടുംബങ്ങൾക്ക് 3സെന്റ് എന്ന കണക്കിന് വിഭജിച്ച് നൽകുന്നതിനും ഇതിലേക്കാവശ്യമായ നിർദ്ദേശം നൽകുന്നതിനും സെക്രട്ടറി സർക്കാരിലേക്ക് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സ ഉ ( സാധാ) നം 2455/2022/തസ്വഭവ11-10-22 പ്രകാരം ഭവന സമുച്ചയ നിർമ്മാണത്തിന് ഗ്രാമ പഞ്ചായത്തിന് സാമ്പത്തിക സ്ഥിതി ഇല്ലാത്തതിനാൽ ആർജ്ജിച്ച വസ്തു നിലവിലുള്ള ലൈഫ് അംഗീകൃത ഗുണഭേക്തൃ ലിസ്റ്റിൽ പ്പെട്ട ഗുണഭോക്താക്കളിൽ ഏറ്റവും മുൻഗണന അർഹിക്കുന്നതുമായ ഭൂരഹിത ഭവന രഹിത കുടുംബങ്ങൾക്ക് 3സെന്റ് എന്ന കണക്കിന് വിഭജിച്ച് നൽകുന്നതിന് സർക്കാർ അനുമതി ലഭിച്ചിട്ടുണ്ട്. ഇക്കാര്യത്തിലെ തുടർ നടപടി വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.52/18.11.23) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശം നടപ്പാക്കിയതിന്റെ വിശദാംശം ,ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന്റെ വിശദാംശം എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-34 വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വാങ്ങി നൽകൽ-പദ്ധതി നടത്തിപ്പിലെ അപാകതകൾ A)

A)

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 41/23 |
| പ്രോജക്റ്റിന്റെ പേര് | വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വാങ്ങി നൽകൽ |
| അടങ്കൽ | വികസനഫണ്ട്(എസ്.സി.പി) 200000 |
| ചെലവ് | 139840 |
| ബിൽ നമ്പർ | 249/22.2.23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ് |

**B)**

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 38/23 |
| പ്രോജക്റ്റിന്റെ പേര് | വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വാങ്ങി നൽകൽ |

| | |
|---|---|
| അടങ്കൽ | വികസനഫണ്ട്(എസ്.സി.പി) 250000 |
| ചെലവ് | 174800 |
| ബിൽ നമ്പർ | 248/22.2.23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ് |

വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വാങ്ങി നൽകുന്നതിനായി ആവിഷ്കരിച്ചിരുന്ന മേൽ പദ്ധതികളിൽ 16.02.2022 ലെ Hm-1/2022-ാം നം. പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. തമ്പുരാൻകാലയിൽ ട്രേഡ് ലിങ്കിന് 17.3.22 ന് എച്ച്.എം 178/22-ാം നം. പ്രകാരം സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. എന്നാൽ ടെണ്ടർ സമർപ്പിച്ച സ്ഥാപനങ്ങളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. ആകെ 314640/- രൂപയ്ക്ക് മേശയും കസേരയും വാങ്ങി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. 2017-ലെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ 2017-ലെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018-ലെ സർക്കുലർ നമ്പർ 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികമുള്ള കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. എന്നാൽ ഫർണിച്ചർ സപ്ലൈ ചെയ്ത സ്ഥാപനത്തിൽ നിന്ന് ജി.എസ്.ടി ഈടാക്കിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 10/3.11.23 ന് 2022-23 ൽ സ്പിൽ ഓവർ ആയ പദ്ധതിയ്ക്ക് നേരത്തേ തന്നെ ക്വട്ടേഷൻ വിളിച്ച് സപ്ളൈ ഓർഡർ നൽകിയിട്ടുണ്ടെന്നും അന്നത്തെ നിർവ്വഹണ ഉദ്യോഗസ്ഥൻ സേവനത്തിൽ നിന്ന് വിരമിച്ചതിനാൽ തുടർന്ന് വന്ന താൻ പ്രോജക്ടിന്റെ തുടർനടപടികൾ സ്വീകരിക്കുകയാണുണ്ടായതെന്നും ഈ പ്രോജക്ടിന് കിട്ടിയ മറ്റ് രണ്ട് ക്വട്ടേഷനുകൾ പഞ്ചായത്തിൽ നിന്ന് തനിയ്ക്ക് ലഭ്യമായിട്ടില്ലായെന്നും നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിരിക്കുന്നു. കൂടാതെ രണ്ട് പ്രോജക്ടുകൾക്കായാണ് തുക ചെലവഴിച്ചിരിക്കുന്നതെന്നും അവ രണ്ട് ബില്ലുകളാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പ്രോക്യൂർമെന്റ് ചട്ടങ്ങൾ പ്രകാരം പഞ്ചായത്തിനാവശ്യമായ സാധനങ്ങളും സേവനങ്ങളും മുൻകൂട്ടി നിർണയിച്ച് ഒരുമിച്ചാണ് സമാഹരിക്കേണ്ടത്. രണ്ടു പ്രോജക്ടുകൾക്കും ഒരേ ടെണ്ടറിലൂടെയാണ് ഒരേ സ്ഥാപനത്തിൽ നിന്ന് മേശയും കസേരയും വാങ്ങിയിരിക്കുന്നതെന്നതിനാൽ മേൽ മറുപടി സ്വീകാര്യമല്ല. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

## 1-35 കേദാരം സമഗ്ര നെൽകൃഷി വികസനം - നടത്തിപ്പിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | S0070/23 |
| പ്രോജക്ടിന്റെ പേര് | കേദാരം സമഗ്ര നെൽകൃഷി വികസനം |
| അടങ്കൽ | 1921680(31400 വി ഫ ജ; 333625 ബ്ലോ. പ.വി; 333625 ജി പ വി; 940430 ഗു വി) |
| ചെലവ് | 977730(310480 വി ഫ ജ; 333625 ബ്ലോ. പ.വി; 333625 ജി പ വി) |

| | |
|---|---|
| | |
| ബിൽ നമ്പർ | 1)01/22-23 - 70400<br>2)02/22-23 – 102080<br>3)03/22-23 -187000 ബ്ലോ. പ.വി<br>4)04/2022-23-57960<br>5) 05/ 2022-23 – 187000 ജി പ വി<br>6) 08/22-23- 80040<br>7) 09/22-23 – 146625 ബ്ലോ. പ.വി<br>8) 12/22-23 – 146625 |
| നിർവ്വഹണം | കൃഷി ഓഫീസർ |

കിളിമാനൂർ ഗ്രാമ പഞ്ചായത്തിലെ നെൽകൃഷി ചെയ്യുന്ന പാടശേഖര സമിതികൾക്ക് പദ്ധതി പ്രകാരം KSSDA, NSC, ഗവ. അംഗീകൃത ഏജൻസികളിൽ നിന്നും ഒന്നാം വിളയും രണ്ടാം വിളയുമായി ഹെക്ടറിന് 80kg നിരക്കിൽ നെൽവിത്തും കൂലിചെലവ് സബ്സിഡിയും ജൈവവളചെലവ് സബ്സിഡിയും നൽകുന്നു. കൂലി ചെലവ് ജില്ലാ, ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി വകയിരുത്തിയിരിക്കുന്നു. പദ്ധതിയുടെ പൂർത്തീകരണത്തിനാവശ്യമായ മറ്റ് എല്ലാ ചെലവുകളും ഗുണഭോക്തൃ വിഹിതമായി കർഷകർ നേരിട്ട് ചെലവഴിക്കുന്നു. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് അപാകങ്ങൾ ചുവടെ ചേർക്കുന്നു.

*പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട്, നിർവ്വഹണ ഉദ്യോഗസ്ഥയുടെ പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ അപേക്ഷകളിൽ അച്ചടിച്ചിട്ടുണ്ടെങ്കിലും ബന്ധപ്പെട്ടവർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

** ഗുണഭോക്താക്കളുടെ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടിലേക്കല്ല ധനസഹായം അനുവദിച്ചത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | അപേക്ഷ പ്രകാരമുള്ള അക്കൗണ്ട് നം | ധനസഹായം അനുവദിച്ച അക്കൗണ്ട് |
|---|---|---|---|
| 1 | രാധാകൃഷ്ണപിള്ള | 40652101019625 (Kerala Gramin Bank) | 0700053000001118 ( South Indian Bank) |
| 2 | പ്രകാശ് ആർ | 0666053000004689 (South Indian Bank) | 20023646584 (State Bank Of India) |
| 3 | ഇർഷാദ് എ | 0642053000004374 (South Indian Bank) | 31509767277 (State Bank Of India) |
| 4 | ശിവപ്രസാദ് | 32241710043(State Bank Of India) | 11230100169614(Federal Bank) |
| 5 | സഫിയാബീവി എം | 10392579197 (State Bank Of India) | 10392579211 (State Bank Of India) |

*** സ.ഉ (കൈ) നം. 115/2022/തസ്വഭവ തീയതി 28.05.2022 ഖണ്ഡിക 48. 4 പ്രകാരം പാട്ടകൃഷി സബ്സിഡി ലഭിക്കുന്നതിന് സ്ഥലം ഉടമ നൽകിയിട്ടുള്ള സമ്മത പത്രം, കൃഷി ചെയ്തിട്ടുണ്ടെന്നതിനുള്ള കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ് എന്നിവ വേണമെന്ന് നിഷ്കർഷിക്കുന്നു. കൃഷി ഓഫീസറുടെ സാക്ഷ്യപത്രം അപേക്ഷയോടൊപ്പം ലഭ്യമാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 53/2022-23,18.11.2023) മറുപടി ലഭ്യമാക്കിയില്ല. കർഷകരുടെ ബാങ്ക് അക്കൌണ്ടുകളുടെ വിശദാംശം ലഭ്യമാക്കേണ്ടതാണ്. മറ്റ് അപാകങ്ങൾ ഒഴിവാക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-36 ആശ്രയ പദ്ധതി നടപ്പാക്കിയില്ല

സ ഉ ( കൈ) നം-84/2022 തസ്വഭവ തിയ്യതി-19-4-22 ഖണ്ഡിക 5.2 പ്രകാരം അനിവാര്യമായും തുക വകയിരുത്തി നടപ്പാക്കേണ്ട പദ്ധതിയാണ് ആശ്രയ പദ്ധതി. തൻ വർഷം 100000 രൂപ അടങ്കൽ തുക ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും പദ്ധതി നടപ്പാക്കിയിട്ടില്ല. ആശ്രയ/അഗതി രഹിത കേരളം പദ്ധതിയുടെ ഡീറ്റെയിൽഡ് പ്രോജക്റ്റ് റിപ്പോർട്ട് പ്രകാരം ഇനി എത്ര ഗുണഭോക്താക്കളാണ് എസ് സി വിഭാഗത്തിൽ ആനുകൂല്യം ലഭിക്കാനുള്ളതായിട്ടുള്ളത് എന്നതിന്റെ വിവരം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി നം 28/15-11-23 ന് മറുപടി ലഭ്യമാക്കിയില്ല. ആശ്രയപദ്ധതി നടത്തിപ്പ് സംബന്ധിച്ച് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-37 ആസ്തി സംരക്ഷണവും പരിപാലനവും - വിശദാംശം ലഭ്യമല്ല

1. 20.01.2017 ലെ ജി.ഒ ( ആർ.ടി) 166/2017/LSGD പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രസിഡന്റ് ചെയർമാനായും സെക്രട്ടറി കൺവീനറായും ഒരു അസറ്റ് മാനേജ്മെന്റ് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും പ്ലാനും തയ്യാറാക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. മേൽ പ്രകാരമുള്ള കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദവിവരം പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി ആവശ്യപ്പെട്ടെങ്കിലും (ഓഡിറ്റ് എൻക്വയറി നം 23/15.11.23) പരിശോധനക്ക് ലഭ്യമാക്കിയില്ല.

2. ആസ്തികളുടെ പ്രതിമാസ റിവ്യൂ, അർദ്ധ വാർഷിക റിവ്യൂ, വാർഷിക റിവ്യൂ എന്നിവ നടത്തിയിട്ടില്ല

3. 19.04.2022 ലെ സ.ഉ(കൈ) നം 84/2022/LSGD ഖ. 6.8 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്,റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്. സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തി വിപുലപ്പെടുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും സ്ഥാപനങ്ങളെ ഉന്നതനിലവാരത്തിലേക്കുയർത്തുന്നതിനും അനുയോജ്യമായ നിർദ്ദേശങ്ങളാണ് ആസ്തി സംരക്ഷണപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്.അംഗീകൃത ഏജൻസികളെ ഉപയോഗിച്ച് ജി ഐ എസ് സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി ആസ്തി രജിസ്റ്റർ കുറ്റമറ്റതും കാലികവുമാക്കേണ്ടതും തങ്ങളുടെ ഉടമസ്ഥതയിലുള്ള എല്ലാ ആസ്തികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് തദ്ദേശഭരണസ്ഥാപനം ഉറപ്പുവരുത്തേണ്ടതുമാണ്.എന്നാൽ അത്തരമൊരു ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടില്ല.

4..ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ ഉള്ള നിഷ്ക്രിയ ആസ്തികളുടെ വിശദാംശം ലഭ്യമാക്കുന്നതിനായി ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

5.ഗ്രാമപഞ്ചായത്ത് പരിധിയിൽ എത്ര കുടിവെള്ള പദ്ധതികൾ ഉണ്ടെന്നും എല്ലാ പദ്ധതികളും കമ്മീഷൻ ചെയ്ത് പ്രവർത്തന ക്ഷമമാക്കിയവയാണോയെന്നും നിലവിൽ ഏതെങ്കിലും കുടിവെള്ള പദ്ധതി നിഷ്ക്രിയമായി തുടരുന്നുണ്ടോയെന്നുമുള്ള വിശദാംശം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

6.ഗ്രാമപഞ്ചായത്തിലെ ആസ്തി രജിസ്റ്റർ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല.

7.ജില്ലാ ബ്ലോക്ക് പഞ്ചായത്തുകൾ ഗ്രാമപഞ്ചായത്തിൽ നിർമ്മിച്ച ആസ്തികൾ (ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ളവ) ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുന്നതിനായി ആവശ്യപ്പെട്ടെങ്കിലും (ഓഡിറ്റ് എൻക്വയറി നം.23/15.11.23) വിവരം ലഭ്യമാക്കിയില്ല .

8.ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിക്ക് അടിസ്ഥാന ഭൂനികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ഏത് വർഷം വരെയുള്ള നികുതി വില്ലേജ് ഓഫീസുകളിൽ ഒടുക്കിയിട്ടുണ്ടെന്ന് അറിയിക്കേണ്ടതും പുറമ്പോക്ക് ഭൂമിയുടെ സംരക്ഷണത്തിനായി സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ അറിയിക്കുന്നതിന് ആവശ്യപ്പെട്ടതിനും മറുപടി ലഭ്യമാക്കിയില്ല.

9. 08.11.2018 ലെ പഞ്ചായത്ത് ഡയറക്ടറുടെ 2-15471/18 സർക്കുലറിലെ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനിയർ കൺവീനറും പ്രസിഡന്റ് അദ്ധ്യക്ഷനായും ആസ്തി പരിപാലന കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.ആയത് രൂപീകരിച്ചിട്ടുണ്ടെങ്കിൽ വിശദവിവരം അറിയിക്കാൻ ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല .

10. 2022-23 സാമ്പത്തിക വർഷത്തിൽ ആസ്തി ഡിസ്പോസ് ചെയ്തതിന്റെ വിവരം ലഭ്യമാക്കിയില്ല.

11. പഞ്ചായത്തിലെ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ രജിസ്റ്ററിലെ നിർമ്മാണ ചെലവ്, മെയിന്റനൻസ് വിവരങ്ങൾ പോലുള്ള പ്രധാന കോളങ്ങളിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. ആയതിന്റെ കാരണം വ്യക്തമാക്കുന്നതിന് ആവശ്യപ്പട്ടെങ്കിലും ലഭ്യമാക്കിയില്ല.

മേൽ പറഞ്ഞ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-38 കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ - കേരള വാട്ടർ അതോറിറ്റി പ്രവൃത്തി നടപ്പാക്കിയില്ല

കിളിമാനൂർ ഗ്രാമ പഞ്ചായത്തിലെ വിവിധ ജലദൌർലഭ്യമുള്ള സ്ഥലങ്ങളിൽ കുടിവെള്ള കണക്ഷന് വേണ്ടി കേരള വാട്ടർ അതോറിറ്റിക്ക് തുക ഡെപ്പോസിറ്റ് ചെയ്യുന്നു. 19.04.2022ലെ സർക്കാർ ഉത്തരവ് (കൈ) 84/2022/ തസ്വഭവ നമ്പർ ഉത്തരവ് 3.5.v പ്രകാരം ഡെപ്പോസിറ്റ് മാതൃകയിൽ നടപ്പാക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുവേണ്ടി തദ്ദേശഭരണസ്ഥാപന തലത്തിൽ അതത് വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്റർ ചെയ്യേണ്ടതും കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി എസ്റ്റിമേറ്റിനനുസരിച്ച് പൂർത്തിയാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ഇത്തരത്തിൽ കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് പഞ്ചായത്തിൽ നടപ്പിലാക്കുന്ന നിക്ഷേപ പ്രവൃത്തികൾ മോണിറ്റർ ചെയ്ത് കരാർ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടി പഞ്ചായത്ത് സ്വീകരിച്ചിട്ടില്ലായെന്നറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം. 45/17.11.2023 ന്റെ മറുപടി) 2022-23 വർഷം കിളിമാനൂർ ഗ്രാമപഞ്ചായത്ത് കേരള വാട്ടർ അതോറിറ്റിക്ക് നൽകിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ/വിഹിതം | ചെലവ് | ബിൽ നമ്പർ | നിർവ്വഹണം |
|---|---|---|---|---|---|
| S0004/23 | കെ.ഡബ്ല്യു.എ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 1617000 (സി എഫ് സി റൈഡ്) | 1617000 | 239/16.02.2023 | സെക്രട്ടറി |

ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. കേരള വാട്ടർ അതോറിറ്റി, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 27.12.2022ലെ 1268/DB2/2022/WSD-ATGL-TVPM നമ്പർ കത്ത് പ്രകാരം മേൽ സൂചിപ്പിച്ച പ്രവൃത്തികൾക്കായി 2428000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിട്ടുണ്ട്. വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷനായി ഒരു എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്. പ്രത്യേകമായി എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടില്ല. പ്രദേശം കേന്ദ്രീകരിച്ചുള്ള കുടിവെള്ള ലഭ്യത ഉറപ്പാക്കൽ ലക്ഷ്യമിട്ടിരുന്നതിനാലാണ് പല വാർഡുകളിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്കായി ഒറ്റ എസ്റ്റിമേറ്റ് നൽകിയതെന്നും 17.10.2022ലെ 22(1) നമ്പർ തീരുമാനപ്രകാരം പദ്ധതി നടപ്പിലാക്കേണ്ട വാർഡുകളിലെ വിവിധ സ്ഥലങ്ങളുടെ പട്ടിക വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുള്ളതാണെന്നും വിശദീകരിച്ചിട്ടുണ്ട്.

2. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും കേരള വാട്ടർ അതോറിറ്റി, എക്സിക്യൂട്ടീവ് എഞ്ചിനീയറും ചേർന്ന് 30.03.2023ൽ 4/2022-23 ാം നമ്പർ കരാർ ഉടമ്പടി തയ്യാറാക്കിയിട്ടുണ്ടെങ്കിലും എക്സിക്യൂട്ടീവ് എഞ്ചിനീയർ ഒപ്പിട്ടിട്ടില്ല . 2428000/- രൂപയുടെ എസ്റ്റിമേറ്റ് നൽകിയപ്പോൾ 1617000/- രൂപയാണ് വാട്ടർ അതോറിറ്റിക്ക് നൽകിയത്. തുകയുടെ ദൌർലഭ്യം കാരണമാണ് ഇത്തരത്തിൽ തുക അടവാക്കുന്നതിൽ കുറവുണ്ടായതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത കരാറിൽ നിബന്ധന 6 പ്രകാരം എസ്റ്റിമേറ്റ് തുക അടച്ച വിവരം രേഖാമൂലം അറിയിക്കുന്ന തീയതി മുതൽ 30 ദിവസത്തിനകം പ്രസ്തുത പ്രവൃത്തി വാട്ടർ അതോറിറ്റി പൂർത്തിയാക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റ് തുക മുഴുവനായും നൽകാത്ത സാഹചര്യത്തിൽ 1617000/- രൂപ 03/23 മുതൽ വാട്ടർ അതോറിറ്റിയുടെ അക്കൌണ്ടിലാണ്. കേരള വാട്ടർ അതോറിറ്റി തുക കൈപ്പറ്റിയതിന്റെ രസീതും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. എസ്റ്റിമേറ്റ് പുതുക്കി നൽകുന്നതിനായി വാട്ടർ അതോറിറ്റിക്ക് ഐ എൽ ജി എം എസ് മുഖാന്തിരം കത്ത് നൽകിയെങ്കിലും എസ്റ്റിമേറ്റ് പരിഷ്കരിക്കുന്നതിനുള്ള നടപടി വാട്ടർഅതോറിറ്റി സ്വീകരിച്ചിട്ടില്ല. 2023-24 വർഷവും മേൽ പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടില്ല. 2024-25 വർഷത്തെ വാർഷിക പദ്ധതിയിൽ ഡെപ്പോസിറ്റ് ചെയ്ത തുകയ്ക്ക് എസ്റ്റിമേറ്റ് ലഭ്യമാക്കി പ്രവൃത്തി ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും വിശദീകരിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ തുക നിർവ്വഹണ ഏജൻസിക്ക് കൈമാറുമ്പോൾ സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ പാലിക്കാത്തതിനാലാണ് ഇത്തരം അപാകം സംഭവിച്ചിട്ടുള്ളത്. 1617000/- രൂപ 02/23 മുതൽ വാട്ടർ അതോറിറ്റിയുടെ അക്കൌണ്ടിലാണുള്ളത്. ആവശ്യമായ നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് കേരള വാട്ടർ അതോറിറ്റിയുടെ പെർഫോർമൻസ് റിപ്പോർട്ട്, പൂർത്തീകരണ സർട്ടിഫിക്കറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-39 എം സി എഫുകളുടെ പ്രവർത്തനം – സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

സർക്കാർ ഉത്തരവ് ( സാധാ) 617/2023/എൽ എസ് ജി ഡി തിയ്യതി - 15-3-23പ്രകാരം പാഴ് വസ്തു സംഭരണ കേന്ദ്രങ്ങളിൽ തീ പിടുത്ത സാഹചര്യം ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട ,സുരക്ഷാ മുൻകരുതലുകളെ കുറിച്ചുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഖണ്ഡിക 3. പ്രകാരം എം സി എഫ് , മിനി എം സിഎഫ് എന്നിവക്ക ചുറ്റും പാഴ്വസ്തുക്കൾ കൂട്ടിയിട്ടിരിക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതും ഖണ്ഡിക -6 പ്രകാരം പാഴ്വസ്തു സംഭരണ ശാലകളിൽ നിന്നും യഥാസമയം പാഴ് വസ്തു നീക്കം നടക്കുന്നുണ്ട് എന്നും സംഭരണ കേന്ദ്രങ്ങളിലും അതിന് സമീപവും പാഴ് വസ്തുക്കൾ കുന്നുകൂടി കിടക്കുന്നില്ല എന്നും ,എം സി എഫ് , മിനി എം സി എഫ് എന്നിവിടങ്ങളിൽ അഗ്നി സുരക്ഷാ സംവിധാനം ഉണ്ടെന്ന് ബന്ധപ്പെട്ട തദ്ദേശ സ്ഥാപന സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണെന്നും, പാഴ് വസ്തു സംഭരണ ശാലകളിൽ നിരന്തരം പരിശോധന നടത്തുന്നതിനായി ഒരു ഓഫീസറെ അതാത് തദ്ദേശ സ്ഥാപന സെക്രട്ടറി ചുമതലപ്പെടുത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ആയത് പ്രകാരം നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും ഓഡിറ്റ് എൻക്വയറി നം 39/17-11-23 ന് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്

## 1-40 പാലിന് സബ്സിഡി– രേഖകളുടെ അഭാവത്തിൽ ചെലവു തുക 592364 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നം. | 66/23 |
| പ്രോജക്റ്റിന്റെ പേര് | ക്ഷീര സമൃദ്ധി - പാലിന് സബ്സിഡി |
| അടങ്കൽ | 900000 |
| ചെലവ്, ഫണ്ടിനം | 592364 (500000 ,വികസനഫണ്ട് + 34641 ബ്ലോക്ക് വിഹിതം +57723 ജില്ലാ പഞ്ചായത്ത് വിഹിതം) |
| ബിൽ നം | 191/6-1-23-283020 (ACR Bill)<br>218/31-1-23-216980 (ACR Bill)<br>2/22-23 തീയതി07.01.23 തുക 34641 (ട്രഷറി ബിൽ)<br>3/22-23 തീയതി07.01.23 തുക 57723 (ട്രഷറി ബിൽ) |

ക്ഷീര വികസന വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്ഷീര സംഘങ്ങളിൽ പാൽ നൽകുന്ന കിളിമാനൂർ ഗ്രാമ പഞ്ചായത്തിലെ ക്ഷീര കർഷകർക്ക് അവർ ക്ഷീര സംഘങ്ങളിൽ അളക്കുന്ന പാലിന്റെ അളവ് അനുസരിച്ച് ഒരു ലിറ്റർ പാലിന് 3 രൂപയിൽ അധികരിക്കാതെ പരമാവധി 40000 രൂപ സബ്സിഡി തുക കർഷകരുടെ ബാങ്ക് അക്കൌണ്ടിലേക്ക് നൽകുന്നു. ഇതു വഴി കൂടുതൽ ആളുകളെ ഈ മേഖലയിലേക്ക് ആകർഷിക്കുകയും പാലുൽപാദനം വർദ്ധിപ്പിക്കുന്നത് വഴി ക്ഷീര മേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്.

പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകങ്ങൾ കാണുന്നു.

പദ്ധതി പ്രകാരം തുക കൈപ്പറ്റിയ ഗുണഭോക്താക്കളിൽ ആരുടേയും അപേക്ഷകൾ , റേഷൻ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ വിശദാംശം എന്നിവ ലഭ്യമാക്കിയില്ല.സ ഉ (കൈ) നം-115/2022 തിയ്യതി- 28-5-22 ഖണ്ഡിക-6-3-9 പ്രകാരം ഒരു കുടുംബത്തിലെ ഒരു ക്ഷീര കർഷകന് മാത്രമെ ധനസഹായം നൽകാൻ പാടുള്ളൂവെന്നും , ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ടവരെ ഒരു കുടുംബമായി പരിഗണിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഫയലിൽ അപേക്ഷ ലഭ്യമല്ലാത്തതിനാൽ മേൽ വ്യവസ്ഥ പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. പാലളവു സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയ അക്കൌണ്ട് നമ്പർ ഗുണഭോക്താവിന്റേത് തന്നെയാണോ എന്ന് പരിശോധിക്കുവാൻ, ബാങ്ക് പാസ്ബുക്കിന്റെ കോപ്പിയുടെ അഭാവത്തിൽ സാധിക്കുന്നില്ല. ഓഡിറ്റ് എൻക്വയറി നമ്പർ 49/17-11-23 പ്രകാരം

അനുബന്ധ രേഖകൾ ലഭ്യമാക്കുന്നതിനായും ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കുകയോ രേഖകൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. രേഖകളുടെ അഭാവത്തിൽ 592364 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

### 1-41 ദുരന്ത നിവാരണ പ്രവർത്തനങ്ങൾ - മാർഗ്ഗരേഖ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ശ്രദ്ധപുലർത്തേണ്ടതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രാദേശികവും സാമൂഹ്യാധിഷ്ഠിതവുമായ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് സംബന്ധിച്ച് 4.12.2019 ലെ സ.ഉ(കൈ) 156/2019/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം നിർദേശം പുറപ്പെടുവിച്ചിരുന്നു. കൂടാതെ, ദുരന്ത നിവാരണ പദ്ധതിരേഖ തയ്യാറാക്കുന്നതിന് ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു ഏകീകൃത ടെമ്പ്ലേറ്റ് അംഗീകരിച്ച് 14.1.2020 ലെ സ.ഉ(കൈ)14/2020 ത.സ്വ.ഭ.വ നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും ദുരന്തനിവാരണ പദ്ധതി തയ്യാറാക്കേണ്ടതും പ്രസ്തുത പദ്ധതിയിൽ ദുരന്ത പ്രതിരോധത്തിനുള്ള തയ്യാറെടുപ്പുകൾ, ലഘൂകരണ പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടുത്തേണ്ടതുമാണ്. മേൽ സർക്കാർ ഉത്തരവുകൾ പ്രകാരം താഴെ ചേർക്കുന്ന പ്രവർത്തനങ്ങൾ പഞ്ചായത്തിൽ നടത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

1) അടിയന്തിര പ്രതികരണ ടീമിന്റെ (Emergency Response Team)രൂപീകരണം

2) ജൈവവൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം എന്നീ വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾ

3) ലോക്കൽ റിസോഴ്സ് ഗ്രൂപ്പ്(LRG) രൂപീകരണവും പ്രവർത്തനവും

4) ദുരന്തനിവാരണ പദ്ധതി രൂപീകരണം, അംഗീകാരം, വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തൽ തുടങ്ങിയവ

5)ദുരന്ത നിവാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കിലയുടെ ആഭിമുഖ്യത്തിൽ പരിശീലന പരിപാടി

ഇത്തരം പരിപാടികൾ 2022-23 വർഷം നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം.54/18.11.23 മുഖേന ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മാർഗ്ഗരേഖ പ്രകാരമുള്ള ദുരന്ത നിവാരണ പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിന് ശ്രദ്ധ പുലർത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | മുന്നിരിപ്പ് | വരവ് | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 849641 | | (70/23)കേദാരം സമഗ്ര നെൽകൃഷി വികസനം | 333625 | |

| | | | | | | |
|---|---|---|---|---|---|---|
| | | 0 | | (43/23)ന്യൂ ലൈഫ് എസ്.സി പി | 320000 | 0 |
| | | 0 | | (122/23)സ്നേഹസ്പർശം മാനസിക വെ(122/23)സ്നേഹസ്പർശം മാനസിക വെല്ലുവിളി - സ്കോളർഷിപ്പ്ലുവിളി - സ്കോളർഷിപ്പ് | 256500 | 0 |
| | | 0 | | ക്ഷീരസമൃദ്ധി ജനറൽ | 34641 | 0 |
| | | 849641 | 1187016 | | 944766 | 573016* |
| | | | | | | |
| ജില്ലാ പഞ്ചായത്ത് | 2022-23 | 0 | | (70/23)കേദാരം സമഗ്ര നെൽകൃഷി വികസനം | 333625 | 0 |
| | | 0 | | (87/23)ഹരിത ഭവനം | 28000 | 0 |
| | | 0 | | (68/23)ലൈഫ് എസ്.സി | 720000 | 0 |
| | | 0 | | (43/23) ന്യൂലൈഫ് എസ്.സി | 400000 | |
| | | 0 | | (122/23)സ്നേഹസ്പർശം മാനസിക വെല്ലുവിളി - സ്കോളർഷിപ്പ് | 256500 | |
| | | 0 | | ക്ഷീരസമൃദ്ധി ജനറൽ | 57723 | 0 |
| ആകെ | | 85878 | 1795848 | | 2038098 | 85878** |

| | 2021-22 B-4,ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2022-23, I-6 പ്രകാരം വരവ് | ആകെ | സുലേഖ പത്രിക പ്രകാരം ചെലവ് | 2022-23 B-4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 849641 | 1187016 | 2036657 | 944766 | *573016 | 1091891 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 85878 | 1795848 | 1881726 | 2038098 | **85878 | (-156372) |

*ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ B-4 ഷെഡ്യൂൾ പ്രകാരം ഉള്ള നീക്കിയിരിപ്പും ( 573016) യഥാർത്ഥ നീക്കിയിരിപ്പും (1091891) പൊരുത്തപ്പെടുന്നില്ല.

** ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ 2021-22 വർഷത്തെ തുക തന്നെയാണ് 2022-23 വർഷവും അവശേഷിക്കുന്നത്. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് വരവിനേക്കാൾ കൂടുതലാണ്. യഥാർത്ഥ നീക്കിയിരിപ്പ് നെഗറ്റീവാണ്(-156372)

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | മുൻ ബാക്കി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി തുക | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത് | നീക്കിയിരിപ്പ് തുക |
|---|---|---|---|---|---|---|---|
| | | 2022-23 | | | | | |
| കേരള വാട്ടർ അതോറിറ്റി | 5538160 | 4/23-കെ.ഡബ്ല്യൂ.എ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 1617000 | - | 1617000 | 0 | 7155160 |
| | | ആകെ | | | 1617000 | | |

| | 2021-22 B-18 , ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2022-23 വർഷത്തെ നിക്ഷേപം RP-47 | ആകെ | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത് | നീക്കിയിരിപ്പ് | 2022-23 B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 5538160 | 1617000 | 7155160 | 0 | 7155160 | 7155160 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാ തിരിച്ചടവ്

| വായ്പ വിവരം | ഉത്തരവ്/ നമ്പർ/ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KURDFC | സ.ഉ.(കൈ)68/2018/ തസ്വഭവ തീ.18.05.2018 | 19557442 | 2950000 | 3118532 | 19388910 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2012-13 | 3.9 | 2014 | 4.1.4 | പോങ്ങനാട് സ്കൂൾ കോമ്പൗണ്ട് മാലിന്യ സംസ്കരണ പ്ലാന്റ് | |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 20803265 |
| ഓഡിറ്റ് വർഷത്തെ വരവ് | 33014098 |
| ആകെ | 53817363 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 34469463 |
| നീക്കിയിരിപ്പ് | 19347900 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 592364 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-40 | 592364 | ശ്രീ. സനൽ കുമാർ, ഡയറി ഫാം ഇൻസ്ട്രക്ടർ |
| ആകെ | 592364 | |

ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം.

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം) | സ്ഥിരംമേൽവിലാസം |
|---|---|---|---|
| 1 | ശ്രീ. സനൽ കുമാർ, ഡയറി ഫാം ഇൻസ്ട്രക്ടർ | ഡയറി ഫാം ഇൻസ്ട്രക്ടർ കിളിമാനൂർ ഗ്രാമ പഞ്ചായത്ത് | കൃഷ്ണ വിഹാർ, ആറാംമട പി.ഒ, കുന്നപ്പുഴ, തിരുവനന്തപുരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2001-02 | കെ.എസ്.എ.റ്റി.വി.എം/ ജിപി11/ 679 /2022തീയതി: 01.11.2022 | 1 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ ജിപി11/ 679 /2022തീയതി: 01.11.2022 | 1 |
| 2008-09 | കെ.എസ്.എ.റ്റി.വി.എം/ ജിപി11/ 679 /2022തീയതി: 01.11.2022 | 2 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ ജിപി11/ 679 /2022തീയതി: 01.11.2022 | 1 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം/ ജിപി11/ 679 /2022തീയതി: 01.11.2022 | 4 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം/ ജിപി11/ 679 /2022തീയതി: 01.11.2022 | 4 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ ജിപി11/ 679 /2022തീയതി: 01.11.2022 | 1 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.11/679/22 തീയതി:01.11.2022 | 1 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.11/679/22 തീയതി:01.11.2022 | 6 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.9/1846/2018 തീയതി.7.9.19 | 18 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.9/1703 /2019 തീയതി 17.12.20 | 18 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം.ജി.പി.9/1378 /2021 തീയതി | 53 |
| 2020- 21 | കെ.എസ്.എ.റ്റി.വി.എം.ജി.പി.9/1472 /2021 തീയതി 07.12.2021 | 78 |
| 2021- 22 | കെ.എസ്.എ.റ്റി.വി.എം.ജി.പി.9/1550 /2022 തീയതി 27.1.2023 | |

**ഡെപ്യൂട്ടി ഡയറക്ടർ,**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 3/1 dated 29-07-2023 and submitted on 29-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Kilimanoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kilimanoor Grama Panchayat for the year 2022-2023

**Date: 24/12/2023**

**Deputy Director(H.G)**
**District Office Trivandrum**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Kilimanoor Grama Panchayat for the Year 2022-2023 .

**1.Major Observations**

1. Deficit balance for the institution - Expendture (148329176) exceeds Income (146945015) as per Income & Expenditure Statement.

**2.Other Observations**

1. The financial ratios, notes to accounts are not submitted for audit.

2. Statement related to B-1 Schedule (Adjusted performance for the current year) has not been submitted with the annual financial statement.

3. Lapses in making timely and accurate demand entries in respect of tax revenue.

4. The valuation of stock and stores are not done at the end of the financial year and no amount is included in the B-14 Stock in hand (inventories) schedule.

5.MGNREGS grant amount shown as liability in balance sheet (B4 schedule, Rs.1323162) does not match with the bank account balance (Rs. 2317) opened for the same.

6. No provision is recorded in balance sheet (B-9 schedule) for unrealized expenditure during the financial year such as Honorarium of members, fuel charges etc
7.Details of the following accounts started during 2022-23 are not included in RP 40(b) Schedule.

1) Canara Bank A/c No. 3475101010687

2) Canara Bank A/c No. 110101130397

8. As per the reconcillation statement (march 2023), cheques issued (A/c No.20041201200020, number of cheques 6,for Rs 8404) and for more than three months for cheques issued for more than 3 months were not transferred to stale cheque account.

9. Excess collection in respect of licence fees dangerous and offensive traders (arrear) with no sufficient demand entry in respective head.

10. The amounts received as Source deduction from the item fines and penalties have not been deposited in the ownfund

11. Cash flow statement-Net increase/decrease in cash and cash equivalents(-1455365) doesnot match with the net cash generated through operating, financing and investing activities(9070249).

12. DCB Statement of property tax does not match with the respective amounts in the AFS.

13. The value of assets created during the year- The figures in Annual financial statement and depreciation statement do not match.

14. CFC grant shown as liability in Balance sheet (Rs. 3432145/-) does not match with the Bank account (Rs. 3536075/-) opened for the same. There is a difference of Rs. 103930/- which is to be explained.
15.An amount of Rs 242250/-received as District panchayath share for joint venture project was wrongly credited to Block panchayath share. Hence there is a mismatch in the entries related to joint venture projects in AFS .

16. The amount given as part bill for capital work as per the statement given by Assistant Engineer (Rs.338961) does not match with the Capital Work in Progress Schedule B-11 (b) of AFS (6,50,000).

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കിളിമാനൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്